# ഖുർആനും ശാസ്ത്രവും

## ഡോ. കാംപെലിന്റെ ആരോപണങ്ങൾക്ക് മറുപടി

ടി ടി എ റസാഖ്

ദ ട്രൂത്ത്
സെന്റർ ഫോർ ഡിവൈൻ എജ്യൂക്കേഷൻ
മർകസുദ്ദഅ്‌വ, കണ്ടംകുളം റോഡ്, കോഴിക്കോട്-2

Sponsored by:

**QATAR INDIAN ISLAHI CENTRE**
PO Box No. 18307, Doha - Qatar
Tel: +9744358739, Fax: +9744416422
email: info@islahiqatar.org, www.islahiqatar.org

¼ÇMTºdG¿›MTºdGÂ¸ dG¼¡•H

## പ്രസാധക കുറിപ്പ്

ഭൂമി, സൂര്യൻ, ചന്ദ്രൻ, ഇതര ഗോളങ്ങൾ, ഇവയുൾക്കൊള്ളുന്ന സൗരയൂഥം! നിരവധി സൗരയൂഥങ്ങൾ വേറെയും! പ്രപഞ്ചത്തിന്റെ ഈ വ്യവസ്ഥാപിത ഭാവം, ഇതിനു പിറകിലെ ഒരു സ്രഷ്ടാവിലേക്കും നിയന്താവിലേക്കും വിരൽചൂണ്ടുന്നു. സ്രഷ്ടാവും നിയന്താവുമായ ആ ശക്തിയത്രെ ദൈവം. ഇവിടെ നിരവധി ജീവജാലങ്ങളുണ്ട്. പക്ഷെ വിശേഷബുദ്ധിയുള്ള വർഗ്ഗം ഒന്നുമാത്രം; മനുഷ്യർ! എന്തുകൊണ്ട് മനുഷ്യനു മാത്രം ദൈവം വിശേഷബുദ്ധി നല്കി? ഭൗതികമായ നിർവചനങ്ങളൊന്നും തൃപ്തികരമല്ല. മനുഷ്യജീവിതത്തിന്റെ ലക്ഷ്യമെന്ത്? മനുഷ്യനെങ്ങനെ ജീവിക്കണം? എന്താണ് ധർമാധർമങ്ങൾ? മൗലികമായ ഈ ചോദ്യങ്ങൾക്ക് ഭൗതിക പ്രത്യയശാസ്ത്രങ്ങൾക്കോ തത്വശാസ്ത്രങ്ങൾക്കോ ഉത്തരങ്ങളില്ല.

ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളാണ് ദൈവദൂതന്മാരിലൂടെ പ്രപഞ്ച സ്രഷ്ടാവായ ദൈവം വേദഗ്രന്ഥങ്ങൾ വഴി മനുഷ്യർക്കായി നല്കിവന്നത്. മനുഷ്യരെ നേർപഥത്തിൽ നയിക്കാൻ നിരവധി വേദഗ്രന്ഥങ്ങൾ ദൈവം അവതരിപ്പിച്ചിട്ടുണ്ട്. ധാരാളം പ്രവാചകന്മാരെ നിയോഗിച്ചിട്ടുമുണ്ട്. അവസാനത്തെ ദൈവദൂതനത്രെ മുഹമ്മദ് നബി. അവസാനത്തെ വേദഗ്രന്ഥമാണ് വിശുദ്ധഖുർആൻ. ദൈവം ദൈവത്തിന്റെ ദർശനത്തിനു നല്കിയ പേര് 'ഇസ്‌ലാം' എന്നത്രെ. സമർപ്പണം, സമാധാനം, അനുസരണം എന്നൊക്കെയാണ് ഇസ്‌ലാം എന്ന പദത്തിന്റെ അർഥം. ദൈവിക ദർശനത്തിലൂടെ മാത്രമേ യഥാർഥമോക്ഷം കൈവരിക്കാൻ സാധിക്കുകയുള്ളൂ എന്ന് ദൈവം നമ്മെ അറിയിച്ചു. ദൈവിക സന്ദേശം ജനങ്ങളിലേക്കെത്തിച്ചു കൊടുക്കാനുള്ള ഒരു എളിയ സംരംഭമത്രെ ദ ട്രൂത്ത്, സത്യാന്വേഷണ രംഗത്ത് ഈ കൃതി താങ്കൾക്ക് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

14-02-2007

*ഡയറക്ടർ*
*ദ ട്രൂത്ത്*

## ആമുഖം

വില്യം കാംപെൽ എം ഡി (പെൻസിൽ വാനിയ, യു എസ് എ) മൊറോക്കോയിലും തുനീഷ്യയിലും ദീർഘകാല വൈദ്യസേവനമനുഷ്ഠിച്ച ശേഷം ഇപ്പോൾ അമേരിക്കയിൽ വിശ്രമജീവിതം നയിക്കുന്നു. അദ്ദേഹം ഡോ. മോറിസ് ബുക്കായിയുടെ 'ഖുർആൻ, ബൈബിൾ, ശാസ്ത്രം' എന്ന ഗ്രന്ഥത്തിന് മറുപടിയായി ഖുർആനും ശാസ്ത്രവും എന്ന ഒരു വിമർശന പഠനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അമേരിക്ക, മൊറോക്കോ, തുനീഷ്യ പോലുള്ള നാടുകളിൽ ഈ കൃതി നേരത്തെ തന്നെ ലഭ്യമാണ്. ഈ കൃതി പുറത്തുവന്ന ശേഷം ഇസ്‌ലാമിക് സർക്കിൾ ഓഫ് നോർത്ത് അമേരിക്ക (ഐ സി എൻ എ) എന്ന ഒരമേരിക്കൻ മുസ്‌ലിം സംഘടന ഡോ. വില്യം കാംപെലിനെതിരെ ഡോ. സാകിർ നായിക്, ഡോ. ജമാൽബദ്‌വി തുടങ്ങിയ പണ്ഡിതന്മാരെ അണിനിരത്തിക്കൊണ്ട് അമേരിക്കയിലെ ചിക്കാഗോയിൽ സംഘടിപ്പിച്ച സംവാദം 'Dialogue 2000' എന്ന പേരിൽ പ്രസിദ്ധമാണ്. ഇസ്‌ലാമിക് റിസർച്ച് ഫൗണ്ടേഷൻ (ഐ ആർ എഫ്-ബോംബെ) ഇതിനെ വിശേഷിപ്പിച്ചിട്ടുള്ളത് A resounding Success എന്നാണ്. ഡോ. കാംപെലിന്റെ ഖുർആൻ വിമർശന കൃതിയുടെ മലയാളം, ഇംഗ്ലീഷ് പതിപ്പുകൾ ഇപ്പോൾ ക്രൈസ്തവ കേന്ദ്രങ്ങൾ വിറ്റുവരുന്നുണ്ട്. തുച്ഛമായ വിലയ്ക്ക് ലഭിക്കുന്ന ഈ കൃതിയുടെ മലയാളം ടൈറ്റിൽ 'ഖുർആനും ശാസ്ത്രവും' എന്നാണ്. ഖുർആനിലെ ശാസ്ത്ര സത്യങ്ങൾ വിവരിക്കുന്ന കൃതിയാണ് എന്ന തെറ്റിദ്ധാരണയോടെയായിരിക്കും ഇത് പലരും വാങ്ങിയിരിക്കുക. ഖുർആന്റെ 'അശാസ്ത്രീയത' സ്ഥാപിക്കാൻ പ്രസ്തുത കൃതിയിൽ ഡോ. കാംപെൽ ഉന്നയിച്ചിരിക്കുന്ന പല കാര്യങ്ങളും ഡോ. മോറിസ് ബുക്കായി, ഡോ. കീത്ത് മൂർ, ഡോ. മുഹമ്മദലി അൽബാർ, ഡോ. സാകിർനായിക്, അബ്ദുല്ല യൂസുഫ് അലി തുടങ്ങിയ പലരും നേരത്തെ തന്നെ ചർച്ച ചെയ്തവയാണ്. മലയാളത്തിലും ഇംഗ്ലീഷിലും പ്രചാരമുള്ള ഖുർആൻ വ്യാഖ്യാനങ്ങൾ പരിശോധിച്ചാലും അദ്ദേഹത്തിന്റെ പല ആരോപണങ്ങളുടെയും യാഥാർഥ്യം മനസ്സിലാക്കാവുന്നതേയുള്ളൂ. കൂടാതെ ചിക്കാഗോയിലെ 'Dialogue 2000' വേദിയിൽ ഡോ. സാകിർനായിക് നടത്തിയ നേർഖണ്ഡ

നങ്ങൾക്ക് മുമ്പിൽ പരുങ്ങിയ ഡോ. കാംപെൽ ഈ വിഷയങ്ങളിലുള്ള തന്റെ അല്പജ്ഞാനത്തെയാണ് പ്രതിനിധീകരിച്ചത്. ഈ കൃതിയിൽ പരാമർശിച്ച ഏതാനും കാര്യങ്ങൾ മാത്രമാണ് കാംപെൽ സംവാദ വേദിയിൽ ഉന്നയിച്ചത്. ബൈബിളിന്റെ ശാസ്ത്രീയത സംബന്ധിച്ച് വേദിയിൽ നിന്നും സദസ്സിൽ നിന്നും ഉന്നയിച്ച ചില ചോദ്യങ്ങൾക്ക് ബൈബിളിൽ തനിക്ക് വിശദീകരിക്കാൻ കഴിയാത്ത പല പ്രശ്നങ്ങളുമുണ്ട്, എങ്കിലും താനത് വിശ്വസിക്കുന്നു എന്ന് ഒന്നിലധികം തവണ അദ്ദേഹം തുറന്ന് സമ്മതിക്കുന്നതും കാണാവുന്നതാണ്. ഡോ. കാംപെൽ തന്റെ കൃതിയിൽ ഖുർആനിനെതിരെ ഉന്നയിച്ച ആരോപണങ്ങളുടെ നിജസ്ഥിതി ഈ വിഷയത്തിലുണ്ടായിട്ടുള്ള പഠനങ്ങളുടെയും ഖുർആൻ വിവരണങ്ങളുടെയും വെളിച്ചത്തിൽ പരിശോധിക്കുക മാത്രമാണീ ഗ്രന്ഥം കൊണ്ടുദ്ദേശിക്കുന്നത്.

**ടി ടി എ റസാഖ്**
പുത്തൂർ



# ഖുർആനും ശാസ്ത്രവും

ഖുർആൻ ഒരു മാർഗദർശന ഗ്രന്ഥമാണ്. ഏതെങ്കിലും ശാസ്ത്ര വിഷയങ്ങൾ ജനങ്ങളെ ഉദ്ബോധിപ്പിക്കുകയല്ല അതിന്റെ ലക്ഷ്യം. എന്നാൽ ധാരാളം പ്രാപഞ്ചിക പ്രതിഭാസങ്ങളെ അന്യൂനമായ ദൈവിക വ്യവസ്ഥകൾ അഥവാ ദിവ്യാനുഗ്രഹങ്ങളും ദൃഷ്ടാന്തങ്ങളുമായി ഖുർആൻ പരിചയപ്പെടുത്തുന്നുണ്ട്. അവ സാധാരണക്കാരെ സംബന്ധിച്ചേടത്തോളം ലളിതമാണ്, എന്നാൽ ആശയ സമ്പുഷ്ടവുമാണ്. ശാസ്ത്രജ്ഞാനമില്ലാത്ത ഒരു പൗരാണിക നിരീക്ഷകന്നോ കുറ്റമറ്റ ശാസ്ത്രീയ സംവിധാനങ്ങളുപയോഗിക്കുന്ന ഒരു ആധുനിക നിരീക്ഷകന്നോ ഈ വിവരണങ്ങളിൽ അശാസ്ത്രീയമോ അവാസ്തവികമോ ആയി ഒന്നും ദർശിക്കുക സാധ്യമല്ല എന്നതാണ്

ഖുർആനും ശാസ്ത്രവുമായുള്ള ബന്ധം. അതുകൊണ്ടുതന്നെ ഖുർആനിൽ പരാമർശിച്ച ഭൗതിക പ്രതിഭാസങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ അവ തെളിയിക്കപ്പെട്ട ശാസ്ത്രതത്ത്വങ്ങളുമായി എത്രമാത്രം യോജിച്ചുപോവുന്നു എന്നുള്ള അന്വേഷണങ്ങളിലേക്കും പഠനം നീണ്ടുപോവുക സ്വാഭാവികമാണ്. അത്തരം പഠനങ്ങൾ ഖുർആനിന്റെ അജയ്യത ആവർത്തിച്ചുറപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ഖുർആന്റെ അമാനുഷികതയ്ക്കുള്ള മറ്റൊരു തെളിവായി മുസ്‌ലിംകൾ അത് കണക്കാക്കുകയും ചെയ്യുന്നു. ഇന്നത് ഖുർആനും ശാസ്ത്രവും എന്ന നിലയ്ക്കുള്ള ഒരു പഠനശാഖയായി വളർന്നു കഴിഞ്ഞു.

അത് പക്ഷേ ഖുർആനിന്റെ മുഖ്യ സന്ദേശമായ ഏക ദൈവവിശ്വാസവുമായി ബന്ധപ്പെട്ട ചർച്ചയുടെ ഭാഗം മാത്രമാണ്. കേവല ശാസ്ത്രമോ ചരിത്രമോ അല്ല. ഈ ഒരു ഭൂമികയിൽ നിന്നുകൊണ്ടാണ് ഡോ. വില്യം കാംപെൽ ഖുർആനെതിരെ ഉന്നയിച്ച ആരോപണങ്ങളുടെയും വെല്ലുവിളികളുടെയും നിജസ്ഥിതി നാം പഠന വിധേയമാക്കുന്നത്.

## ഖുർആനിലെ ജലപരിവൃത്തി

കടൽജലം ബാഷ്പീകരിച്ച് കാർമേഘങ്ങളായി മാറുകയും അനുയോജ്യമായ സാഹചര്യത്തിൽ അവ തണുത്ത് മഴയായി പെയ്യുകയും വീണ്ടും ഈ പ്രക്രിയ ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന പ്രതിഭാസമാണ് ശാസ്ത്രീയമായി ജലപരിവൃത്തി എന്ന് പറയാം. മഴയും മേഘവുമായി ബന്ധപ്പെട്ട നിരവധി പരാമർശങ്ങൾ ഖുർആനിൽ കാണാവുന്നതാണ്. മഴയെ സംബന്ധിച്ച ഖുർആനിക വിവരണങ്ങൾ തികച്ചും ശാസ്ത്രീയമാണ് എന്നുള്ള ഡോ. മോറിസ് ബുക്കായിയുടെ വിവരണങ്ങളെ ഖണ്ഡിക്കാൻ ശ്രമിച്ചുകൊണ്ടാണ് കാംപെൽ വിഷയത്തിലേക്ക് വരുന്നത്. കാംപെലിന്റെ ആരോപണങ്ങൾ കാണുക:

"മഴയും മേഘവുമായി ബന്ധപ്പെട്ട ഖുർആനിലെ ആശയങ്ങൾ ശരിതന്നെയാണ്. ഇതൊക്കെ സാധാരണ നിരീക്ഷണങ്ങൾ കൊണ്ട് മനസ്സിലാക്കാവുന്നതേയുള്ളൂ. എന്നാൽ ബാഷ്പീകരണം വഴിയാണ് മഴമേഘങ്ങളുണ്ടാവുന്നത് എന്ന കാര്യം സാധാരണ നിരീക്ഷണത്തിൽ മനസ്സിലാവുന്നതല്ല. ഇത് ഖുർആൻ പരാമർശിക്കേണ്ടതായിരുന്നു. പക്ഷേ ഈ വിഷയത്തിൽ ബാഷ്പീകരണം സംബന്ധിച്ച് ഖുർആൻ ഒന്നും പറയുന്നില്ല. 'നിങ്ങൾക്ക് മീതെ ഏഴ് ആകാശങ്ങൾ നിർമിക്കുകയും കത്തിജ്വലിക്കുന്ന ഒരു വിളക്ക് നാം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. കാർമേഘങ്ങളിൽ നിന്ന് കുത്തിയൊലിക്കുന്ന വെള്ളം നാം ഇറക്കുകയും ചെയ്തു' (78:12-14) എന്ന വചനത്തിൽ സൂര്യനെ തുടർന്നു മഴമേഘത്തെക്കുറിച്ച് പറഞ്ഞത് ബാഷ്പീകരണവുമായി ബന്ധപ്പെട്ട സൂചനയാണെന്ന് ഡോ. ബശീർ ടോർക്കി (ന്യൂക്ലിയാർ സയിന്റിസ്റ്റ്-തുനീഷ്യ)യുടെ വ്യാഖ്യാനം തെറ്റാണെന്ന് പറയാൻ പറ്റില്ലെങ്കിലും അതൊരു അടിസ്ഥാന സങ്കല്പം സൃഷ്ടിക്കലാണ്. അന്നത്തെ അറബികൾക്ക് ഈ ബന്ധമൊന്നും മനസ്സിലാവില്ല. എന്നാൽ ഹിജ്റയ്ക്ക് 1300 വർഷം മുമ്പെ ജീവിച്ച ആമോസ് പ്രവാചകന്റെയും യശയ്യാ പ്രവാചകന്റെയും വചനങ്ങളിലും ഹിജ്റയ്ക്ക് 1000 വർഷം മുമ്പ് ജീവിച്ച ഇയ്യോബ് പ്രവാചകന്റെയും വചനങ്ങളിലും ഇക്കാര്യം (ബാഷ്പീകരണം) വ്യക്തമാക്കുന്നുണ്ട്." (കടലിനെ വിളിച്ചുവരുത്തി മഴ പെയ്യിക്കുക, നീർത്തുള്ളി മുകളിലേക്ക് വലിച്ചെടുക്കുക, മഴയും മഞ്ഞും ഭൂമിയെ നനക്കാതെ മടങ്ങിപ്പോവില്ല തുടങ്ങിയ തോറ പഴയനിയമത്തിലെ പരാമർശങ്ങൾ അദ്ദേഹം ഉദ്ധരിച്ചിരിക്കുന്നു.)

ഖുർആൻ ജലപരിവൃത്തിയുമായി ബന്ധപ്പെട്ട് എന്തുപറയുന്നുവെന്ന് നമുക്ക് പരിശോധിക്കാം. ഖുർആൻ അവതരണകാലത്ത് മഴയും ഭൂഗർഭജലവുമായി ബന്ധപ്പെട്ട് പല അബദ്ധധാരണകളുമാണുണ്ടായിരുന്നത്. അവയൊന്നും ഖുർആനിൽ കടന്നുകൂടിയില്ല എന്നതാണീ വിഷയത്തിലെ ആദ്യപാഠം. ഉദാഹരണത്തിന് ബി സി 7ാം നൂറ്റാണ്ടിൽ തെൽസ് വിശ്വസിച്ചിരുന്നത് കാറ്റിന്റെ ശക്തിയിൽ കടൽജലം ഭൂഖണ്ഡങ്ങളെ തുളച്ചുകയറിയാണ് ഭൂഗർഭജലം രൂപപ്പെടുന്നത് എന്നായിരുന്നു. ഇവ വൻ പാതാള ഗർത്തങ്ങൾ വഴി കടലിലെത്തുകയും വീണ്ടും ഈ പ്രക്രിയ ആവർത്തിക്കുകയും ചെയ്യുന്നു എന്നും വിശ്വസിക്കപ്പെട്ടു. മലമുകളിൽ രൂപം പ്രാപിക്കുന്ന തണുത്തുറഞ്ഞ ഖരജലം അവയ്ക്കടിയിൽ തടാകങ്ങൾ സൃഷ്ടിക്കുകയും ഇവ ഭൂമിയിൽ ഉറവകളുണ്ടാക്കുകയും ചെയ്യുന്നു എന്നും സിദ്ധാന്തിക്കപ്പെട്ടിരുന്നു. (Encyclo pedia Universalis-Hydrology) അഥവാ അക്കാലത്ത് ജലപരിവൃത്തി എന്ന് പറയാവുന്ന ഒരു സങ്കല്പം തന്നെ ഇല്ലായിരുന്നു. ഖുർആൻ അവതരണ കാലത്തിനും ഏറെക്കഴിഞ്ഞ് എ ഡി 1580ലാണ് പാലിസ്സി ഭൂഗർഭജലം മഴവെള്ളവുമായി ബന്ധപ്പെട്ടതാണെന്നഭിപ്രായപ്പെടുന്നത്. എന്നാൽ ഖുർആൻ പറയുന്നത് കാണുക: "നീ കണ്ടില്ലേ, അല്ലാഹു ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞു. എന്നിട്ട് ഭൂമിയുടെ ഉറവിടങ്ങളിൽ അതവൻ പ്രവേശിപ്പിച്ചു. അനന്തരം വ്യത്യസ്ത വർണങ്ങളിലുള്ള വിള അവൻ ഉല്പാദിപ്പിക്കുന്നു." (39:21)



മറ്റൊരു ഖുർആൻ വചനം പരിശോധിക്കുക: "അല്ലാഹു കാർമേഘത്തെ തെളിച്ചുകൊണ്ടുവരികയും എന്നിട്ടത് തമ്മിൽ സംയോജിപ്പിക്കുകയും എന്നിട്ടതിനെ അവൻ അട്ടിയാക്കുകയും ചെയ്യുന്നത് നീ കണ്ടില്ലേ. അപ്പോൾ അതിനിടയിലൂടെ മഴ പുറത്തുവരുന്നത് നിനക്ക് കാണാം." (18:43) സൂക്ഷ്മ വിശകലനത്തിൽ സാധാരണ നിരീക്ഷകന് മനസ്സിലാവാത്ത സങ്കീർണ പ്രക്രിയകൾ മഴയുമായി ബന്ധപ്പെട്ട് മേൽ വചനത്തിൽ പരാമർശിച്ചിരിക്കുന്നത് കാണാൻ കഴിയും. അവ താഴെ പറയുന്നു:

1. കാറ്റ് ചെറു മേഘങ്ങളെ മുന്നോട്ടു തെളിക്കുന്നു. (Cumulus clouds)
2. ചെറുമേഘങ്ങൾ ഒരുമിച്ചുകൂടി വൻ മേഘങ്ങളായി മാറുന്നു. (Cumulonimbus clouds)
3. അതിലൂടെ മഴ പുറത്തുവരുന്നു.



*അട്ടിയാക്കപ്പെട്ട വൻമേഘ കൂമ്പാരത്തിൽ നിന്ന് മഴത്തുള്ളികൾ പുറത്തുവരുന്നു.*

*(Weather and Climet, Bodin Savte-1978, page 123)*

ശാസ്ത്രീയമായി പറഞ്ഞാൽ വൻ മേഘത്തിന്റെ കേന്ദ്രഭാഗത്ത് നിന്ന് മുകളിലേക്കുണ്ടാവുന്ന വായുപ്രവാഹം കൂടുതൽ തണുത്ത വശങ്ങളിൽ നിന്നുള്ളതിനേക്കാൾ ശക്തമായിരിക്കും. അപ്പോൾ മേഘം ലംബദിശയിൽ വളർന്ന് പൊങ്ങി (അട്ടിയാക്കപ്പെടുക) കൂടുതൽ തണുത്ത മേഖലകളിലേക്ക് വ്യാപിക്കുന്നു. തുടർന്ന് വെള്ളത്തുള്ളിയും ഐസ് കണങ്ങളും കുമിഞ്ഞുകൂടി വായുപ്രവാഹത്തിന് താങ്ങി നിർത്താൻ പറ്റാത്ത വിധം ഭാരംവർധിക്കുന്നതിന്റെ ഫലമായി മഴയും മഞ്ഞുകട്ടയുമായി അവ പെയ്തിറങ്ങുന്നു. മറ്റൊരു ഖുർആൻ വചനം കാണാം: "അവൻ പർവത സമാനമായ മേഘകൂമ്പാരങ്ങളിൽ നിന്ന് ആലിപ്പഴം ഇറക്കുകയും അവൻ ഉദ്ദേശിച്ചവർക്കതിൽ നിന്ന് ആഘാതമേല്പിക്കുകയും അവനുദ്ദേശിക്കുന്നവരിൽ നിന്നത് തിരിച്ചുവിടുകയും ചെയ്യുന്നു...." കാറ്റും മഴയും മഴ മേഘങ്ങളുമായി ബന്ധപ്പെട്ട ഖുർആനിക വിവരണങ്ങളിൽ അശാസ്ത്രീയമായി ഒന്നുമില്ലെന്ന് മാത്രമല്ല ശാസ്ത്രം ഇന്ന് മനസ്സിലാക്കിയ ചില സങ്കീർണഘട്ടങ്ങളെക്കൂടി അതുൾക്കൊള്ളുന്നുവെന്നും മേൽ വചനങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു.

എന്നാൽ ഡോ. കാംപെലിന്റെ ആരോപണം മഴയുമായി ബന്ധപ്പെട്ട് ബാഷ്പീകരണത്തെക്കുറിച്ച് ഖുർആൻ എന്തുകൊണ്ട് പറഞ്ഞില്ല എന്നാണ്. പറഞ്ഞേടത്തോളം അശാസ്ത്രീയമായി ഒന്നുമില്ല എന്നദ്ദേഹവും സമ്മതിക്കുന്നുണ്ട്. ഖുർആൻ 86ാം അധ്യായം 11ാം വചനത്തിൽ ഇപ്രകാരം കാണാം: "ആവർത്തിച്ചു മഴ പെയ്യിക്കുന്ന ആകാശം തന്നെയാണ് സത്യം." (86:11) ഈ വചനത്തിലെ സൂചന മഴയുടെ മടക്കത്തെക്കുറിച്ചാണ്. ഈ മടക്കവും ആവർത്തനവും സാധ്യമാവുന്നത് ഇന്ന് നാമറിയുന്ന ബാഷ്പീകരണം വഴിയാണല്ലോ. ഖുർആൻ ജലപരിവൃത്തിയുടെ ഈ ഒരു ഘട്ടത്തെക്കുറിച്ചും സൂചന നല്കുന്നുണ്ട് എന്ന് ഈ വചനത്തിൽ നിന്നും മനസ്സിലാക്കാം. ഒരു പാഠപുസ്തകത്തിൽ ജല പരിവൃത്തി വിവരിക്കുന്ന രൂപത്തിലല്ല ഖുർആൻ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്. ദൈവികമായ കാരണങ്ങളാൽ അനുബന്ധ പ്രതിഭാസങ്ങൾ വിവരിക്കപ്പെടാതെയിരിക്കുകയോ പിന്നീട് മനസ്സിലാക്കപ്പെടുകയോ ചെയ്യാവുന്നതുമാണ്.

ഡോ. കാംപെൽ പല സ്ഥലത്തും ആരോപിക്കുന്ന ഒരു കാര്യം കാര്യങ്ങൾ യോജിപ്പിക്കാൻ വേണ്ടി അടിസ്ഥാന സങ്കല്പങ്ങളുണ്ടാക്കുന്നു എന്നാണ്. യഥാർഥത്തിൽ ഖുർആൻ വചനങ്ങൾ ശാസ്ത്രീയ വ്യാഖ്യാനമില്ലാതെ തന്നെ ആശയങ്ങൾ ഗ്രഹിക്കാവുന്ന രീതിയിലാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. കാരണം ശാസ്ത്രജ്ഞാനമുള്ള ഒരു ജനതയായിരുന്നില്ല അതിന്റെ പ്രഥമ സംബോധിതർ. അതുകൊണ്ട് വചനങ്ങളെ ശാസ്ത്രത്തിനൊത്ത് വ്യാഖ്യാനിക്കാൻ വേണ്ടി സങ്കല്പനങ്ങൾ മെനഞ്ഞെടുക്കേണ്ടതില്ല. എന്നാൽ ഇന്ന് ശാസ്ത്രയുഗത്തിൽ ദൈവിക ദൃഷ്ടാന്തങ്ങൾ വിവരിക്കുന്ന ധാരാളം വചനങ്ങളിൽ ഒളിഞ്ഞുകിട



ക്കുന്ന ശാസ്ത്ര യാഥാർഥ്യങ്ങൾ തെളിയിക്കപ്പെട്ട ശാസ്ത്രജ്ഞാനത്തിന്റെ വെളിച്ചത്തിൽ പണ്ഡിതന്മാർ ചർച്ച ചെയ്തുവരുന്നത് സ്വാഭാവികം മാത്രം. അവ ഖുർആനിന് പുതിയ വ്യാഖ്യാനങ്ങൾ രചിക്കുകയോ അടിസ്ഥാന സങ്കല്പങ്ങളുണ്ടാക്കുകയോ ചെയ്യുകയല്ല, വിശദാംശങ്ങളിലേക്ക് വെളിച്ചം വീശുകയേ ചെയ്യുന്നുള്ളൂ.

ഡോ. കാംപെൽ ഉന്നയിച്ചിരിക്കുന്ന മറ്റൊരു കാര്യം ജലപരിവൃത്തി മുൻവേദങ്ങളിൽ കൂടുതൽ വ്യക്തമായി വിവരിക്കുന്നുണ്ട് എന്നാണ്. ഇത് ശരിയാണെങ്കിൽ മുൻവേദങ്ങൾ അതീവ ഗുരുതരമായി കൈകടത്തലുകൾക്ക് വിധേയമായവയാണെങ്കിലും മാറ്റത്തിരുത്തലുകൾക്ക് വിധേയമാവാത്ത ദൈവിക വചനങ്ങൾ അവയിൽ ഇന്നും നിലനില്ക്കാനുള്ള സാധ്യത തള്ളിക്കളയേണ്ടതില്ല. (ബൈബിളിലെ അശാസ്ത്രീയതയെയും വൈരുധ്യങ്ങളെയും കുറിച്ച് പ്രതിപാദിക്കാൻ വേണ്ടി തന്റെ പുസ്തകത്തിന്റെ പകുതി ഭാഗവും ഉപയോഗപ്പെടുത്തിയ ഡോ. മോറിസ് ബുക്കായിയെ ഖണ്ഡിക്കാൻ വേണ്ടിയാണ് ഡോ. കാംപെൽ ഈ കൃതി രചിച്ചത്. എന്നാൽ ഇവയിലധികവും കാംപെൽ പരാമർശിക്കുന്നു പോലുമില്ല.

## ആഴക്കടലിലെ ഇരുട്ടുകൾ

സത്യവിശ്വാസത്തിന്റെയും സന്മാർഗത്തിന്റെയും വെളിച്ചം ലഭിക്കാത്തവരെക്കുറിച്ച് ഖുർആൻ പറയുന്നു: "അല്ലെങ്കിൽ (അവരുടെ പ്രവർത്തനങ്ങളുടെ ഉപമ) ആഴക്കടലിലെ ഇരുട്ടുകൾ പോലെയാകുന്നു. തിരമാല (കടലിനെ) പൊതിയുന്നു. അതിന് മീതെ പിന്നെയും തിരമാല. അതിന് മീതെ കാർമേഘം. അങ്ങനെ ഒന്നിന് മീതെ മറ്റൊന്നായി അനേകം ഇരുട്ടുകൾ. അവന്റെ കൈ പുറത്തേക്ക് നീട്ടിയാൽ അതുപോലും അവൻ കാണുമാറാകില്ല. അല്ലാഹു ആർക്ക് പ്രകാശം നല്കാതിരിക്കുന്നുവോ അവർക്ക് പ്രകാശമില്ല. " (24:40) ഈ വചനത്തിൽ സമുദ്രസംബന്ധിയായ ശാസ്ത്ര സൂചനകളുണ്ട് എന്ന് ഡോ. ബശീർ ടോർക്കിയുടെ വിശദീകരണമാണ് ഇവിടെ ഡോ. കാംപെൽ ചർച്ച ചെയ്തിരിക്കുന്നത്. ഇതിലും കൂടുതലായി സമുദ്രജല പ്രവാഹത്തെയും സമുദ്രമാർഗങ്ങളെയും കുറിച്ച് സബൂർ വേദത്തിലും തോറ പഴയ നിയമത്തിലും വിവരിക്കുന്നുണ്ട് എന്നാണദ്ദേഹത്തിന്റെ പക്ഷം. മുൻവേദങ്ങളിൽ ഖുർആനിനും ശാസ്ത്രത്തിനും വിരുദ്ധമല്ലാത്ത വല്ലതും ഉണ്ടെങ്കിൽ അവ അംഗീകരിക്കാൻ മുസ്‌ലിംകൾക്ക് വൈമനസ്യമില്ല. എന്നാൽ മേൽ ഖുർആൻ വചനത്തിൽ അശാസ്ത്രീയമായി വല്ലതുമുണ്ടോ എന്ന കാര്യത്തിലാണ് നമ്മുടെ ജിജ്ഞാസ. ഇന്ന് ഉപരിതല തിരമാലകളെക്കുറിച്ചും ആഴിയിലെ തിരമാലകളെക്കുറിച്ചും (സാന്ദ്രതാ വ്യത്യാസമുള്ള ജലപാളികൾ തെന്നിമാറുന്നത്) ശാസ്ത്രം പ്രതിപാദിക്കുന്നുണ്ട്. (Oceanography A View of earth, Gross M Grant 1993) ആഴക്കടലിലെ

യാഥാർഥ്യങ്ങളെ സൂചിപ്പിച്ചുകൊണ്ടാണ് ഖുർആൻ അവിശ്വാസികളെ ഉദാഹരിച്ചത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

## ഉപ്പുജലവും ശുദ്ധജലവും വേർതിരിക്കപ്പെടുന്നത്

ഖുർആൻ പറയുന്നു: "രണ്ട് ജലാശയങ്ങളെ സ്വതന്ത്രമായി ഒഴുകാൻ വിട്ടവനാകുന്നു അവൻ. ഒന്ന് സ്വച്ഛമായ ശുദ്ധജലം, മറ്റേത് കയ്പുള്ള ഉപ്പുജലം, അവ രണ്ടിനുമിടയിൽ ഒരു മറയും ശക്തിയായ ഒരു തടസ്സവും അവൻ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു." (25:53) തുടർന്ന് ഡോ. കാംപെലിന്റെ ഈ വിഷയത്തിലുള്ള ആരോപണങ്ങൾ കാണാം: "ഇതൊരു പുതിയ അറിവല്ല, മത്സ്യബന്ധനം നടത്തുന്നവർക്കൊക്കെ ഇതറിയാം. ഖദീജയുടെ കച്ചവടാവശ്യാർഥം ഡമസ്കസിന് വടക്ക് ആലിപ്പോ വരെ പോയ പ്രവാചകൻ ഇതറിയാവുന്ന കടൽതീരവാസിയോട് സംസാരിച്ചിട്ടുണ്ടാവാം. ശുദ്ധജലവും ഉപ്പുജലവും തമ്മിൽ 100% പൂർണമായ ഒരു നിരോധനം ഇല്ല. ഇവ കൂടിക്കലരാതിരിക്കാൻ യാതൊന്നും (ഒരു Semi permeable membranc പോലും) കടലിലില്ല. കൂടിക്കലരാനനുകൂല ഘടകങ്ങളാണുള്ളത്. ലീനോർജ പരിഗണനയിൽ (Entropy consideration) സഹജവും പൊടുന്നനെയുള്ളതുമായ ഈ പ്രതിഭാസം നേരിടുന്ന ഗതികോർജപരമായ ഒരു തടസ്സം മൂലമാണ് അവ പെട്ടെന്ന് കൂടിക്കലരാത്തത്."

സമുദ്രജലങ്ങൾ കൂടിച്ചേരുകയോ അഴിമുഖങ്ങളിൽ ശുദ്ധജലവും ഉപ്പുജലവും കൂടിച്ചേരുകയോ ചെയ്യുമ്പോൾ കാണപ്പെടുന്ന പ്രതിഭാസത്തെക്കുറിച്ചാണിവിടെ വിവരണം. ഭൗതിക തടസ്സങ്ങളൊന്നും ഇല്ലാതിരുന്നിട്ടും ഏറെ ദൂരം ഒഴുകിയ ശേഷമല്ലാതെ രണ്ട് ജല പ്രവാഹങ്ങളും കൂടിക്കലരുന്നില്ല എന്നത് തർക്കമില്ലാത്ത കാര്യമാണ്. ഉദാഹരണത്തിന് മെഡിറ്ററേനിയൻ സമുദ്രജലവും അറ്റ്ലാന്റിക് സമുദ്രജലവും ജിബ്രാൾട്ടർ സില്ലിന് മുകളിലായി കൂടിച്ചേരുമ്പോൾ അവയ്ക്കിടയിലെ




*അറ്റ്ലാന്റിക് സമുദ്രജലവും മെഡിറ്ററേനിയൻ സമുദ്രജലവും കൂടിച്ചേരുമ്പോഴും അവ വ്യത്യസ്ത ഊഷ്മാവും ലവണാംശവും സാന്ദ്രതയും നിലനിർത്തുന്നു. (Marine Geology- Kuenen H- 1960- Newyork, page 43)*



തടസ്സം മൂലം (barrier) മെഡിറ്ററേനിയൻ ജലം മേഖലയിൽ 1000 മീറ്ററോളം വ്യാപിച്ച് ഒരു സ്ഥിരസ്ഥിതി കൈവരിക്കുന്നു. അപ്പോഴും അവ വേർപിരിഞ്ഞ് തന്നെ ഇരിക്കുകയും അറ്റ്ലാന്റിക് സമുദ്രജലത്തെ അപേക്ഷിച്ചുള്ള അതിന്റെ ഊഷ്മാവും ലവണാംശവും സാന്ദ്രതയും നിലനില്ക്കുകയും ചെയ്യുന്നതായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ചർച്ച ചെയ്ത ശാസ്ത്രകൃതിയിൽ (Kuenen H- Marine geology) വിഷയവുമായി ബന്ധപ്പെട്ട് ചേർത്ത ചിത്രീകരണത്തിന്റെ അടിക്കുറുപ്പിൽ അവയ്ക്കിടയിലുള്ളതിനെ barrier (തടസ്സം) എന്നാണ് പരിചയപ്പെടുത്തിയിട്ടുള്ളത്. സമുദ്രജല പ്രവാഹങ്ങളിലും സമാനപ്രതിഭാസം ദൃശ്യമാണ്. ആധുനിക നിരീക്ഷണോപകരണങ്ങളുടെ സഹായത്തോടെയുള്ള പഠനങ്ങൾ വഴി അടുത്തകാലത്ത് വ്യക്തമായ കാര്യങ്ങളാണിത്. 'ആലിപ്പോയിലെ സാധാരണ മുക്കുവന്' ദൃശ്യമായതല്ല.

അഴിമുഖങ്ങളിൽ കടൽജലവും ശുദ്ധജലവും ഏറെ ദൂരം വേർതിരിഞ്ഞൊഴുകുന്നതും ഇതേ പ്രതിഭാസം തന്നെ. മറ്റൊരു ഖുർആൻ വചനം കാണുക: "രണ്ട് ജലാശയങ്ങളെ തമ്മിൽ കൂടിച്ചേരത്തക്കവിധം അവർ അയച്ചു വിട്ടിരിക്കുന്നു. അവ അന്യോന്യം അതിക്രമിച്ചു കടക്കാതിരിക്കത്തക്ക വിധം ഒരു തടസ്സമുണ്ട്." (55: 19,20) ആധുനിക ശാസ്ത്രം കണ്ടെത്തിയ വസ്തുതകളുടെ വെളിച്ചത്തിൽ അഴിമുഖങ്ങളിൽ ശുദ്ധജലവും ഉപ്പുജലവും കൂടിക്കലരാതെ ഏറെ ദൂരം സഞ്ചരിച്ചശേഷം ആയിരത്തിൽ ഒരംശം ($^1/_{1000}$) എന്ന നിലയ്ക്ക് കൂടിച്ചേരൽ ക്രമമായി വർധിച്ചുവരികയും അവസാനം ഒന്നായിത്തീരുകയും ചെയ്യുന്നു എന്ന് മനസ്സിലാക്കാം. ഈ ഭാഗത്തെ The Partition, Zone of Separation (വിഭജന മേഖല) എന്നാണ് ശാസ്ത്രീയമായി വിവരിക്കപ്പെട്ടിട്ടുള്ളത്. (ട്രൂമാന്റെ Introductory oceanographyയിൽ ചിത്രീകരിച്ചത് കാണുക) ഈ മേഖലയിൽ തീരെ കൂടിക്കലരാത്ത ശുദ്ധജലവും ഉപ്പുജലവും (100% നിരോധനം) നിലനില്ക്കുന്നതും പിന്നീട് കൂടിക്കലരൽ അല്പാല്പമായി വർധിച്ചുവരുന്നതുമായ ഒരു Zone of Seperation ശാസ്ത്രീയമായി




*അഴിമുഖങ്ങളിൽ ശുദ്ധജലവും ഉപ്പ്ജലവും കൂടിക്കലരാതെ സഞ്ചരിക്കുന്ന വിഭജന മേഖലയുടെ പരിച്ഛേദം. (Introductory Oceanography, Thurman, p 301- 5th edition)*

തെളിയിക്കപ്പെട്ടതാണ്. ഇവിടെ തടസ്സം (ബർസഖ്) എന്നാണ് ഖുർആൻ പ്രയോഗിച്ചിരിക്കുന്നത്. രണ്ടിനുമിടയിൽ ഒരു ഭൗതിക തടസ്സം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നല്ല ഇതിനർഥം. അങ്ങനെയെങ്കിൽ വേർതിരിഞ്ഞു നില്ക്കുന്നതിൽ എടുത്തു പറയത്തക്കതായി യാതൊന്നുമില്ലല്ലോ. എന്നാൽ അവയ്ക്കിടയിൽ ഒരു വിഭജനമേഖല നിലനില്ക്കുന്നു എന്നത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതുമാണ്. കാംപെൽ പറഞ്ഞ ഗതികോർജപരമായ തടസ്സവും അതിൽ പങ്കുവഹിക്കുന്നുണ്ടാവാം. ഗതികോർജത്തിന്റെയും സ്രഷ്ടാവ് അവൻ തന്നെയാണ്. ഏതായാലും ശക്തമായ ഒരു തടസ്സം നിലനില്ക്കുന്നു എന്ന കാര്യത്തിൽ ശാസ്ത്രം ഖുർആനുമായി യോജിക്കുന്നു. അതിന്റെ വിശദാംശങ്ങൾ ശാസ്ത്രത്തിന് കണ്ടെത്താവുന്നതേയുള്ളൂ.

## ഖുർആനും ആരോഗ്യപരിപാലനവും

"മുൻവേദങ്ങളിൽ നിന്ന് വിലപ്പെട്ടതെല്ലാം ഖുർആനിൽ ആവർത്തിച്ചിട്ടുണ്ട് എന്ന് മുസ്‌ലിംകൾ അവകാശപ്പെടുന്ന സ്ഥിതിക്ക് എന്തുകൊണ്ട് ആരോഗ്യസംബന്ധിയായ ദൈവവാജ്ഞകൾ ആവർത്തനം 23:12-14ൽ പരാമർശിച്ചത് ഖുർആനിൽ കാണുന്നില്ല?" കാംപെലിന്റെ മറ്റൊരു ചോദ്യം ഇതാണ്. "പാളയത്തിന് പുറത്ത് ഒരു കുഴിയുണ്ടാക്കി അതിലേ വിസർജനത്തിനിരിക്കാവൂ, വിസർജ്യം കുഴിയിൽ മൂടണം" എന്നൊക്കെയുള്ള ബൈബിൾ പരാമർശങ്ങളെയാണദ്ദേഹം ഖുർആനിൽ പറയാത്ത ആരോഗ്യപരിപാലന നിയമങ്ങൾ എന്ന് വിശേഷിപ്പിച്ചത്. ഭക്ഷണ മര്യാദകൾ മുതൽ ടോയ്‌ലറ്റ് മര്യാദകൾ വരെയുള്ള സമഗ്രമായ ആരോഗ്യപരിപാലന നിയമങ്ങൾ പ്രവാചകൻ പഠിപ്പിക്കുകയും ജീവിതചര്യകളിലൂടെ കാണിച്ചുതരികയും ചെയ്തത് രേഖപ്പെട്ടുകിടക്കുന്നു. "വൃത്തി വിശ്വാസത്തിന്റെ പകുതി"യാണെന്നാണ് പ്രവാചകൻ പ്രഖ്യാപിച്ചിട്ടുള്ളത്. യഥാർഥ വിശ്വാസികളുടെ ജീവിതരീതികളെയും ദിവസം അഞ്ചു സമയങ്ങളിൽ അംഗശുദ്ധി വരുത്തി അവരേർപ്പെടുന്ന പ്രാർഥനകളെയും കുറിച്ച് മനസ്സിലാക്കിയ ഒരാൾക്ക് ഇക്കാര്യം വ്യക്തമാവും. ശുദ്ധിപാലിക്കാനുള്ള ആഹ്വാനവും പ്രേരണയും പത്തിലധികം ഖുർആൻ സൂക്തങ്ങളിൽ കാണാം.

## ഖുർആനിലെ അടയാളങ്ങൾ

ഖുർആൻ പലപ്പോഴായി വിവരിച്ച ഭൗതിക ദൃഷ്ടാന്തങ്ങളെക്കുറിച്ചും കാംപെലിന് ചില പരാതികളുണ്ട്. "ഇവയെല്ലാം അടയാളങ്ങൾ ആയിട്ടാണ് വിവരിക്കപ്പെട്ടിട്ടുള്ളത്. ഇങ്ങനെ സൂചിപ്പിച്ച അടയാളങ്ങളിൽ പലതും ഇരുപതാം നൂറ്റാണ്ടുവരെ തെറ്റായി മനസ്സിലാക്കപ്പെട്ടവയാണ്. ഇങ്ങനെ സാധാരണക്കാർക്കജ്ഞാതമായ കാര്യങ്ങൾ പ്രവാചകൻ തന്റെ സന്ദേശത്തെ ബലപ്പെടുത്താൻ ഉപയോഗിച്ചുകൂട. അവ ലഘുവും നൈസർഗികവുമായിരിക്കണം. കടലിലെ അടിയൊഴുക്കുകളെക്കുറിച്ച് അക്കാലത്തെ ജനങ്ങൾക്ക് ഒന്നുമറിയില്ലെങ്കിൽ ഖുർആൻ തിരമാലകൾക്ക് മുകളിൽ തിരമാലകൾ എന്നൊക്കെ പറഞ്ഞിരിക്കുന്നതിൽ നിന്നും അവർക്കെന്ത് മനസ്സിലാവും? ഒരു കവിതയാ മറ്റോ ആയിട്ടായിരിക്കാം. അല്ലെങ്കിൽ ഒന്നും മനസ്സിലായില്ലായിരിക്കാം." എന്നിങ്ങനെ പോകുന്നു അദ്ദേഹത്തിന്റെ സംശയങ്ങൾ.



മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം പ്രവാചകന് നല്കപ്പെട്ട ഏറ്റവും വലിയ അടയാളം ഖുർആൻ തന്നെയാണ്. "സർവരും ഒത്തൊരുമിച്ച് ശ്രമിച്ചാലും ഇതുപോലൊരു ഗ്രന്ഥം കൊണ്ടുവരിക സാധ്യമല്ല" എന്ന ഖുർആനിന്റെ വെല്ലുവിളി ഇന്നും നിലനില്ക്കുന്നു. ഖുർആനിൽ ഭൗതിക പ്രതിഭാസങ്ങൾ വിവരിക്കപ്പെട്ടിരിക്കുന്നത് ദൈവിക ദൃഷ്ടാന്തങ്ങളെക്കുറിച്ച് ജനങ്ങളെ ഉണർത്താനും പലപ്പോഴും അവയെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതിനുമാണ്. ചുരുങ്ങിയ പദങ്ങളിൽ കൃത്യമായ സൂചനകളായിട്ടാണ് ഖുർആൻ അവയെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത്. 'ഒട്ടകങ്ങൾ എങ്ങനെയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്, പർവതങ്ങൾ എങ്ങനെ നാട്ടപ്പെട്ടിരിക്കുന്നു, ഭൂമി എങ്ങനെയാണ് പരത്തപ്പെട്ടിരിക്കുന്നത് എന്നെല്ലാം മനുഷ്യൻ ചിന്തിക്കുന്നില്ലേ?' എന്നിങ്ങനെ അധ്യായം 88ൽ ഖുർആൻ ചോദിക്കുന്നത് കാണാം. അതുപോലെ തേനീച്ചകളെക്കുറിച്ചും കടലിനെയും ആകാശത്തെയും സൂര്യനെയും കുറിച്ചും ഗർഭാവസ്ഥയെക്കുറിച്ചുമെല്ലാം ഖുർആൻ മറ്റു പല സ്ഥലങ്ങളിലും വിവരിക്കുന്നുണ്ട്. ലളിതവും നൈസർഗികവുമായ രീതിയിൽ തന്നെയാണ് അവ വിവരിക്കപ്പെട്ടിട്ടുള്ളത്. ഓരോ മനുഷ്യനും തന്റെ കഴിവും ജ്ഞാനവും അനുസരിച്ച് അവയിൽ നിന്ന് പാഠങ്ങളുൾക്കൊള്ളുന്നു. ശാസ്ത്രാവബോധമുള്ള പണ്ഡിതന്മാർ അത് കൂടുതൽ വ്യക്തമായി മനസ്സിലാക്കുകയും അതിന്റെ ശാസ്ത്രീയ വിശദാംശങ്ങളിലേക്ക് വെളിച്ചം വീശുകയും ചെയ്യുന്നു എന്നുമാത്രം. ശാസ്ത്രീയജ്ഞാനമില്ലാത്ത ഒരു ജനതയോട് പ്രകൃതി പ്രതിഭാസങ്ങളൊന്നും പറയാൻ പാടില്ല എന്നത് യുക്തിരഹിതമായ ഒരു വീക്ഷണമാണ്. ശാസ്ത്രജ്ഞാനമുള്ളവർക്കും സാധാരണക്കാർക്കും സൃഷ്ടാവിന്റെ സൃഷ്ടിവൈഭവം മനസ്സിലാക്കാവുന്നതേയുള്ളൂ. ആ രൂപത്തിൽ തന്നെയാണ് ഖുർആൻ കാര്യങ്ങൾ വിവരിച്ചിട്ടുള്ളതും. അത് ദുർഗ്രാഹ്യമെന്നോ കവിതയെന്നോ സാഹിത്യതല്പരരായ അന്നത്തെ അറബികൾക്ക് തോന്നിയിട്ടില്ല. വിവരിക്കപ്പെട്ട പല കാര്യങ്ങളും ഇരുപതാം നൂറ്റാണ്ട് വരെ തെറ്റായി മനസ്സിലാക്കപ്പെട്ടതാണെന്ന് ആ വിവരണത്തിന്റെ മൗലികത വർധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. കാരണം ഈ തെറ്റുകളൊന്നും ഖുർആൻ ആവർത്തിച്ചിട്ടില്ല എന്നത് തന്നെ.

## പർവതങ്ങൾ ഖുർആനിൽ

ഖുർആൻ പറയുന്നു: "...ഭൂമി നിങ്ങളെയും കൊണ്ട് ഇളകാതിരി

ക്കാനായി അതിൽ അവൻ ഉറച്ച പർവതങ്ങൾ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു." (31:10) ഇതേ ആശയം അധ്യായം 16ൽ 15ാം വചനത്തിലും കാണാം.

"ഭൂമിയെ നാം ഒരു വിരിപ്പും പർവതങ്ങളെ ആണികളും ആക്കിയില്ലേ." (78:6,7)

മേൽ ആശയങ്ങളെ ഡോ. കാംപെൽ ഖണ്ഡിക്കുന്നത് കാണുക: "പർവതങ്ങൾ രൂപപ്പെടുമ്പോഴുണ്ടാവുന്ന സാധാരണ പ്രതിഭാസമാണ് ഭൂകമ്പങ്ങൾ. ഭൂഗർഭശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടതുപോലെ പർവതങ്ങളുടെ ഭൂമിക്കടിയിലുള്ള വിസ്തൃതമായ മടക്കുകൾ (1 മുതൽ 10 വരെ മൈൽ) ഭൗമോപരിതലത്തെ ഉറപ്പിച്ചു നിർത്തുന്നു എന്ന ഡോ. മോറിസ് ബുക്കായിയുടെ പരാമർശം തെറ്റാണ്. ഡോ. ഡേവിഡ് യംഗിനെ ഉദ്ധരിച്ചുകൊണ്ടദ്ദേഹം പറയുന്നു: 'പർവത നിരകളും പാറമടക്കുകളാൽ നിർമിതമാണെങ്കിലും അവ ഭൗമോപരിതലത്തിന് ഉറപ്പ് നല്കുന്നില്ല. മടക്കുകൾ ഉണ്ടെന്നുള്ളത് തന്നെ ഭൗമോപരിതലത്തിന് ഉറപ്പില്ല എന്നതിന് തെളിവാണ്."

പർവതങ്ങളെ സംബന്ധിച്ച ഖുർആൻ വചനങ്ങൾ നല്കുന്ന സൂചന അവ ഭൗമോപരിതലത്തിൽ ഉന്തിനില്ക്കുന്നതിനേക്കാൾ ഭൗമാന്തർ ഭാഗത്തേക്ക് ആഴ്ന്നു കിടക്കുന്നുവെന്നതാണ്. Earth (Press Frank and Raymend Siever-1982 Earth 3rd edition-Sanfrancisco), Earth Science (Edward J Tarbuck and Frederick K Lutget-1882 3rd edition) എന്നീ ഭൂമിശാസ്ത്രഗ്രന്ഥങ്ങൾ പർവതങ്ങളുടെ ഭൂമിക്കടിയിലേക്ക് ആഴ്ന്നുകിടക്കുന്ന ഭാഗത്തെ peglike Structure (ആണിപോലുള്ള ഘടന), deep roots (ആഴത്തിലുള്ള വേരുകൾ) എന്നിങ്ങനെ ചിത്രത്തിന്റെ സഹായത്തോടെ വിശദമാക്കിയത് പരിശോധിക്കുക. ഇത് ഖുർആന്റെ പ്രസ്താവനയുടെ ശാസ്ത്രീയ സാക്ഷ്യമാണ്.




*പർവതങ്ങളുടെ ആണിപോലുള്ള ആഴത്തിലുള്ള വേരുകൾ. (Anatomy of the earth callieux, Andre-1968, page 220)*



കൂടാതെ ഖുർആൻ 16:15ലും 31:10ലും പർവതങ്ങളെക്കുറിച്ച് പരാമർശിച്ചേടത്ത് ഉപയോഗിച്ചിരിക്കുന്ന 'അൻ തമീദബികും' എന്ന വാക്യത്തിന് 'നിങ്ങളോടൊപ്പം ചരിഞ്ഞു പോകുമെന്നതിനാൽ', 'ചാഞ്ഞുപോകുമെന്നതിനാൽ' എന്നിങ്ങനെയാണ് പരിഭാഷ. ഇതിനർഥം പർവതങ്ങളുള്ളിടത്ത് ഭൂമികുലുക്കമുണ്ടാവുന്നില്ല എന്നല്ല. ഭൂമിയെ ഒരു വിരിപ്പും പർവതങ്ങളെ ആണികളും ആക്കിയിരിക്കുന്നുവെന്നാണ്. ഭൂമിയെന്ന വിരിപ്പിനെ ബലപ്പെടുത്തുന്ന ഒരു സംവിധാനമാണ് പർവതങ്ങൾ എന്നാണ് വ്യാഖ്യാനമില്ലാതെ നാം ഇവിടെ മനസ്സിലാക്കുന്നത്. ഭൂമിയുടെ ശൈശവദശയിൽ ടെക്ടോണിക് പ്ലേറ്റുകളുടെ നിരന്തര ചലനവും അഗ്നിപർവതങ്ങളുമെല്ലാം പർവത രൂപീകരണത്തിന് കാരണമായിട്ടുണ്ട്. പിന്നീട് ഈ പ്രക്രിയ കുറഞ്ഞുവരികയും പർവതങ്ങൾ ഭൗമോപരിതലത്തിന് ബലമായി നിലകൊള്ളുകയും ചെയ്തു. മേൽ പറഞ്ഞ Earth എന്ന കൃതി പർവതങ്ങളുടെ ഈ പ്രതിഭാസത്തെ Stabilizing effect (പ്രബലിതാവസ്ഥ നല്കുന്നത്) എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. (പ്രസ്തുത കൃതിയുടെ കർത്താക്കളിലൊരാളായ പ്രസ് ഫ്രാങ്ക് മുൻ അമേരിക്കൻ പ്രസിഡന്റുമാരിലൊരാളായ ജിമ്മികാർട്ടറുടെ ശാസ്ത്ര ഉപദേഷ്ടാവും ശാസ്ത്രപ്രതിഭാ പുരസ്കാരങ്ങൾ നേടിയ വ്യക്തിയുമാണ്) ചുരുക്കത്തിൽ പർവതങ്ങളെ ആണികളാക്കി എന്നതും ഭൂമിയിലേക്ക് ആഴ്ന്നിറങ്ങുന്ന ആണികളെപ്പോലുള്ള അവയുടെ ഘടന ഭൂവല്ക്കത്തിന് ഉറപ്പും ബലവും നല്കുന്നു എന്നതും ഖുർആനിൽ നിന്ന് മാത്രമല്ല ആധികാരിക ഭൂമിശാസ്ത്രകൃതികളിൽ നിന്നും നമുക്ക് മനസ്സിലാക്കാം. എന്നാൽ പർവത മേഖലകളിലാവട്ടെ അല്ലാതിരിക്കട്ടെ ഭൗമാന്തർ ഭാഗത്തെ ഭൂചലനപ്രക്രിയകൾ (Seismic activities) ചിലപ്പോൾ ഭൂചലനങ്ങൾക്ക് കാരണമായേക്കാം. പർവതങ്ങൾ ഭൂചലനങ്ങളെ തടയുന്നു എന്ന് ഖുർആൻ പ്രസ്താവിക്കുന്നില്ല. താരതമ്യേന ബലം കുറഞ്ഞ ഭൂവൽകം ചാഞ്ഞും ചരിഞ്ഞും ആടിയും പോകാതിരിക്കാൻ ബലപ്പെടുത്തിയതായിട്ടാണ് ഖുർആനിൽ നിന്ന് മനസ്സിലാവുന്നത്. എന്നാൽ ഭൂചലന വേളകളിൽ പോലും പർവതങ്ങൾ ഭൂകമ്പ തരംഗങ്ങളുടെ വേഗത നിയന്ത്രിച്ച് ഒരളവോളം സന്തുലിതാവസ്ഥ നിലനിർത്തുന്നു എന്നതും കനത്ത കരിമ്പാറകൾ ഭൂകമ്പ തരംഗങ്ങളെ കാര്യമായി കടത്തിവിടുന്നില്ല എന്നതും ഇവിടെ കൂട്ടിവായിക്കേണ്ട കാര്യങ്ങൾ തന്നെയാണ്. പർവതങ്ങൾ ഇളകുന്നതും അവയെ ഛിന്നഭിന്നമാക്കുന്നതും ഭൂമി സമനിരപ്പാക്കുന്നതുമായ കാര്യങ്ങൾ അന്ത്യനാളുമായി ബന്ധപ്പെട്ട് ഖുർആൻ മറ്റു ധാരാളം വചനങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്. (18:47, 20:105, 52:10, 56:5, 69:14, 70:19, 77:10, 78:20, 81:3, 101:5 എന്നിവ കാണുക)

## ഖുർആനും ഏഴാകാശവും

ഖുർആനിൽ സൂചിപ്പിച്ച ഏഴ് ആകാശങ്ങളെക്കുറിച്ചാണ് ഡോ.

കാംപൽ പിന്നീട് ചർച്ചചെയ്യുന്നത്. ഇക്കാര്യത്തിൽ അദ്ദേഹം പഠന വിധേയമാക്കിയിരിക്കുന്നത് ഡോ. ബശീർ ടോർക്കിയുടെ താഴെ പറയുന്ന പരാമർശങ്ങളാണ്: "ഭൗമാന്തരീക്ഷത്തിന് 40 കി. മീ. ഘനമുണ്ട്. ഇത് ഒന്നാം ആകാശം. അതിനെ 10,000 കൊണ്ട് ഗുണിക്കുമ്പോൾ രണ്ടാം ആകാശം, ചന്ദ്രാകാശം. ഇതിനെ 10,000കൊണ്ട് ഗുണിക്കുമ്പോൾ ഓരോ ആകാശത്തിന്റെയും സ്ഥാനം കണക്കാക്കാം." ഈ വിവരണവും ഏഴാകാശങ്ങളും ശാസ്ത്രീയമായി ബോധ്യപ്പെടുന്നവയല്ല എന്നാണ് ഡോ. കാംപലിന്റെ അഭിപ്രായം. ഏതായാലും ഖുർആനിൽ നിന്ന് ആകാശത്തെക്കുറിച്ച് മേൽ തരത്തിലുള്ള ഒരു വ്യാഖ്യാനം കണ്ടെത്താൻ കഴിയില്ല എന്ന കാര്യത്തിൽ തർക്കമില്ല. ഖുർആൻ ആകാശങ്ങളുടെ പരിധിയോ വ്യാപ്തിയോ വ്യക്തമാക്കുന്നില്ല. അതുകൊണ്ട് ഡോ. ടോർക്കിയുടേതായി പറയപ്പെടുന്ന മേൽ പ്രസ്താവന ഖുർആനുമായി ബന്ധപ്പെടുത്താവതല്ല. മാത്രമല്ല അടുത്തുള്ള ആകാശത്തെ (ഒന്നാം ആകാശം) നക്ഷത്രാലംകൃതമാക്കി ഖുർആൻ പ്രസ്താവിച്ചതിൽ നിന്നും ഇത് 40 കി. മീ. ദൈർഘ്യമുള്ള ഭൗമാന്തരീക്ഷമാണ് എന്ന് ഗ്രഹിക്കാൻ സാധ്യമല്ല.

ആകാശമണ്ഡലത്തെക്കുറിച്ചാണെങ്കിൽ ശാസ്ത്രത്തിന്റെ അറിവു തുലോം പരിമിതമാണ്. അതുകൊണ്ട് ഖുർആനിന്റെ ഏഴ് ആകാശം എന്ന പ്രസ്താവനയെ ശാസ്ത്രീയമായി അപഗ്രഥിക്കുക സാധ്യമല്ല. വിശുദ്ധഖുർആൻ പറയുന്നു: "അല്ലാഹുവാകുന്നു ഏഴ് ആകാശങ്ങളും ഭൂമിയിൽ നിന്ന് അവയ്ക്ക് തുല്യമായതും സൃഷ്ടിച്ചവൻ. അവയ്ക്കിടയിൽ അവന്റെ കല്പന ഇറങ്ങുന്നു." (വി.ഖു. 65:12)

"നിങ്ങൾക്ക് മീതെ ബലിഷ്ഠമായ ഏഴ് ആകാശങ്ങൾ നാം നിർമിക്കുകയും ചെയ്തു." (വി.ഖു. 78:12)

"ഏഴ് ആകാശങ്ങളെ അടുക്കുകളായി സൃഷ്ടിച്ചവനാകുന്നു അവൻ. പരമകാരുണികന്റെ സൃഷ്ടിപ്പിൽ യാതൊരു ഏറ്റക്കുറവും നീ കാണുകയില്ല. എന്നാൽ നീ ദൃഷ്ടി ഒന്നുകൂടി തിരിച്ചുകൊണ്ടുവരൂ. വല്ല വിടവും നീ കാണുന്നുണ്ടോ? (വി.ഖു. 67:3)

ഇങ്ങനെ ഖുർആൻ പരാമർശിക്കുന്ന ഏഴ് ആകാശങ്ങളെ കുറിച്ച് വ്യത്യസ്തമായ വ്യാഖ്യാനങ്ങളുണ്ട്. ഉദാഹരണമായി അക്കാലത്തെ ഗ്രീക്കുകാരും റോമക്കാരും ബഹുത്വത്തെ സൂചിപ്പിക്കാൻ ഏഴ് ഉപയോഗിച്ചിരുന്നു. അതുകൊണ്ട് ഏഴ് നിശ്ചിത എണ്ണത്തെ സൂചിപ്പിക്കുന്നില്ല എന്ന് ചിലർ വ്യാഖ്യാനിച്ചിട്ടുണ്ട്. എന്നാൽ ഏഴ് ആകാശങ്ങൾകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് എന്താണെന്ന് പ്രമാണങ്ങളുടെ വെളിച്ചത്തിൽ സംശയരഹിതമായി വ്യാഖ്യാനിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് അത്തരം കാര്യങ്ങൾക്ക് സ്വന്തമായ വ്യാഖ്യാനങ്ങൾ നല്കാതെ ഖുർആനിൽ പറഞ്ഞപ്രകാരം അംഗീകരിക്കുകയാണ് മുസ്‌ലിംകൾ ചെയ്യേണ്ടത്. ശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം പ്രപഞ്ചം അനന്തമാണോ സാന്തമാണോ എന്ന പ്രശ്നം പോലും ചുരുളഴിക്കപ്പെട്ടിട്ടില്ല. ആകാശമണ്ഡലങ്ങളുടെ എണ്ണമോ പരിധിയോ ശാസ്ത്രീയമായി നിർണയിക്കപ്പെട്ടിട്ടില്ല. ഒരു സാങ്കല്പിക പ്രപഞ്ചയാത്രികൻ തന്റെ റോക്കറ്റ് നേർരേഖയിലൂടെ തന്നെ ഓടിച്ചുകൊണ്ടുപോവാൻ ശ്രമിച്ചാലും യാത്ര പൂർവസ്ഥാനത്ത് തന്നെ അവസാനിക്കുമോ അതോ അനന്തവിഹായസ്സിൽ അയാൾ അറ്റമില്ലാതെ അലഞ്ഞുകൊണ്ടിരിക്കുമോ? (1,2,3.. ഇൻഫിനിറ്റി- ജോർജ് ഗാമോവ്) അറിയില്ല. ഇത്തരം സമസ്യകളിലേക്ക് വെളിച്ചം വീശുന്നതോടെ ആകാശമണ്ഡലങ്ങളെക്കുറിച്ചുള്ള ഖുർആനിക പരാമർശങ്ങൾ നമുക്ക് കൂടുതൽ കൃത്യമായി മനസ്സിലായേക്കും.



## പിശാചുക്കളുടെ കട്ടുകേൾക്കലും ഏറും

വിശുദ്ധഖുർആൻ അവതരിക്കുന്നതിനുമുമ്പ് പിശാചുക്കൾ എന്തോ ചിലത് ശ്രദ്ധിച്ചുകൊണ്ടിരുന്നുവെന്നും ഖുർആൻ അവതരിക്കാൻ തുടങ്ങിയതോടെ അതവർക്ക് അസാധ്യമായി എന്നും വ്യക്തമാക്കുന്ന ചില ഖുർആൻ വചനങ്ങളെയാണ് കാംപൽ പിന്നീട് പരാമർശിക്കുന്നത്. ബന്ധപ്പെട്ട ചില വചനങ്ങൾ കാണാം.

"ഞങ്ങൾ ആകാശത്തെ സ്പർശിച്ചുനോക്കി. അപ്പോഴത് ശക്തരായ പാറാവുകാരാലും തീജ്വാലകളാലും നിറക്കപ്പെട്ടതായി ഞങ്ങൾ കണ്ടെത്തി; ആകാശത്തെ ചില ഇരിപ്പിടങ്ങളിൽ ഞങ്ങൾ കേൾക്കാൻ വേണ്ടി ഇരിക്കാറുണ്ടായിരുന്നു. എന്നാൽ ഇപ്പോഴാരെങ്കിലും ശ്രദ്ധിച്ച് കേൾക്കുമ്പോൾ കാത്തിരിക്കുന്ന തീജ്വാല അവന് കണ്ടെത്താനാവും." (വി.ഖു. 72:8,9)

"ഏറ്റവും അടുത്ത ആകാശത്തെ നാം ചില വിളക്കുകൾ കൊണ്ടലങ്കരിച്ചിരിക്കുന്നു. അവയെ നാം പിശാചുക്കളെ എറിഞ്ഞോടിക്കാനുള്ളവയുമാക്കിയിരിക്കുന്നു. അവർക്ക് നാം ജ്വലിക്കുന്ന നരകശിക്ഷ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു." (വി.ഖു. 67:5)

"ആകാശത്ത് നാം നക്ഷത്രമണ്ഡലങ്ങൾ നിശ്ചയിക്കുകയും നോക്കുന്നവർക്ക് അവയെ നാം അലംകൃതമാക്കുകയും ചെയ്തിരിക്കുന്നു. ആട്ടിയകറ്റപ്പെട്ട എല്ലാ പിശാചുക്കളിൽ നിന്നും അതിനെ നാം കാത്തുസൂക്ഷിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ കട്ടുകേൾക്കാൻ ശ്രമിച്ചവനാകട്ടെ പ്രത്യക്ഷമായ ഒരു തീജ്വാല അവനെ പിന്തുടരുന്നതാണ്." (വി.ഖു. 15:16-18)

"തീർച്ചയായും അടുത്തുള്ള ആകാശത്തെ നാം നക്ഷത്രാലങ്കാരത്താൽ മോടിപിടിപ്പിച്ചിരിക്കുന്നു. ധിക്കാരിയായ ഏത് പിശാചിൽ നിന്നും സുരക്ഷിതമാക്കുകയും ചെയ്തിരിക്കുന്നു. അത്യുന്നതമായ സമൂഹത്തിന്റെ (മലക്കുകൾ) നേരെ അവർക്ക് (പിശാചുക്കൾ) ശ്രദ്ധിച്ചു കേൾക്കാനാവില്ല. എല്ലാ വശത്തുനിന്നും അവർ എറിഞ്ഞോടിക്കപ്പെടുകയും ചെയ്യും. അവർക്ക് ശാശ്വതമായ ശിക്ഷയുണ്ട്. എന്നാൽ ആരെ

ങ്കിലും പെട്ടെന്ന് വല്ലതും റാഞ്ചിയെടുക്കുകയാണെങ്കിൽ തുളച്ചുകടക്കുന്ന ഒരു തീജ്വാല അവനെ പിന്തുടരുന്നതാണ്." (37:6-10)

മേൽ വചനങ്ങളിൽ ചിലത് ഉദ്ധരിച്ചുകൊണ്ട് ഡോ. കാംപൽ ഉന്നയിക്കുന്ന സംശയങ്ങൾ കാണുക: "സ്വർഗത്തിലെ സംഭാഷണങ്ങൾ ഒളിഞ്ഞുകേൾക്കുന്ന അദൃശ്യരായ പിശാചുക്കളെ കാർബൺഡൈ ഓക്സൈഡ് കൊണ്ടോ ഇരുമ്പ്, നിക്കൽ സംയുക്തംകൊണ്ടോ ഉണ്ടാക്കിയ ഉൽക്കകൾകൊണ്ട് ദൈവം എറിയുന്നു എന്നു പറഞ്ഞാൽ നാം എന്ത് മനസ്സിലാക്കണം? അവ മഴപോലെ വർഷിക്കപ്പെടുമെന്നോ? അവ ഒരേ ദിശയിൽ സമാന്തരമായി പാഞ്ഞുപോകുന്നു എന്നും പറഞ്ഞിരിക്കുന്നതിൽ നാം എന്ത് മനസ്സിലാക്കണം. പിശാചുക്കൾ ഒരേ സമയത്ത് വരിവരിയായി നിൽക്കുന്നു എന്നാണോ? ഇവ നിസ്സാര ചോദ്യങ്ങളല്ല."

പിശാചുക്കൾ എറിയപ്പെടുന്നത് ഉൽക്കകൾ കൊണ്ടാണ് എന്ന ചില വ്യാഖ്യാനങ്ങൾ (ഉദാ: യൂസുഫലി, പിക്താൾ) അടിസ്ഥാനപ്പെടുത്തിയാണ് കാംപലിന്റെ പരാമർശങ്ങൾ മുഴുവനും. ഉൽക്കകളുടെ രാസ-ഭൗതിക ഗുണങ്ങളെ കുറിച്ചൊരു വിവരണംതന്നെ അദ്ദേഹം നല്കുന്നുണ്ട്. എന്നാൽ മേൽ വചനങ്ങളിൽ പരാമർശിക്കപ്പെട്ട തീജ്വാലയും ഏറ്റും ഇന്ന് ശാസ്ത്രം പരിചയപ്പെടുത്തുന്ന ഉൽക്കാപ്രതിഭാസമാണെന്ന് ഖണ്ഡിതമായി പറയാവുന്ന യാതൊരു തെളിവുമില്ല. അത് ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം മാത്രമാണ്. നക്ഷത്രാലംകൃതമായ ഏറ്റവും അടുത്തുള്ള ആകാശവുമായി ബന്ധപ്പെട്ടാണ് പിശാചുക്കളെ പിന്തുടരുന്ന തീജ്വാലയെ കുറിച്ച് ഖുർആൻ പ്രസ്താവിച്ചിട്ടുള്ളത്. ഉൽക്കകളാവട്ടെ, അവയുടെ ഉത്ഭവവും സഞ്ചാരവും നമ്മെ സംബന്ധിച്ചിടത്തോളം കൂടുതൽ സമീപസ്ഥമായ സൗരയൂഥത്തിലെ ഛിന്നഗ്രഹമേഖലകളാണെന്ന് നിഗമനം. അതുകൊണ്ടുതന്നെ മേൽവചനങ്ങളിൽ പരാമർശിക്കപ്പെട്ട തീജ്വാലയും 'രാത്രിയിൽ കടന്നുവരുന്നത്', 'തുളച്ചുചെല്ലുന്നത്' (സൂറ 86) എന്നെല്ലാം വിവരിക്കപ്പെട്ടതും ഉൽക്കകളാണെന്ന വ്യാഖ്യാനം ഊഹങ്ങൾ മാത്രമാണ്. ഉൽക്കകളുടെ ഉൽഭവവും സഞ്ചാരവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ശാസ്ത്രം ഇനിയും കൃത്യമായി മനസ്സിലാക്കാനിരിക്കുന്നതേയുള്ളൂ. മിൽക്കിവേയിലും അതിനപ്പുറവുമുള്ള ഗാലക്സികളിലും നടക്കുന്ന ഇത്തരം നിരവധി പ്രതിഭാസങ്ങളെക്കുറിച്ചുള്ള അറിവുകൾ വളരെ പരിമിതമാണ്. അതുകൊണ്ട് അജ്ഞാതവും അല്പജ്ഞാനം മാത്രമുള്ളവയുമായ കാര്യങ്ങൾ വെച്ച് ഖുർആൻ വ്യാഖ്യാനിക്കുന്നതും അതിന്റെ അടിസ്ഥാനത്തിൽ ഖുർആനിൽ അശാസ്ത്രീയത ആരോപിക്കുന്നതും ക്ഷന്തവ്യമല്ല.

## ഖുർആനിലെ സൃഷ്ടിദിനങ്ങൾ

ഡോ. കാംപൽ കൈകാര്യം ചെയ്യുന്ന അടുത്ത പ്രശ്നം ഖുർആനിലെ സൃഷ്ടിദിനങ്ങൾ ആറാണോ എട്ടാണോ എന്ന 'വൈരുധ്യ'മാണ്.



താഴെ പറയുന്ന അഞ്ച് വചനങ്ങളാണദ്ദേഹം പരിഗണിച്ചിരുന്നത്.

"തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആകാശങ്ങളെയും ഭൂമിയെയും ആറ് ദിവസങ്ങളിലായി സൃഷ്ടിക്കുകയും പിന്നീട് കാര്യങ്ങൾ നിയന്ത്രിച്ചുകൊണ്ട് സിംഹാസനസ്ഥനാവുകയും ചെയ്ത അല്ലാഹുവാകുന്നു..." (വി.ഖു. 10:3)

"നീ പറയുക: രണ്ടു ദിവസങ്ങളിൽ ഭൂമിയെ സൃഷ്ടിച്ചവനിൽ നിങ്ങൾ അവിശ്വസിക്കുകയും അവന് സമന്മാരെ സ്ഥാപിക്കുകയുമാണോ? അവനാകുന്നു ലോകരക്ഷിതാവ്" (വി.ഖു. 41:9). "അതിൽ (ഭൂമിയിൽ) ഉറച്ച പർവതങ്ങൾ അവൻ സ്ഥാപിക്കുകയും അതിൽ അഭിവൃദ്ധിയുണ്ടാക്കുകയും ചെയ്തിരിക്കുന്നത് നാല് ദിവസങ്ങളിലാണ്. ആവശ്യപ്പെടുന്നവർക്കായി ശരിയായ അനുപാതത്തിൽ." (വി. ഖു. 41:10)

"പിന്നെ അവൻ ആകാശത്തിന്റെ നേർക്കു തിരിഞ്ഞു. അത് ഒരു പുകയായിരുന്നു. എന്നിട്ടതിനോടും ഭൂമിയോടും അവൻ പറഞ്ഞു: നിങ്ങൾ രണ്ടും അനുസരണപൂർവമോ നിർബന്ധിതമായോ വരിക. അവ രണ്ടും പറഞ്ഞു: ഞങ്ങളിതാ അനുസരണയുള്ളവരായി വന്നിരിക്കുന്നു. അങ്ങനെ രണ്ടു ദിവസങ്ങളിലായി അവയെ അവൻ ഏഴ് ആകാശങ്ങളാക്കിത്തീർത്തു. ഓരോ ആകാശത്തിനും അതിന്റെ കാര്യം അവൻ നിർദേശിക്കുകയും ചെയ്തു." (വി. ഖു. 41:11,12)

ശേഷം കാംപലിന്റെ നിരീക്ഷണങ്ങൾ കാണുക: "ആദ്യവചനത്തിൽ (10:3) സൃഷ്ടിദിനങ്ങൾ ആറ് എന്ന് കണക്കാക്കുന്നു. എന്നാലടുത്ത രണ്ടു വചനങ്ങളിൽ (41:9,10) ഭൂമിയെ സൃഷ്ടിക്കുവാൻ 2+ ആഹാരങ്ങൾ വ്യവസ്ഥപ്പെടുത്തുവാൻ 4+ ഏഴ് ആകാശങ്ങളാക്കി തീർക്കുവാൻ 2=8 ദിനങ്ങൾ എന്നും വരുന്നു. ഇവരണ്ടും വൈരുധ്യമല്ലേ? അരിസ്റ്റോട്ടിൽ പറഞ്ഞപോലെ ഗ്രന്ഥകാരന് സംശയത്തിന്റെ ആനുകൂല്യം നല്കുകയാണ് വേണ്ടത്."

സൂറഃ ഹാമീംസജദ ഒമ്പതാം വചനത്തിൽ രണ്ടു ദിവസങ്ങളിലായി ഭൂമിയെ സൃഷ്ടിച്ചു എന്ന് പ്രസ്താവിച്ച ശേഷം ഭൂമിയെയും അതിലൊരുക്കിയ സംവിധാനങ്ങളെയും സൂചിപ്പിക്കുന്ന അടുത്ത വചനത്തിൽ 4 ദിവസങ്ങളിലായിട്ടാണ് ചെയ്തത് എന്നാണ് അല്ലാഹു വെളിപ്പെടുത്തുന്നത്. അഥവാ ഭൂമിയുടെ സൃഷ്ടിപ്പും സംവിധാനങ്ങളുമടക്കം 4 ദിവസം എന്നാണ് പണ്ഡിതന്മാർ ഈ വചനത്തെ വ്യാഖ്യാനിച്ചിട്ടുള്ളത്. ഖുർആൻ വ്യാഖ്യാനഗ്രന്ഥങ്ങൾ പരിശോധിച്ചാൽ ഇത് വ്യക്തമാവും. അടുത്ത വചനങ്ങളിൽ ആകാശത്തിന്റെ സൃഷ്ടിപ്പ് രണ്ടു ദിവസം എന്നും വ്യക്തമാക്കിയിരിക്കെ ആകെ സൃഷ്ടിദിനങ്ങൾ ആറെന്നു തന്നെയാണ് വ്യക്തമാവുന്നത്. (യൂസുഫലിയുടെ വ്യാഖ്യാനം പരിശോധിക്കുക)

മാത്രമല്ല ഖുർആൻ 7:54, 11:7, 25:59, 32:4, 50:38, 57:4 വചനങ്ങളിലെല്ലാം തന്നെ സൃഷ്ടിദിനങ്ങൾ 6 എന്ന് വ്യക്തമാക്കിയിരിക്കെ 8 ദിവസം

എന്ന മറ്റൊരു വ്യാഖ്യാനത്തിനും ഖുർആനിൽ പഴുതില്ല എന്ന് മനസ്സിലാക്കാൻ വലിയ ഗണിതശാസ്ത്രമൊന്നും അറിയേണ്ടതില്ല. ആറ് സൃഷ്ടി ദിനങ്ങളെ ഖുർആൻ തന്നെ വിശദീകരിച്ചിരിക്കുന്നു. (41:9 മുതൽ 12 വരെ വചനങ്ങൾ.) അഥവാ ഖുർആൻ വചനങ്ങൾ മനസ്സിലാക്കേണ്ടത് മറ്റു ഖുർആൻ വചനങ്ങളോടൊപ്പം പ്രാമാണിക പണ്ഡിതവ്യാഖ്യാനങ്ങളും അവലംബിച്ചുകൊണ്ടായിരിക്കുക എന്നത് നിർബന്ധമാണ്. (മേൽ വചനങ്ങളിലെ ദിനങ്ങൾ കൊണ്ടുദ്ദേശിച്ചത് നമുക്ക് പരിചിതമായ ദിനങ്ങളാവാൻ വഴിയില്ല. പ്രത്യേക ഘട്ടങ്ങളായിരിക്കാനേ തരമുള്ളൂ- അമാനി മൗലവി)

## പ്രജനനശേഷിയും ഖുർആനികപരാമർശങ്ങളും

സൂറതുനിസാഇലെ 23ാംവചനം അവസാനഭാഗം കാണുക: "...നിങ്ങളുടെ മുതുകിൽ നിന്ന് പിറന്ന പുത്രന്മാരുടെ ഭാര്യമാരും (നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു)...." (വി.ഖു. 4:23)

ഇവിടെ നിങ്ങളുടെ മുതുകിൽ നിന്ന് പിറന്ന പുത്രന്മാർ എന്ന പരാമർശത്തെക്കുറിച്ച് കാംപൽ ഉന്നയിക്കുന്ന ആരോപണങ്ങൾ താഴെ പറയുന്നു: "ഇത് വൈദ്യശാസ്ത്രത്തിലെ ഒരു മുന്നറിവാണെന്ന് മുസ്‌ലിംകൾ അവകാശപ്പെടുന്നു. ഇത് പൂർണമായും അസാധ്യമെന്ന് പറയാവതല്ലെങ്കിലും സൃഷ്ടിപ്പിന്റെ മഹത്വം ഇതുപോലെ അവ്യക്തമായി പറയേണ്ടതുണ്ടോ? ഇതൊരു വാക്യാലങ്കാരമാണ്. 'ഇബ്നുസുൽബി'ന് സ്വന്തം മകൻ എന്ന അലങ്കാരം പലരും ഉദാഹരിച്ചിട്ടുണ്ട്."

വിവാഹബന്ധം അനുവദനീയമേത്, നിഷിദ്ധമേത് എന്ന് വ്യക്തമാക്കുന്ന ഒരു ഖുർആൻ വചനമാണിവിടെ ചർച്ച ചെയ്യപ്പെട്ടിരിക്കുന്നത്. ശാസ്ത്രീയമായൊരു മുന്നറിവോ ശരീരശാസ്ത്രം പഠിപ്പിക്കുകയോ അല്ല ഇവിടെ ഉദ്ദേശ്യം. പ്രത്യുല്പാദനാവയവങ്ങളെക്കുറിച്ചുള്ള ചർച്ചയുമല്ല ഈ വചനം. സ്വന്തം സന്താനങ്ങൾ എന്ന് തന്നെയാണ് 'നിങ്ങളുടെ മുതുകിൽ നിന്ന് പിറന്ന' എന്ന വാക്യത്തിന്റെ ആശയം എന്ന് പ്രാമാണിക വ്യാഖ്യാനങ്ങൾ പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്.

'ദൈവം തന്റെ സൃഷ്ടിവൈഭവത്തിന്റെ മഹത്വം തെളിയിക്കാൻ ശാസ്ത്രത്തെക്കുറിച്ച് ചർച്ചപോലും ചെയ്യാത്തിടത്ത് ഇതുപോലെ അവ്യക്തമായ ഒരു വസ്തുതയെക്കുറിച്ചൊരു വാക്യം എന്തിനാണ് പറഞ്ഞിരിക്കുന്നത്' എന്നാണ് കാംപലിന്റെ ചോദ്യം. ഭാഷാ പണ്ഡിതന്മാർക്കോ ഖുർആൻ വ്യാഖ്യാതാക്കൾക്കോ മേൽ വാക്യത്തിന്റെ അർഥത്തിലോ ആശയത്തിലോ വസ്തുതയിലോ യാതൊരു അവ്യക്തതയും ഇല്ല എന്ന് വ്യാഖ്യാന ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ മനസ്സിലാവും.

'ഗർഭസ്ഥശിശു രൂപം പ്രാപിക്കുമ്പോൾ വൃക്കകളുടെ ഭാഗത്ത് നിന്നാണ് ആണിന്റെ വൃഷണങ്ങൾ ഇറങ്ങിവരുന്നതെന്നുള്ള ആധുനിക വൈദ്യശാസ്ത്രത്തെക്കുറിച്ചൊരു മുന്നറിവാണീ വാക്യ'മെന്ന് അദ്ദേഹ



ത്തിന്റെ ഒരു മുസ്‌ലിം സ്നേഹിതൻ അവകാശത്തപ്പെട്ടതാണ് കാംപെലിന്റെ ആരോപണങ്ങൾക്കടിസ്ഥാനം. ഇതിനെക്കുറിച്ചദ്ദേഹം തുടർന്നു പറയുന്നത് യുക്തിപരമായി ഇത് പൂർണമായും അസാധ്യമാണെന്ന് പറയാൻ കഴിയില്ല എന്നാണ്. എങ്കിൽ പിന്നെ ഈ വചനം വിവാദങ്ങൾക്കൊരു പഴുതും നല്കുന്നില്ല.

## ഖുർആനിലെ 'മുൻകൂട്ടി പറയുക എന്ന അത്ഭുതം'

സൂറതുഅഅ്റാഫിലെ 172ാം വചനമാണ് തുടർന്നുള്ള ചർച്ചാവിഷയം. "നിന്റെ രക്ഷിതാവ് ആദം സന്തതികളിൽ നിന്ന്, അവരുടെ മുതുകുകളിൽ നിന്ന് അവരുടെ സന്താനങ്ങളെ പുറത്തുകൊണ്ടുവരികയും അവരുടെ കാര്യത്തിൽ അവരെ തന്നെ അവൻ സാക്ഷിനിർത്തുകയും ചെയ്ത സന്ദർഭവും (ഓർക്കുക). (അവൻ ചോദിച്ചു:) ഞാൻ നിങ്ങളുടെ രക്ഷിതാവല്ലെയോ? അവർ പറഞ്ഞു: അതെ, ഞങ്ങൾ സാക്ഷ്യം വഹിച്ചിരിക്കുന്നു...." (7:172). ദൈവസൃഷ്ടിയായ മനുഷ്യൻ അവന്റെ രക്ഷിതാവിനെക്കുറിച്ച് സ്വയം സാക്ഷിയാവുന്നതാണ് ഈ വചനത്തിന്റെ ആശയം.

ഇവിടെ 'അവരുടെ മുതുകുകളിൽനിന്ന്' എന്ന പദം 'പ്രജനനശക്തി' 'പൗരുഷത്തിന്റെ കേന്ദ്രം' എന്നിങ്ങനെയുള്ള അർഥത്തിൽ മധ്യപൂർവദേശത്തെ പ്രാചീന ഭാഷാരീതിയിൽ ഉപയോഗിക്കപ്പെട്ടുവന്നിരുന്നുവെന്ന് സമ്മതിച്ചുകൊണ്ട് മേൽ പദപ്രയോഗത്തിലോ അർഥത്തിലോ അസാധാരണമോ അശാസ്ത്രീയമോ ആയി ഒന്നുമില്ല എന്ന് സൂചിപ്പിച്ച ശേഷം ഡോ. കാംപൽ ഉന്നയിക്കുന്ന പ്രശ്നം ഇത് ഖുർആനിലെ 'മുൻകൂട്ടിപറയുക എന്ന അത്ഭുതത്തിന്' തടസ്സമാണ് എന്നാണ്. കാരണം ഇതേ ആശയം ബൈബിളിലെ പഴയ നിയമത്തിലും കാണാമെന്നുള്ളതാണ്. ഹിബ്രു ഭാഷയിലെ 'ഖെലാത്ത്സ്' (Chalats) എന്ന പദത്തിന് അറബി ഭാഷയിലെ 'സുൽബ്' എന്ന പദത്തിന്റെ അതേ അർഥമാണ്. 'അരയിൽ ചാക്ക് കെട്ടുക' (യെശയ്യ 32:1), 'ഓരോ പുരുഷനും അരക്കെട്ടിലൂന്നിയ കൈയുമായി' (യെരമ്യ 30:6), ദൈവം യാക്കോബിനോട് സംസാരിക്കുമ്പോൾ, 'രാജാക്കന്മാർ നിന്റെ അരക്കെട്ടിൽ നിന്ന് ജനിക്കും' (തോറ-ഉല്പത്തി 35:11) എന്നിങ്ങനെ പറയുന്ന ബൈബിൾ വചനങ്ങളിൽ 'ഖെലാത്ത്സ്' എന്ന പദത്തിന് പൗരുഷത്തിന്റെയും പ്രത്യുല്പാദനത്തിന്റെയും സ്ഥാനമാണ് അലങ്കാരഭാഷയിൽ പറഞ്ഞിരിക്കുന്നത് എന്നദ്ദേഹം തെളിവുമുദ്ധരിക്കുന്നുണ്ട്.

ഖുർആൻ എല്ലാം മുൻകൂട്ടി പറയുന്നുവെന്നും ആദ്യം പറയുന്നു എന്നും മുസ്‌ലിംകൾ അവകാശപ്പെടുന്നതായുള്ള തെറ്റിദ്ധാരണയാണ് ഇതുപോലുള്ള അദ്ദേഹത്തിന്റെ പല പ്രസ്താവനകൾക്കും കാരണം. മുൻവേദങ്ങളിലെ ഏകദൈവവിശ്വാസപരവും ശാസ്ത്രീയ സാധുതയുള്ളതുമായ ചില കാര്യങ്ങൾ ഖുർആൻ ആവർത്തിക്കുന്നത് അതിന്റെ

അമാനുഷികതയ്ക്ക് തടസ്സമാവുന്നില്ല. എന്നാൽ വ്യാപകമായ മാറ്റത്തിരുത്തലുകൾക്ക് വിധേയമായി വ്യത്യസ്ത പതിപ്പുകൾ തന്നെ നിലനില്ക്കുന്ന മുൻവേദങ്ങളിൽ കടന്നുകൂടിയ വൈരുധ്യങ്ങളോ വിശ്വാസവൈകല്യങ്ങളോ അശാസ്ത്രീയ പ്രസ്താവനകളോ ഖുർആൻ ആവർത്തിക്കുന്നില്ല എന്നത് ഖുർആന്റെ അമാനുഷികതയല്ലാതെ മറ്റൊന്നുമല്ല. (ഡോ. മോറിസ് ബുക്കായ് തന്റെ 'Quran, Bible, Science' എന്ന കൃതിയിൽ നിരത്തിയ ഇത്തരം നിരവധി ഉദാഹരണങ്ങൾക്ക് ആ ഗ്രന്ഥത്തിന് മറുപടിയെഴുതിയ ഡോ. കാംപൽ യാതൊരു വിശദീകരണവും നല്കുന്നില്ല എന്ന് പരിശോധിച്ചാൽ മനസ്സിലാകും.

## അരക്കെട്ടിന് 'സുൽബ്' എന്ന് പ്രയോഗിച്ചത്

കാംപൽ പറയുന്നു: "പ്രത്യേകമായിട്ടൊരു വിശദീകരണവും ആവശ്യമില്ലാത്ത ഒരു ഖുർആൻ വചനത്തിൽ അരക്കെട്ടിന് 'സുൽബ്' എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. ഇത് ബൈബിൾ ചെയ്യാത്ത ഒരു കാര്യമാണ്. ഇതാണ് മൂന്നാമത്തെ ഏറ്റവും വലിയ പ്രശ്നം." വിമർശന വിധേയമായ ഖുർആൻ വചനം താഴെ പറയുന്നു: ''എന്നാൽ മനുഷ്യൻ ചിന്തിച്ചുനോക്കട്ടെ, താൻ എന്തിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന്. തെറിച്ചുവീഴുന്ന ഒരു ദ്രാവകത്തിൽ നിന്നത്രെ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മുതുകെല്ലിനും നെഞ്ചെല്ലുകൾക്കുമിടയിൽ നിന്നത് പുറത്തുവരുന്നു" (വി.ഖു. 86:5-7). തുടർന്ന് കാംപൽ ഉന്നയിക്കുന്ന മറ്റ് ആരോപണങ്ങൾ കാണുക: "ശുക്ലം നട്ടെല്ലിന്റെയോ വൃക്കയുടെയോ ഭാഗത്ത് നിന്നാണുണ്ടാവുന്നത്. അല്ലാതെ വൃഷണങ്ങളിൽ നിന്നല്ലയെന്ന സങ്കീർണാവസ്ഥയിലാണ് നമ്മൾ. അബ്ദുല്ലാ യൂസുഫലി (1946 ഈജിപ്ത്), മുഹമ്മദ് മർമദ്യൂക് പിക്താൾ (1977ഇംഗ്ലണ്ട്), മുഹമ്മദ് സഫറുല്ലാഖാൻ (1971- പാകിസ്താൻ), മുഹമ്മദ് ഹമീദുല്ല (1981- ഫ്രാൻസ്), ഡി മാസൺ (1967ഫ്രാൻസ്) എന്നിവരെല്ലാം പറഞ്ഞിട്ടുള്ളത് അരക്കെട്ടിന്റെയും വാരിയെല്ലിന്റെയും ഇടയിൽ നിന്ന് പുറപ്പെടുന്ന ദ്രാവകം എന്നാണ്. 'പുറത്തേക്കൊഴുകുന്ന ദ്രാവകത്തിൽ നിന്നാണ് മനുഷ്യനെ രൂപപ്പെടുത്തിയിരിക്കുന്നത്, ഇത് പുരുഷ ലൈംഗിക ഭാഗങ്ങളും (സുൽബ്) സ്ത്രീ ലൈംഗിക ഭാഗങ്ങളും (തറാഇബ്) ബന്ധപ്പെടുമ്പോഴാണ് എന്ന മോറിസ് ബുക്കായിയുടെ പരാമർശം ഒരു പരിഭാഷയല്ല വ്യാഖ്യാനമാണ്. സുൽബിനും തറാഇബിനും ലൈംഗിക ഭാഗം എന്നർഥമില്ല. 'മിൻബൈനി സുൽബി വതറാഇബ്'ലെ 'മിൻബൈനി' എന്നാൽ ഇടയിൽ നിന്ന് എന്നാണ്, ബന്ധപ്പെടുന്നതിന്റെ ഫലമായി എന്നല്ല."

മേൽ ആരോപണങ്ങളെ നമുക്ക് പരിശോധിക്കാം: വിമർശനവിധേയമായ മേൽ ഖുർആൻവചനം ആധുനികരും പൗരാണികരുമായ വ്യാഖ്യാതാക്കൾ വേണ്ടത്ര ചർച്ചചെയ്തിട്ടുണ്ട്. ആദ്യകാല വ്യാഖ്യാനങ്ങൾ (ത്വബ്രി, ഇബ്നുകസീർ, ജലാലൈനി) ഭൂരിപക്ഷവും സൂചിപ്പിച്ചിട്ടുള്ളത് പുരുഷബീജം മുതുകെല്ലിന്റെ പിന്നിലും സ്ത്രീബീജം വാരിയെല്ലുകൾക്കിടക്കും രൂപപ്പെടുന്നു എന്നായിരുന്നു. ഇബ്നുഖയ്യിം, ഖുർത്വുബി പോലുള്ള ചുരുക്കം ചിലർ പുരുഷന്റെയും സ്ത്രീയുടെയും ബീജങ്ങൾ രൂപപ്പെടുന്നത് മുതുകെല്ലിനും വാരിയെല്ലിനും ഇടയിൽ (ഇടുപ്പിൽ) ആണെന്നാണീ വചനത്തിന്റെ ആശയം എന്നാണ് പ്രസ്താവിച്ചിട്ടുള്ളത്. ഹിജ്റ 13ാം നൂറ്റാണ്ടിൽ ജീവിച്ച ഹസനുൽബസ്വരിയും മുൻ ശൈഖുൽ അസ്ഹർ മറാഗിയും ഈ അഭിപ്രായക്കാരാണ്. മോറിസ് ബുക്കായി തന്റെ ആശയം അവതരിപ്പിക്കുന്നത് ബൈറൂത്തിലെ മുൻ മെഡിസിൻ വിഭാഗം പ്രൊഫസർ Giraudനെ ഉദ്ധരിച്ചുകൊണ്ടാണ്. (സുൽബും തറാഇബും സ്ത്രീ-പുരുഷ Sexual area എന്ന പരിഭാഷ). മേൽ വചനത്തിന്റെ ശാസ്ത്രീയതയും വേണ്ടത്ര വിശകലനം ചെയ്യപ്പെട്ട ഒരു വിഷയം തന്നെയാണ്. നമുക്ക് പരിശോധിക്കാം.

ശിശുവിൽ ബീജഗ്രന്ഥികൾ ആദ്യം പ്രത്യക്ഷപ്പെടുന്നത് വളർച്ചയെത്തുമ്പോൾ ഇടുപ്പ് ആയി രൂപപ്പെടുന്ന Mesonephros നും മുതുകുവശത്തെ mesentery യ്ക്കും ഇടയ്ക്കുള്ള മധ്യരേഖയിലാണ്. പിന്നീട് ആൺശിശുവിന്റെ ബീജഗ്രന്ഥി ശിശുജനനം വരെ താഴ്ന്നുകൊണ്ടിരിക്കുകയും ഇടുപ്പുഭാഗത്തെ നാളി വഴി വൃഷണ സഞ്ചിയിലെത്തുകയുമാണ് ചെയ്യുന്നത്. പെൺശിശുവിന്റെ ബീജഗ്രന്ഥികൾ (ovary) ഇടുപ്പിനോട് ചേർന്ന അണ്ഡാശയത്തിലും വന്നു നില്ക്കുന്നു. പുരുഷ ബീജഗ്രന്ഥി വൃഷണത്തിലേക്കിറങ്ങുന്നുവെങ്കിലും ഞരമ്പുകളുടെ വിന്യാസവും നാളികളും ശുക്ലാണുവിനാവശ്യമായ ദ്രവവും പോഷണവും ഒരുക്കുന്ന ഗ്രന്ഥികളും (Seminal Vescicles) ഖുർആൻ പരാമർശിച്ചിട്ടുള്ള ഇടുപ്പിന്റെ ഭാഗത്ത് തന്നെയാണ് സ്ഥിതിചെയ്യുന്നത്. ബീജം ഉല്പാദിപ്പിക്കപ്പെടുന്നത് വൃഷണങ്ങളിലാണെങ്കിലും അവ ബന്ധപ്പെട്ട നാളികൾ വഴി മേൽ പ്രദേശത്ത് എത്തിച്ചേർന്ന് വീര്യം സംഭരിക്കുന്നു. മാത്ര




*ലൈംഗിക ഗ്രന്ഥികൾ ആറാമത്തെ ആഴ്ച. ആൺ(a) പെൺ(b) ജനനേന്ദ്രിയങ്ങൾ ഈ ഘട്ടത്തിൽ തിരിച്ചറിയാൻ പറ്റില്ല. (Weather and Climet, Bodin Savte-1978, pa123)*




*(a) ആൺ ലൈംഗിക ഗ്രന്ഥികൾ നാലാമത്തെ ആഴ്ച*
*(b) വൃഷണം ഇറങ്ങിവന്ന ശേഷം.*

*(Langman Medical Embryology)*

മല്ല പുറത്തേക്കൊഴുകുന്നതും ഈ ഭാഗത്തുള്ള 'Ejaculation duct' വഴിയാണ്. ഇക്കാര്യങ്ങൾ ഗ്രഹിച്ചശേഷം ബന്ധപ്പെട്ട ഖുർആൻ വചനം ഒരിക്കൽ കൂടി വായിക്കുമ്പോൾ മുതുകെല്ലിനും വാരിയെല്ലിനും ഇടയ്ക്കുള്ള ഭാഗവും പ്രത്യുല്പാദന വ്യൂഹവും തമ്മിലുള്ള ബന്ധം മനസ്സിലാക്കാവുന്നതേയുള്ളൂ. ഇത്തരം വചനങ്ങൾക്ക് പണ്ഡിതന്മാർ നല്കുന്ന വ്യാഖ്യാനങ്ങൾ അവരുടെ കാലഘട്ടത്തിലെ അറിവും ധാരണയുമനുസരിച്ചായിരിക്കും. ശാസ്ത്രം കൂടുതൽ കൃത്യമായി കാര്യങ്ങൾ മനസ്സിലാക്കുന്നതോടെ ഖുർആനിക വചനങ്ങളുടെ വ്യാഖ്യാനവും കൂടുതൽ കൃത്യമായി അനാവരണം ചെയ്യപ്പെട്ടിരിക്കും.

## ഖുർആനിലെ ഭ്രൂണശാസ്ത്രം

കാംപെൽ ഖുർആനിലെ ഭ്രൂണശാസ്ത്രത്തെക്കുറിച്ച് നടത്തുന്ന ചർച്ച സുദീർഘമാണ്. 'അലഖ്' എന്ന പദത്തിന് ഇന്ന് കല്പിക്കപ്പെടുന്ന അർഥത്തെക്കുറിച്ച് വിശദമായൊരന്വേഷണം നടത്തുന്നുണ്ട് അദ്ദേഹം. അദ്ദേഹം പഠനവിധേയമാക്കിയ ചില സുപ്രധാന ഖുർആൻ വചനങ്ങൾ പരിശോധിക്കാം.

"മനുഷ്യരേ, ഉയിർത്തെഴുന്നേല്പിനെപ്പറ്റി നിങ്ങൾ സംശയത്തിലാണെങ്കിൽ (ആലോചിച്ചു നോക്കുക) തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽ നിന്നും പിന്നീട് ബീജത്തിൽ നിന്നും പിന്നീട് ഭ്രൂണത്തിൽ നിന്നും (അലഖ്) അനന്തരം രൂപംനല്കപ്പെട്ടതും രൂപംനല്കപ്പെടാത്തതുമായ മാംസപിണ്ഡത്തിൽ നിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി പറയുകയാകുന്നു..."(വി.ഖു. 22:5)

'തീർച്ചയായും നാം മനുഷ്യനെ കളിമണ്ണിന്റെ സത്തിൽ നിന്നും സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ബീജമായിക്കൊണ്ടവനെ നാം ഭദ്രമായൊരു സ്ഥാനത്തുവെച്ചു. പിന്നീട് ആ ബീജത്തെ നാം ഒരു ഭ്രൂണമായി (അലഖ്) രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ ഒരു മാംസപിണ്ഡമായി രൂപപ്പെടുത്തി. തുടർന്ന് ആ മാംസപിണ്ഡത്തെ അസ്ഥികൂടമായി രൂപപ്പെടുത്തി; എന്നിട്ട് അസ്ഥികൂടത്തെ നാം മാംസംകൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു." (വി.ഖു. 23:12-14)

"അവൻ സ്രവിക്കപ്പെടുന്ന ശുക്ലത്തിൽ നിന്നുള്ള ഒരു കണമായിരുന്നില്ലേ? പിന്നെ അവൻ ഒരു ഭ്രൂണമായി (അലഖ്). എന്നിട്ട് അല്ലാഹു അവനെ സൃഷ്ടിച്ചൊരുക്കി." (വി.ഖു. 75:37-39)

"മനുഷ്യനെ അവൻ ഭ്രൂണത്തിൽ (അലഖ) നിന്ന് സൃഷ്ടിച്ചിരിക്കുന്നു." (വി.ഖു. 96:2)

മേൽവചനങ്ങളെ ഉദ്ധരിച്ചുകൊണ്ട് ഡോ. കാംപെൽ ഉന്നയിക്കുന്ന ആരോപണങ്ങൾ താഴെ പറയുംപ്രകാരം സംഗ്രഹിക്കാം: "കഴിഞ്ഞ നൂറിൽപരം വർഷങ്ങളായി അലഖ എന്ന പദം തർജുമ ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത് A clot, A clot of blood, Blood clot (ചോരക്കട്ട) എന്നാണ്." (ഇതിനായി ഫ്രഞ്ച്, ചൈനീസ്, മലയ്, ഇന്തോനേഷ്യൻ ഭാഷകളിലായി പന്ത്രണ്ടോളം ഖുർആൻ പരിഭാഷകൾ അദ്ദേഹം തെളിവായുദ്ധരിക്കുന്നു). "ഭ്രൂണം രൂപപ്പെടുമ്പോൾ ഒരിക്കലും ചോരക്കട്ടയായിരിക്കുക എന്നൊരവസ്ഥയില്ല. ഡോ. മോറിസ് ബുക്കായിയാണ് 'അലഖ'യ്ക്ക് ആദ്യമായി പറ്റിപ്പിടിച്ചിരിക്കുന്നത് എന്നർഥം പറഞ്ഞത്. മേൽ ഉദ്ധരിച്ച 12 വിവർത്തകരും അലഖയുടെ സംയുക്ത ബഹുവചനരൂപമാണ് പരിഗണിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് (രക്തക്കട്ട എന്ന അർഥം) പരിഭാഷപ്പെടുത്തിയതും. എന്നാൽ 'അലഖ'യുടെ ക്രിയാനാമമായ അലഖിന് തൂങ്ങിക്കിടക്കൽ, ഒട്ടിക്കിടക്കൽ, പറ്റിപ്പിടിക്കൽ, കൂടിച്ചേരൽ എന്നെല്ലാം അർഥവിവക്ഷയുണ്ട്. ഡോ. ബശീർ ടോർക്കി (ടുനീഷ്യ) സൂറ 96ലെ വചനങ്ങളെ വ്യാഖ്യാനിച്ചുകൊണ്ട് ദൈവം മനുഷ്യനെ സന്ധി (Bonds, links)യിൽ നിന്ന് സൃഷ്ടിച്ചു എന്നും ആദ്യവചനത്തിലെ ഇഖ്റഅ് (വായിക്കുക) ജീൻകോഡുകളെ വായിക്കാനും മൂന്നാം വചനത്തിലെ 'ഇഖ്റഅ്' ഖുർആൻ വായിക്കാനുമാണെന്നും പറഞ്ഞിരിക്കുന്നതും വിശ്വാസയോഗ്യമല്ല."

"സ്ത്രീഅണ്ഡമില്ലാതെ പുംബീജം മാത്രം തനിയെ പശപോലുള്ള അണ്ഡകോശങ്ങളല്ല, പശപോലെയാണെങ്കിൽ അത് ഗർഭകാലം മുഴുവൻ അങ്ങനെ ഇരിക്കേണ്ടതല്ലേ" തുടങ്ങിയുള്ള ആരോപണങ്ങളാണ് കാംപെൽ ഖുർആനിനെതിരെ ഉന്നയിച്ചിരിക്കുന്നത്.

'ഇഖ്റഅ്', 'അലഖ്' എന്നീ പദങ്ങൾക്ക് ഡോ. ബശീർ ടോർക്കിയുടേതായി പറയുന്ന വ്യാഖ്യാനം അദ്ദേഹത്തിന്റെ സ്വന്തം അഭിപ്രായമായി മാത്രമേ പരിഗണിക്കേണ്ടതുള്ളൂ. അത് പ്രാമാണികരുടെ പൊതു അഭിപ്രായവുമായി യോജിക്കുന്നതല്ല.

അലഖ് എന്ന പദത്തിന്റെ അർഥത്തെക്കുറിച്ച് നമുക്ക് പരിശോധിക്കാം. 'അലിഖ'യുടെ ക്രിയയിൽ നിന്നുള്ള നാമമാണ് അലഖ്. അഞ്ച് വചനങ്ങളിലായി ആറ് സ്ഥലങ്ങളിൽ ഈ പദം ഖുർആൻ പ്രയോഗിച്ചത് കാണാം. ഒരു സ്ഥലത്ത് അതിന്റെ ബഹുവചന രൂപമായ 'അലഖ്' ഉം മറ്റഞ്ച് സ്ഥലങ്ങളിൽ അതിന്റെ ഏകവചന രൂപമായ 'അലഖ' (അലഖത്ത്)യും പ്രയോഗിച്ചിരിക്കുന്നു. ഭാഷാപരമായി ഇവയ്ക്ക് നല്കിയിരിക്കുന്ന പ്രധാനപ്പെട്ട അർഥങ്ങൾ ഇനി പറയുന്നവയാണ്. 1) അട്ട, 2) തൂക്കിയിട്ട വസ്തു (പറ്റിപ്പിടിച്ചത്), 3) രക്തക്കട്ട.

ലോകപ്രശസ്ത അനാട്ടമി വിദഗ്ധനും ഭ്രൂണശാസ്ത്രത്തിൽ ഒരു വൈദ്യശാസ്ത്ര പാഠപുസ്തകം രചിച്ച വ്യക്തിയുമായ ഡോ. കീത്ത്മൂർ ഭ്രൂണത്തെ അട്ടയോട് സാദൃശ്യപ്പെടുത്തിയിട്ടുണ്ട് (Embryo drawing from the developing human, Moore and Persaud 5th ed,p 73). കടിച്ചു തൂങ്ങിക്കിടക്കുന്ന അവസ്ഥയിൽ മാത്രമല്ല ആകൃതിയിലും ഭ്രൂണത്തെ

അട്ടയോട് സാമ്യപ്പെടുത്താമെന്ന് അദ്ദേഹം ചിത്രത്തിന്റെ സഹായത്തോടെ വ്യക്തമാക്കിയത് കാണുക.




*മനുഷ്യഭ്രൂണവും നീരട്ടയും തമ്മിലുള്ള സാമ്യം തെളിയിക്കുന്ന ചിത്രീകരണം*
*(The developing human moore and persaud -5th ed., page 73*

എന്നാൽ ഈ അഭിപ്രായത്തെ ഖണ്ഡിക്കുന്നതിന് വേണ്ടി ജപ്പാനിലെ kyoto University യിലെ പ്രൊഫസർ Hideo Nishimura തയ്യാറാക്കിയ 4 ആഴ്ച പ്രായമായ ഭ്രൂണത്തിന്റെ ഫോട്ടോഗ്രാഫ് കാംപെൽ പ്രദർശിപ്പിച്ചിരിക്കുന്നു. ഈ അവസ്ഥ ഒട്ടും നീരട്ടയെപ്പോലെയല്ല എന്നാണ് തുടർന്ന് കാംപെൽ പ്രസ്താവിക്കുന്നത്. എന്നാൽ ഡോ. കീത്ത്മൂർ ചിത്രീകരിച്ച ഭ്രൂണാകൃതിയെ മറ്റൊരു കോണിൽ പ്രദർശിപ്പിച്ചുകൊണ്ടാണദ്ദേഹം ഈ വാദഗതിയെ തെളിയിക്കാൻ ശ്രമിച്ചിരിക്കുന്നത്. (ഒരു തടിച്ച പുസ്തകത്തിന്റെ ഉപരിഭാഗം ഒരു പ്രതലത്തിന് സമാന്തരമായി പിടിക്കുമ്പോഴും ലംബമായി പിടിക്കുമ്പോഴും നമുക്കനുഭവപ്പെടുന്ന ആകൃതി വ്യത്യാസം വ്യക്തമാക്കിക്കൊണ്ട് ഡോ. സാകിർനായിക് ഇക്കാര്യം വിശദീകരിക്കുന്നുണ്ട്. കാംപെൽ-സാകിർനായിക് ചിക്കാഗോ സംവാദത്തിന്റെ വീഡിയോ ചിത്രീകരണം കാണുമ്പോൾ ഇക്കാര്യം എളുപ്പം മനസ്സിലാവും). പ്രദർശിപ്പിക്കപ്പെട്ട നിഷിമുറായുടെ എക്സ്റേ ചിത്രം തന്നെയും ഈ അവസ്ഥയിൽ അട്ടയും ഭ്രൂണവുമായുള്ള സാദൃശ്യം തള്ളിക്കളയുന്നതല്ല.

നീരട്ടയെപോലുള്ള ആകൃതി എന്നല്ലല്ലോ അലഖിന് അർഥം. 'നീരട്ടയായിത്തീർന്ന ബീജങ്ങളിൽ നിന്ന്' എന്നല്ലേ പറയേണ്ടത് എന്നാണ് കാംപെലിന്റെ അടുത്ത ചോദ്യം. യഥാർഥത്തിൽ പരിഭാഷകരോ പ്രാമാണിക വ്യാഖ്യാതാക്കളോ ഒന്നും തന്നെ അലഖിന് അട്ട എന്നർഥം കല്പി



ച്ചവരല്ല, അട്ടപോലുള്ളത് എന്നും പറയുന്നില്ല. പദത്തിന്റെ വ്യത്യസ്താർഥങ്ങൾ പരിഗണിക്കുമ്പോൾ അത് ഭ്രൂണത്തിന്റെ പ്രത്യക്ഷ സ്വഭാവ വിശേഷങ്ങളുമായി എങ്ങനെ പൊരുത്തപ്പെടുന്നുവെന്ന് പരിശോധിക്കുക മാത്രമാണ് ആധുനികരിൽ ചിലർ ചെയ്തിട്ടുള്ളത്.

'അലഖി'ന്റെ രണ്ടാമത്തെ അർഥം Suspended thing (തൂങ്ങിക്കിടക്കുന്നത്, പറ്റിക്കിടക്കുന്നത്) എന്നതാണ്. ബീജസങ്കലനം നടന്ന അണ്ഡം വളർന്നു Blastula എന്ന് വിളിക്കപ്പെടുന്ന അവസ്ഥയിലെത്തുകയും അത് ഗർഭപാത്രത്തിലെത്തി 6-7 ദിവസത്തിനുള്ളിൽ ഗർഭാശയ ഭിത്തിയിൽ ഒട്ടിപ്പിടിച്ചു കിടക്കുകയും ചെയ്യുന്നു. കീത്ത്മൂർ തന്റെ The Developing Human (P 6668) എന്ന കൃതിയിൽ ഇക്കാര്യവും വ്യക്തമായി ചിത്രീകരിച്ചിട്ടുണ്ട്.

അലഖിന്റെ മൂന്നാമത്തെ അർഥം 'രക്തക്കട്ട' എന്നാണ്. പ്രാമാണികരെല്ലാം സ്വീകരിച്ചിട്ടുള്ളതും ഈ അർഥം തന്നെയാണ്. അതും വ്യക്തമായ കാരണങ്ങളോടെയാണ്. അലഖ് ഘട്ടം സാധാരണ നിരീക്ഷകനെ സംബന്ധിച്ചിടത്തോളം ഒരു രക്തക്കട്ട തന്നെയാണ്. കാരണം ഈ അവസ്ഥയിൽ ഭ്രൂണത്തിൽ രക്തത്തിന്റെ അളവ് താരതമ്യേന കൂടുതലായിരിക്കും. രക്തചംക്രമണം ആരംഭിക്കുന്നത് മൂന്നാഴ്ച കഴിയുന്നതോടെയാണ്. അതുകൊണ്ട് അലഖ ഘട്ടത്തിലെ ഭ്രൂണം ആവരണം ചെയ്യപ്പെട്ട ഒരു രക്തക്കട്ടപോലെയാണ് ദൃശ്യമാവുക.



*അലഖ് ഘട്ടത്തിൽ ഭ്രൂണം ഗർഭാശയ ഭിത്തിയിൽ തൂങ്ങിക്കിടക്കുന്നു.*
*(The developing human moore and Persaude-5th ed., page 66*



*15 ദിവസം പ്രായമായ (അലഖ് ഘട്ടം) ഭ്രൂണം (0.6 mm വലിപ്പം) തൂങ്ങിക്കിടക്കുന്നതിന്റെ ഫോട്ടോ മൈക്രോഗ്രാഫ്*
*(The developing human moore-3rd ed., page 66*

ഡോ. കീർത്ത്മൂർ ഈ ഘട്ടത്തിൽ വളർന്നുവരുന്ന രക്തചംക്രമണ വ്യവസ്ഥയുടെ ചിത്രത്തിന്റെ സഹായത്തോടെ ഇത് വ്യക്തമാക്കുന്നത് കാണുക.



*അലഖ് ഘട്ടത്തിലുള്ള ഭ്രൂണത്തിൽ രക്തചംക്രമണ വ്യവസ്ഥ രൂപപ്പെട്ടു വരുന്നതിന്റെ രേഖാചിത്രം. ഈ അവസ്ഥ ഒരു മാംസക്കട്ടയോട് സമാനമാണ്. (The developing human moore-5th ed., page 65*

എന്നാൽ എനിക്ക് അറബി അറിയില്ലെന്നും രക്തക്കട്ട എന്ന ഒരവസ്ഥ ഭ്രൂണത്തിനില്ലെന്നും ഡോ. മൂർ ഒരു സ്വകാര്യ സംഭാഷണത്തിൽ തന്നോട് പറഞ്ഞതായിട്ടും കാംപെൽ ഉദ്ധരിക്കുന്നു. നാം ചർച്ചചെയ്ത അലഖിന്റെ മൂന്നർഥങ്ങളും കീത്ത്മൂർ തന്റെ The developing human എന്ന കൃതിയിലും Human development as described in the quran and Sunna എന്ന പ്രബന്ധത്തിലും സചിത്രം വ്യക്തമാക്കിയിരിക്കെ അദ്ദേഹത്തിന്റെ പേരിൽ പറയപ്പെടുന്ന സ്വകാര്യ സംഭാഷണങ്ങൾക്ക് പ്രസക്തിയില്ല. ഡോ. കീത്ത് മൂറിന്റെ ഭ്രൂണശാസ്ത്രത്തിലുള്ള ആധികാരികതയെ ഡോ. കാംപെൽ അംഗീകരിക്കുന്നുമുണ്ട്.

അലഖിന് ഇങ്ങനെയുള്ള അർഥങ്ങൾ പൗരാണിക അറബി ഭാഷയിലുണ്ടായിരുന്നോ? ആദ്യകാല അർഥങ്ങൾ തെറ്റാണെന്നു പറയാൻ ഡോ. ബുക്കായിയെ പോലുള്ളവർക്ക് അവകാശമുണ്ടോ? അവതരണകാലത്തെ അറബികൾ മനസ്സിലാക്കിയ അർഥങ്ങളെ വ്യത്യാസപ്പെടുത്താമോ? എന്നൊക്കെയുള്ള സംശയങ്ങളും അദ്ദേഹം ഉന്നയിക്കുന്നുണ്ട്. അലഖിന്റെ ഭാഷാപരമായ വ്യത്യസ്താർഥങ്ങൾ അറബി ഭാഷയിൽ ജ്ഞാനമുള്ളവർ പഠിക്കുകയും വിവരിക്കുകയും ചെയ്തതാണ്. (A brief illustrated guide to understanding islam, IInd Edition Darussalam, Houston, Page 6 പരിശോധിക്കുക. ഇത്. Al haramain islamic foundation Saudi Arabia വിതരണം ചെയ്യുന്നുണ്ട്) പൗരാണികരിൽ പ്രാമാണികർ പറഞ്ഞ അർഥങ്ങൾ തെറ്റാണെന്ന് വിലയിരുത്താൻ ആർക്കും അവകാശമില്ല. അവയിൽ ഒളിഞ്ഞിരിക്കുന്ന ശാസ്ത്രീയ സത്യങ്ങൾ പുതിയ തെളിവുകളുടെ വെളിച്ചത്തിൽ വിശദീകരിക്കുക മാത്രമാണ് ആധുനിക പണ്ഡിതന്മാർ ചെയ്തിട്ടുള്ളത്.



## മാംസപേശികൾക്ക് മുമ്പ് അസ്ഥികളോ?

“ഖുർആനിൽ പറഞ്ഞത് ആദ്യം അസ്ഥിയാണ് സൃഷ്ടിക്കപ്പെടുന്നത് എന്നും പിന്നീടതിന്റെ ചുറ്റും മാംസം പൊതിയുകയാണെന്നുമാണ്. ഇവിടെ ഖുർആന് പൂർണമായും തെറ്റുപറ്റിയിരിക്കുന്നു.” ഇതാണ് കാംപെലിന്റെ മറ്റൊരാരോപണം. ആരോപിക്കപ്പെട്ട ഖുർആൻ വചനം കാണുക: “പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമായി (അലഖ്) രൂപപ്പെടുത്തി. പിന്നെ മാംസപിണ്ഡമായി (മുദ്ഗ) രൂപപ്പെടുത്തി. എന്നിട്ട് അസ്ഥികൂടത്തെ മാംസം (ലഹ്മ്) കൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാമവനെ വളർത്തി. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു.” (വി.ഖു. 23:14)

മേൽവചനത്തിൽനിന്ന് മനസ്സിലാകുന്ന കാര്യം ‘മുദ്ഗ’ യാണ് അസ്ഥിയായി മാറുന്നത് എന്നാണ്.



*ചവച്ചരച്ച മാംസപിണ്ഡം (മുദ്ഗ) ആയി വിശേഷിപ്പിക്കപ്പെട്ട ഘട്ടം (28 ദിവസം). ചവച്ചരക്കപ്പെട്ട വസ്തുവിൽ കാണപ്പെടുന്ന പല്ലടയാളങ്ങൾ പോലെ കാണുന്ന ശരീരഖണ്ഡങ്ങളാണ്.*




*a) മുദ്ഗ ഘട്ടത്തിലെ ഭ്രൂണത്തിന്റെ രേഖാചിത്രം.*

*b) പല്ലടയാളം വ്യക്തമാക്കുന്ന ചവച്ചരച്ച മരക്കറ (Gum) യുടെ ഫോട്ടോ*

ശാസ്ത്രീയ വിശകലനത്തിൽ എന്താണ് 'മുദ്ഗ' എന്ന് പരിശോധിക്കേണ്ടതുണ്ട്. ജപ്പാനിലെ ക്യോട്ടോ യൂനിവേഴ്സിറ്റിയിലെ പ്രൊഫസർ ഹിഡിയോ നിഷിമുറ പകർത്തിയ ഭ്രൂണത്തിന്റെ ചിത്രം (28 ദിവസം പ്രായമുള്ള) ഡോ. കീത്ത്മൂർ ആന്റ് പേർസ്വാഡിന്റെ The developing human 5th edn., page 8 ൽ എടുത്തുചേർത്തത് മുദ്ഗ ഘട്ടത്തിലുള്ള ഭ്രൂണത്തിന്റെ ഫോട്ടോ എന്ന അടിക്കുറിപ്പോടെയാണ്.

മുദ്ഗ എന്ന അറബി പദത്തിന് ചവച്ചരക്കപ്പെട്ട വസ്തു എന്ന അർഥമുള്ളതായിക്കാണാം. ഭ്രൂണത്തിന് പുറത്തായി ദന്തക്ഷതം പോലെ കാണപ്പെടുന്ന somites (കോശഖണ്ഡങ്ങൾ) ന്റെ സാന്നിധ്യവും ഭ്രൂണത്തിന്റെ ഈ ഘട്ടത്തിലുള്ള ആകൃതിയും മൂലം അത് ചവച്ചരക്കപ്പെട്ട മാംസക്കഷണം പോലെ കാണപ്പെടുന്നതെങ്ങനെയെന്നാണ് മേൽ ചിത്രീകരണം വിശദീകരിക്കുന്നത്. നാലാമത്തെ ആഴ്ചയുടെ ആരംഭത്തിലുള്ള അവസ്ഥയാണ് മുദ്ഗ എന്നുപറയാം. ഈ കാലയളവിനുള്ളിൽ ഭ്രൂണത്തിനുള്ളിൽ ശരീരഖണ്ഡങ്ങൾ രൂപപ്പെട്ടിരിക്കും. ഇതോടെ mesen chyma cells (മധ്യകോശങ്ങൾ) ൽനിന്നും പേശീനാരുകളുടെ രൂപീകരണത്തിന് സഹായിക്കുന്ന കോശങ്ങളും (fibro blasts) അസ്ഥികോശങ്ങളും വളരുന്നു. നട്ടെല്ലിന്റെയും വാരിയെല്ലിന്റെയും വളർച്ചയെ സഹായിക്കുന്ന ശരീരഖണ്ഡ നിർമിതിയിൽ ഉപയോഗിക്കപ്പെട്ടിട്ടില്ലാത്ത ശരീരഖണ്ഡകോശങ്ങൾ ഉടനെ മാംസപേശീകലകൾ (mytome) ആയി മാറുന്നു. ഇവ വളർന്നുവരുന്ന അസ്ഥികളെ പൊതിയുന്നു. അസ്ഥിമൂലകോശങ്ങൾ (sclerotome) ആദ്യം രൂപപ്പെടുകയും തുടർന്ന് പേശീമൂലകോശങ്ങൾ അതിനെ പൊതിയുകയും ചെയ്യുന്നു. കിംഗ് ഫഹദ് മെഡിക്കൽ റിസർച്ച് സെന്ററിലെ ഡോ. മുഹമ്മദ് അലി അൽബാർ തന്റെ Human development as revealed in the holy quran and hadith എന്ന കൃതിയിൽ ഇക്കാര്യം വിശദീകരിച്ചത് കാണുക.

ഡോ. കാംപെൽ തനിക്ക് തെളിവായി (മാംസപേശികളാണ് ആദ്യം രൂപപ്പെടുന്നതിന്) പ്രസിദ്ധരായ രണ്ട് ഭിഷഗ്വരന്മാരെ ഉദ്ധരിക്കുന്നുണ്ട്. അതിപ്രകാരം സംഗ്രഹിക്കാം: "എട്ടാമത്തെ ആഴ്ചയിൽ വാരിയെല്ലുകൾ തരുണാസ്ഥിയുടെ അവസ്ഥയിലാകും. മാംസപേശികൾ അപ്പോൾ രൂപപ്പെട്ടിട്ടുണ്ടാവും. നാലു മാസമാവുമ്പോഴേക്കും എല്ലുകൾ ക്രമേണ ഉറച്ച് നട്ടെല്ല് രൂപപ്പെടുന്നു. പത്ത്, പന്ത്രണ്ട് ആഴ്ച ആവുമ്പോഴേ പേശികളുടെ ചലനശേഷി നല്ല നിലയിൽ എത്തുകയുള്ളൂ." (Langmans Medical embryology യുടെ കർത്താവായ Dr. T W Saddler അദ്ദേഹത്തിന് വ്യക്തിപരമായി അയച്ച കത്താണിത്.) രണ്ടാമതായി ഡോ. കീത്ത്മൂറിന്റെ പ്രസ്താവനയുദ്ധരിച്ചിരിക്കുന്നത് കാണുക: "അസ്ഥികളും മാംസപേശികളും മധ്യകലകളിൽ (mesoderm) നിന്ന് രൂപംകൊള്ളുന്നു. അവയിൽ ചിലത് mesenchymal കോശങ്ങളായിത്തീരുന്നു. ഇവയാണ് മാംസപേശികളെയും തരുണാസ്ഥികളെയും നിർമിക്കുന്നത്. ആറ് ആഴ്ച കഴിയുമ്പോൾ എല്ലാ അവയവങ്ങ



ളുടെയും അസ്ഥികൾ തരുണാസ്ഥികൾ എന്ന നിലയിൽനിന്നും രൂപാന്തരപ്പെട്ടുകഴിഞ്ഞിരിക്കും. എന്നാൽ അവ കാൽസ്യം അടങ്ങിയ അസ്ഥികളായിരിക്കില്ല." (Dr. Keith L Moore, The Developing human)

മേൽ രണ്ട് പ്രസ്താവനകളിൽ നിന്നെന്താണ് മനസ്സിലാവുന്നത്? ഡോ. കാംപെൽ തന്നെ അക്കാര്യം വിവരിക്കുന്നത് കാണുക: "അസ്ഥികൾ രൂപപ്പെടുമ്പോൾ ഓരോ അവയവത്തിലും myoblasts ഓരോ വലിയ മാംസപേശി രൂപപ്പെടുത്തുന്നു. അത് ശരീരഭാഗങ്ങളെ നിവർത്തുന്നതിനും മടക്കുന്നതിനും പ്രത്യേകമായിട്ടുള്ളതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അസ്ഥികൾ രൂപപ്പെടുമ്പോൾ അതിന്നനുസൃതമായി അതിന്റെ കൂടെ തന്നെ ചുറ്റും മാംസപേശികളും രൂപപ്പെടുന്നു. അങ്ങനെ ഡോ. മൂറും ഡോ. സാഡ്ലറും യോജിക്കുന്നു." ഈ നിഗമനം മേൽ ഉദ്ധരണികളുടെ വെളിച്ചത്തിന്റെയും ഖുർആന്റെ സൂചനയനുസരിച്ചും പൂർണമായി തെറ്റാണെന്ന് പറയാവതല്ല. കാരണം രൂപപ്പെട്ടുവരുന്ന അസ്ഥിയെ പിന്നീടുണ്ടാവുന്ന മാംസം പൊതിയുന്നു എന്നാണ് ഖുർആൻ വ്യക്തമാക്കിയിട്ടുള്ളത്. രണ്ടും ഒരേ സമയത്തുണ്ടാവുന്നു എന്നോ മാംസപേശി ആദ്യം ഉണ്ടാവുന്നുവെന്നോ ഉള്ള ഒരു സൂചനയും ഡോ. മൂറിന്റെ മേൽ ഉദ്ധരണിയിലും ഇല്ല.

അസ്ഥിയും അതിന്നനുസൃതമായി മാംസപേശിയും എന്ന് പറഞ്ഞാലും മുദ്ഗയിൽ നിന്ന് അസ്ഥിയുണ്ടാക്കി അതിനെ മാംസത്തിൽ പൊതിഞ്ഞു എന്ന ഖുർആനികവചനത്തെ അത് ദുർബലപ്പെടുത്തുകയില്ല. ലാംഗ്മാന്റെ മെഡിക്കൽ എംബ്രിയോളജിയിൽനിന്ന് ഡോ. അൽബാർ ഉദ്ധരിക്കുന്നത് കൂടി കാണുക: "കൈകളുടെ പേശീവളർച്ചയുടെ ആദിസൂചന ഏഴാമത്തെ ആഴ്ച ദൃശ്യമാകുന്നു. മുകുളങ്ങളുടെ (കൈകാലുകൾ കിളിർത്തുവരുന്നത്) അടിത്തറയ്ക്കടുത്ത് മധ്യകലയുടെ വർധനവ് വഴിയാണിതുണ്ടാവുന്നത്. മനുഷ്യഭ്രൂണത്തിൽ ഈ മധ്യകല (mesenchyme) ശരീരസംബന്ധമായ മധ്യധരത്തിൽനിന്ന് ഉത്ഭവിക്കുന്നതാണ്. കൈകാൽ മുകുളങ്ങൾ നീണ്ടുവരുന്നതോടെ അതുവരെ വേർതിരിഞ്ഞിട്ടില്ലാത്ത പേശീകലകൾ സന്ധികളെ മടക്കുകയോ വളയ്ക്കുകയോ നീട്ടുകയോ മാംസപേശികളായി വിഭജിക്കുയോ ചെയ്യുന്നു." (Jan Langman, Medical embryology-3rd edn. 1975) ഇവിടെ തരുണാസ്ഥികൾ രൂപപ്പെട്ടശേഷം മാംസപേശികൾ അവയെ ആവരണംചെയ്യുകയാണ് ചെയ്യുന്നത് എന്നാണ് ഈ ഗ്രന്ഥവും സൂചിപ്പിക്കുന്നത് എന്ന് മനസ്സിലാക്കാം. ഇങ്ങനെ കാര്യങ്ങൾ രേഖപ്പെട്ടുകിടക്കെ സാഡ്ലർ- കാംപെല്ലുമായി വ്യക്തിപരമായി നടത്തിയ എഴുത്തുകുത്തുകൾ തെളിവായംഗീകരിക്കുന്നതെങ്ങനെ?

ഭ്രൂണശാസ്ത്രസംബന്ധിയായി ഖുർആൻ വിവരിച്ചതും മേൽ ചർച്ചചെയ്തതുമായ കാര്യങ്ങളെല്ലാം ഒറ്റ വാചകത്തിൽ വിശദീകരിക്കാവുന്നതേയുള്ളൂ. 'ദൃഷ്ടി' ഏതുപോലെയാണോ അതാണ് സൃഷ്ടി എന്ന

തത്വമാണിതിന്നടിസ്ഥാനം. അഥവാ ഭ്രൂണഘട്ടങ്ങളുടെ പ്രത്യക്ഷരൂപസ വിശേഷതകളെ ചുരുങ്ങിയ വചനങ്ങളിൽ ലളിതമായി അവതരിപ്പിക്കുകയാണ് ഖുർആൻ ചെയ്തിരിക്കുന്നത്. എന്നാൽ അതുപോലും ശാസ്ത്രത്തിന്റെ ഇന്നോളമുള്ള അറിവുകളുമായി യോജിക്കുന്നു എന്നത് ഖുർആന്റെ അമാനുഷികതയല്ലാതെ മറ്റൊന്നല്ല.

ഈ വിഷയവുമായി ബന്ധപ്പെട്ടുതന്നെ ഡോ. കാംപെൽ ഉദ്ധരിക്കുന്ന മറ്റൊരു ഖുർആൻ വചനം പരിശോധിക്കാം: "അല്ലെങ്കിലിതാ മേൽക്കൂരകളോടെ വീണടിഞ്ഞുകിടക്കുകയായിരുന്ന ഒരു പട്ടണത്തിലൂടെ സഞ്ചരിച്ച ഒരാളുടെ ഉദാഹരണം. അദ്ദേഹം പറഞ്ഞു: നിർജീവമായിപ്പോയതിന് ശേഷം ഇതിനെ എങ്ങനെയായിരിക്കും അല്ലാഹു പുനരുജ്ജീവിപ്പിക്കുക? പിന്നീട് അല്ലാഹു അദ്ദേഹത്തെ 100 വർഷം നിർജീവാവസ്ഥയിലാക്കുകയും ഉയിർത്തെഴുന്നേല്പിക്കുകയും ചെയ്തു.

തുടർന്ന് അല്ലാഹു ചോദിച്ചു: നീ എത്രകാലം (നിർജീവാവസ്ഥയിൽ കഴിച്ചുകൂട്ടി)? ഒരു ദിവസമോ ദിവസത്തിന്റെ അല്പ ഭാഗങ്ങളോ (കഴിച്ചുകൂട്ടി)- അദ്ദേഹം മറുപടി പറഞ്ഞു. അല്ല, നീ നൂറുവർഷം കഴിച്ചുകൂട്ടിയിരിക്കുന്നു. നിന്റെ ആഹാരപാനീയങ്ങൾ നോക്കൂ. അവയ്ക്ക് മാറ്റം വന്നിട്ടില്ല. നിന്റെ കഴുതയുടെ നേർക്ക് നോക്കൂ. നിന്നെ മനുഷ്യർക്കൊരു ദൃഷ്ടാന്തമാക്കാൻ വേണ്ടിയാകുന്നു നാമിത് ചെയ്തത്. ആ എല്ലുകളെ നാം എങ്ങനെ കൂട്ടിയിണക്കുകയും എന്നിട്ടവയെ മാംസത്തിൽ പൊതിയുകയും ചെയ്യുന്നുവെന്നും നീ നോക്കുക എന്ന് അല്ലാഹു പറഞ്ഞു. അങ്ങനെ അദ്ദേഹത്തിന് കാര്യം വ്യക്തമായപ്പോൾ അദ്ദേഹം പറഞ്ഞു: തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാണെന്ന് ഞാനറിയുന്നു.''(വി.ഖു. 2:259)

ഉസൈർ(അ) പ്രവാചകൻ തന്റെ കഴുതയും ഭക്ഷണപാനീയങ്ങളുമായി സഞ്ചരിക്കവെ ഫലസ്തീൻ പട്ടണം ഒരു ബാബിലോണിയൻ രാജാവിന്റെ ആക്രമണത്തിൽ തകർന്നടിഞ്ഞുകിടക്കുന്ന കാഴ്ച ദർശിച്ച സംഭവമാണ് മേൽ വചനത്തിൽ വിവരിക്കപ്പെട്ടത് എന്നാണ് പൊതുവെ സ്വീകരിക്കപ്പെട്ട അഭിപ്രായം. ഇവിടെയും എല്ലുകളിൽ മാംസം പൊതിയുന്ന സൃഷ്ടിപ്പു രീതിയാണ് കാംപെലിന് ദഹിക്കാതെ കിടക്കുന്നത്. 100 വർഷങ്ങൾക്കു മുമ്പ് ചത്തടിഞ്ഞുകിടക്കുന്ന കഴുതയെ അതിന്റെ നാശോന്മുഖമായ എല്ലുകളിൽ നിന്ന് അല്ലാഹു എങ്ങനെ പുനരുജ്ജീവിപ്പിക്കുന്നുവെന്ന് പ്രവാചകനെ ബോധ്യപ്പെടുത്തുകയാണിവിടെ; ഭ്രൂണശാസ്ത്ര ചർച്ചയുമായി ബന്ധപ്പെട്ട ഒരു വചനമല്ല ഇത്. സ്രഷ്ടാവായ അല്ലാഹുവിന് ജീവികൾ ചത്ത് മണ്ണടിഞ്ഞാലും അവനുദ്ദേശിച്ച രീതിയിൽ അവയെ ജീവിപ്പിക്കാൻ കഴിയും എന്നതാണിതിന്റെ ആശയം. അപ്പോഴും എല്ലുകളിൽ മാംസം പൊതിയുന്നതായിട്ട് തന്നെയാണ് ഖുർആൻ സൂചന എന്ന കാര്യത്തിൽ തർക്കമില്ല.



## പ്രവാചകനും ഭ്രൂണശാസ്ത്രവും

മുഹമ്മദ് നബി(സ)യും അനുയായികളും ഭ്രൂണശാസ്ത്രത്തെക്കുറിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ എന്തായിരുന്നു? അതെവിടെ നിന്നുലഭിച്ചു എന്നാണ് ഡോ. കാംപെൽ തുടർന്നു അന്വേഷിക്കുന്നത്. അതിനായി ഈ വിഷയത്തിലെ 'മുന്നറിവു'മായി ബന്ധപ്പെട്ട ചരിത്രപശ്ചാത്തലത്തിലേക്ക് വിശദമായ ഒരന്വേഷണം തന്നെയാണ് കാംപെൽ നടത്തിയിരിക്കുന്നത്. അതിപ്രകാരം സംഗ്രഹിക്കാം:

ഹിപ്പോക്രാറ്റസ് (ബി സി 460), അരിസ്റ്റോട്ടിൽ (ബി സി 350) എന്നിവർ ഭ്രൂണവളർച്ചയെ വിശദീകരിച്ചിട്ടുള്ളത് ഏകദേശം സമാനരൂപത്തിലാണ്. അവരുടെ സങ്കല്പങ്ങൾ താഴെ ചേർക്കുന്നു.

ഘട്ടം 1: ബീജം

ഘട്ടം 2: ആർത്തവരക്തം

ഘട്ടം 3: മാംസം

ഘട്ടം 4: എല്ലുകൾ.

ചരകന്റെ (എ ഡി 123 ഇന്ത്യ) ആശയപ്രകാരം ആൺ-പെൺ ബീജവും ആർത്തവരക്തവും ചേർന്നാണ് ഗർഭസ്ഥശിശു രൂപംകൊള്ളുന്നത്. തുടർന്ന് കാംപെൽ ആരോപിക്കുന്നത് കാണുക: "സ്പഷ്ടമായി ഖുർആൻ പറയുന്നതും ബീജം ആർത്തവരക്തത്തെ കട്ടപിടിപ്പിക്കുന്നു, അത് മാംസമാവുന്നു, പിന്നീട് എല്ലുകളുണ്ടാവുന്നു, എല്ലുകളുടെ വളവിൽ നിന്ന് മാംസം വളർന്നുവരുന്നു" എന്നാണ്. കാംപെൽ തുടർന്നു ചർച്ചചെയ്യുന്നത് ഗാലനെക്കുറിച്ചാണ്. "എ ഡി 137ൽ പെർഗാമനിൽ (തുർക്കി) ജീവിച്ച ഗാലൻ 'ഡിസെമിന' എന്നൊരു വൈദ്യശാസ്ത്രഗ്രന്ഥം രചിച്ചിട്ടുണ്ട്. ആർത്തവരക്തവും രണ്ട് ശുക്ലവും കൂടിച്ചേർന്നാണ് ഭ്രൂണം ഉണ്ടാവുന്നത് എന്ന ഗാലന്റെ പ്രസ്താവനയോട് ഖുർആൻ യോജിക്കുന്നു. ഇതാണ് ഖുർആൻ സൂറഃ 76ലെ രണ്ടാം വചനത്തിൽ 'കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തുള്ളിയിൽ നിന്ന് നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു' എന്ന വചനത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. ഗാലന്റെ ഭ്രൂണവളർച്ചാ സങ്കല്പം കാംപെൽ വിവരിക്കുന്നത് കാണുക:

1. രണ്ടുതരം ശുക്ലം
2. ആർത്തവരക്തം
3. രൂപമില്ലാത്ത മാംസം
4. എല്ലുകൾ
5. എല്ലുകൾക്ക് ചുറ്റും മാസം

അദ്ദേഹം തുടരുന്നു: ''പേർഷ്യൻ രാജാവായിരുന്ന കിസ്റ (കൊസ്റു ഒന്നാമൻ എ ഡി 531-579) സ്ഥാപിച്ച ജൻതി-ഷാപൂർ വിദ്യാലയത്തിൽ ഗ്രീക്കിൽനിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്ത് ഗാലന്റെയും അരിസ്റ്റോട്ടിൽ, ഹിപ്പോക്രാറ്റസ് തുടങ്ങിയവരുടെയും

വൈദ്യഗ്രന്ഥങ്ങൾ പഠിപ്പിച്ചിരുന്നു. പ്രവാചക കാലഘട്ടത്തിൽ ത്വാഇഫിൽ ജീവിച്ച ഹാരിത്ബിൻ കാലദ ഈ വിദ്യാലയത്തിൽ പഠിച്ച വിശ്രുതനായ ഒരു വൈദ്യനായിരുന്നു. മുഹമ്മദ് ചിലപ്പോൾ രോഗികളെ ചികിത്സിച്ചിരുന്നു. എന്നാൽ പ്രയാസമുള്ളവ ഹാരിതിന്റെയടുത്തേക്ക് അയക്കുമായിരുന്നു. മുഹമ്മദിന്റെ വൈദ്യശാസ്ത്രത്തിലുള്ള ഭാഗികമായ അറിവിന് ഹാരിത്ബ്നു കാലദയോട് കടപ്പെട്ടിരിക്കുന്നു. മുഹമ്മദിന്റെ ജീവിതകാലത്ത് അലക്സാൺട്രിയയിൽ ഒരു വൈദ്യവിദ്യാലയം ഉണ്ടായിരുന്നു.'' ഇതിൽ നിന്നെല്ലാം ഡോ. കാംപെൽ ഊഹിക്കുന്നത് ഗാലന്റെയും അരിസ്റ്റോട്ടിലിന്റെയും ഹിപ്പോക്രാറ്റസിന്റെയും ഗ്രന്ഥങ്ങളിൽ നിന്ന് ത്വാഇഫിലെ ഹാരിത്ബ്നു കാലദ വഴിയും പേർഷ്യൻ ഭാഷയിലുള്ള ബന്ധം വഴിയും മുഹമ്മദ് നബി(സ)ക്ക് പകർന്നുകിട്ടിയ ഗ്രീക്ക് വിജ്ഞാനമാണ് ഖുർആനിലെ ഭ്രൂണശാസ്ത്രസംബന്ധിയായ വചനങ്ങളിലുള്ളത് എന്നാണ്.

'ത്വാഇഫിൽ ജനിച്ച് ജൻതി-ഷാപൂരിൽ പഠിച്ച് വിശ്രുതനായ വൈദ്യനായ ഹാരിത്ബ്നു കാലദ കൊസ്റു ചക്രവർത്തിയെ ചികിത്സിച്ച് അസുഖം ഭേദപ്പെടുത്തിയിട്ടുണ്ട്. ഉമറിന്റെ കാലത്തായിരുന്നു അദ്ദേഹത്തിന്റെ മരണം. മുഹമ്മദ് തന്റെ വൈദ്യശാസ്ത്ര സംബന്ധിയായ അറിവിന് ഹാരിതിനോട് കടപ്പെട്ടിരിക്കുന്നു എന്ന കാര്യം അദ്ദേഹം ഉദ്ധരിക്കുന്നത് Dr. Lucien Leelerc ന്റെ 'Historicla medicine' എന്ന കൃതിയെ ഉദ്ധരിച്ചുകൊണ്ടാണ്. മുഹമ്മദ് നബിയും ഹാരിത്ബ്നു കാലദയുമായി പരാമർശിക്കപ്പെട്ടിരിക്കുന്ന ബന്ധം പ്രവാചകന്റെ സർവചലനങ്ങളും സഞ്ചാരവും ജീവിതവും സന്ദേശവുമെല്ലാം സസൂക്ഷ്മം പഠിച്ച് രേഖപ്പെടുത്തിവെച്ച പ്രാമാണിക ചരിത്രരേഖകളിലൊന്നും വിവരിക്കപ്പെട്ടതല്ല. വിശ്വസനീയവും സർവാംഗീകൃതവുമായ ചരിത്രരേഖകളില്ലാത്ത കഥകളാണദ്ദേഹം ഈ വിഷയത്തിലവലംബമാക്കിയിട്ടുള്ളത് എന്ന് വ്യക്തം.

അതുപോലെ ഖുറൈശികളുടെ പേർഷ്യൻ ഭാഷയുമായുള്ള ബന്ധം വിവരിക്കവെ ഓറിയന്റലിസ്റ്റുകൾ സാധാരണ ഉന്നയിക്കാറുള്ള ഒരാരോപണം അദ്ദേഹം സാന്ദർഭികമായി ഉദ്ധരിക്കുന്നത് കാണുക: "മുഹമ്മദിന്റെ ബന്ധുവും നാട്ടുകാരനും വിദ്യാസമ്പന്നനും പേർഷ്യൻ ഭാഷയിലും സംഗീതത്തിലും പ്രാവീണ്യമുള്ള വ്യക്തിയുമായിരുന്ന നദ്റ്ബ്നുഹാരിത് ഖുർആനിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ പ്രവാചകനെ കളിയാക്കാറുണ്ടായിരുന്നു. ബദർയുദ്ധത്തിൽ തടവുകാരനായി പിടിച്ച ഇദ്ദേഹത്തെ മുഹമ്മദ് നിർദാക്ഷിണ്യം വധിച്ചുകളഞ്ഞു.'' ബദർയുദ്ധത്തിൽ എഴുപതോളം പേരെ തടവുകാരായി പിടിച്ചതിൽ ഏറ്റവും ഉപദ്രവകാരികളിൽ പെട്ട രണ്ടുപേരാണ് (നദ്റുബ്നു ഹാരിതും ഇഖ്ബത്ബ്നു അബീമുഐതും) വഴിയിൽ വെച്ച് വധിക്കപ്പെട്ടത്.

നബിയെയും അനുയായികളെയും സ്വന്തം നാട്ടിലോ വീട്ടിലോ ജീവിക്കാനനുവദിക്കാതെ കടുത്ത അക്രമങ്ങളഴിച്ചുവിട്ട് തുരത്തിയോടിച്ച ഒരു ജനതയ്ക്കെതിരെ മുസ്‌ലിംകൾ നേടുന്ന ആദ്യ യുദ്ധവിജയമായിരുന്നു സന്ദർഭമെന്നോർക്കുക. രണ്ടുപേരെയൊഴികെ വീരശൂരപരാക്രമികളായ മറ്റെല്ലാവരെയും മോചനദ്രവ്യം വാങ്ങി വിട്ടയക്കുകയായിരുന്നു പ്രവാചകൻ. അംറുബ്നു ഉമർ അൽജഹമീ എന്ന ഖുറൈശീ കവി തന്റെ അഞ്ച് പെൺമക്കളെ ഓർത്ത് തന്നെ വിട്ടയക്കണമെന്നപേക്ഷിച്ചപ്പോൾ മോചനദ്രവ്യമില്ലാതെ തന്നെ അദ്ദേഹത്തെ സ്വന്തം ഉറപ്പിൽ വിട്ടയക്കുകയും ചെയ്തു. ഇത്തരുണത്തിൽ പ്രവാചകനും ഉമറും(റ) തമ്മിൽ നടന്ന ഒരു സംഭാഷണം കൂടി കാണാം: "ബന്ധിയാക്കപ്പെട്ട സുഹൈൽബിൻ അംറിനെ മോചിപ്പിക്കാനുള്ള സമയം വന്നപ്പോൾ ഉമർ(റ) പ്രവാചകനോട് ചോദിച്ചു: തിരുദൂതരേ, സുഹൈലിന്റെ വാചാലത താങ്കൾക്കെതിരെ പ്രയോഗിക്കാതിരിക്കാൻ അയാളുടെ മുൻനിരയിലെ പല്ല് ഞാൻ അടർത്തിക്കളയട്ടെയോ? പ്രവാചകൻ മറുപടി പറഞ്ഞു: അയാളെ അംഗഭംഗം വരുത്താൻ ഞാൻ അനുവദിക്കില്ല. അങ്ങനെയായാൽ പ്രവാചകനാണെങ്കിൽപോലും അല്ലാഹു എന്നെയും അംഗഭംഗം വരുത്തും." (ഹൈക്കലിന്റെ ഹയാത്തു മുഹമ്മദ് കാണുക) അബൂഗുറയ്ബിലും ഗ്വാണ്ടനാമോ ബേയിലും യുദ്ധത്തടവുകാരെന്ന പേരിൽ ബന്ധിയാക്കപ്പെട്ടവരോട് അധിനിവേശ ശക്തികൾ കാണിക്കുന്ന ക്രൂരതകൾ കണ്ട് നടുങ്ങുകയാണിന്ന് ലോകം. അപ്പോഴും പ്രവാചകന്റെ ഉദാത്തമാതൃകകൾക്കെതിരെ അവർ വാളോങ്ങിക്കൊണ്ടിരിക്കുന്നു.

ഗാലന്റെയും അരിസ്റ്റോട്ടിലിന്റെയും മറ്റു പൗരാണികരുടേതുമായി അദ്ദേഹം പരിചയപ്പെടുത്തുന്ന ഭ്രൂണശാസ്ത്ര സിദ്ധാന്തങ്ങൾ ശാസ്ത്രവുമായും ഖുർആനുമായും യോജിച്ചുപോവുന്നുണ്ടോ എന്നതാണിവിടെ നമ്മുടെ മുഖ്യചർച്ചാവിഷയം. അരിസ്റ്റോട്ടിലിന്റെ നിഗമനം പുരുഷശുക്ലത്തിന്റെ സഹായത്തോടെ ആർത്തവരക്തം കട്ടപിടിച്ച് ഭ്രൂണമായി വളരുന്നുവെന്നാണ്. 'ഗർഭസ്ഥ ശിശുവിന്റെ രൂപപ്പെടൽ' എന്ന ഒരു ഗ്രന്ഥം തന്നെ രചിച്ച ഗാലനും ഇതിനെ ഖണ്ഡിച്ചില്ല എന്നത് ഡോ. കാംപെലിന്റെ ഉദ്ധരണികളിൽ നിന്ന് തന്നെ വ്യക്തമാണ്. അഥവാ ഗാലന്റെ സിദ്ധാന്തപ്രകാരം ഭ്രൂണം രൂപപ്പെടുന്നത് ആർത്തവ രക്തവും അതിന്റെ കൂടെ രണ്ട് ശുക്ലവും' കൂടി ചേർന്നാണ്- ഇതാണ് കാംപെൽ വിവരിച്ചിട്ടുള്ളത്. ഖുർആൻ അവതരണ കാലഘട്ടത്തിൽ വിദ്യസമ്പന്നരിൽ നിലനിന്നതും തെറ്റായ ഈ ആശയങ്ങളായിരുന്നു. 1668ൽ റെസ്ഡിയാണ് ശാസ്ത്രലോകത്ത് ആദ്യമായി ഈ സിദ്ധാന്തം ചോദ്യം ചെയ്തത്. എന്നാൽ ഇതിനും 1100 വർഷം മുമ്പ് അവതരിപ്പിക്കപ്പെട്ട ഖുർആനിലെ ബന്ധപ്പെട്ട വചനങ്ങളിൽ ആ കാലഘട്ടത്തിൽ നിലനിന്ന അബദ്ധധാരണകളൊന്നും ആവർത്തിക്കപ്പെട്ടില്ല എന്നത് പ്രസ്തുത വചനങ്ങളെക്കുറിച്ച് പഠിച്ച പണ്ഡിതന്മാരുടെയും ഡോ. കീർത്ത് മൂർ, ഡോ. മോറിസ് ബുക്കായ് പോലുള്ള ഭിഷഗ്വരന്മാരുടെയും രചനകളിൽ നിന്ന് വ്യ

ക്തമാണ്.

ഖുർആൻ പറയുന്നതുകാണുക: "മനുഷ്യൻ പറയത്തക്ക ഒരു വസ്തുവും ആയിരുന്നിട്ടില്ലാത്ത ഒരു കാലഘട്ടം അവനിൽ കഴിഞ്ഞു പോയിട്ടുണ്ടോ? നിശ്ചയം കൂടിച്ചേർന്നുണ്ടായ ഒരു ബീജദ്രവത്തിൽ നിന്ന് നാം മനുഷ്യനെ സൃഷ്ടിച്ചു" (വി.ഖു. 76:1,2). ഇവിടെ ഖുർആൻ പ്രയോഗിച്ചിട്ടുള്ളത് 'നുത്ഫതുൻ അംശാജ്' (മിശ്രബീജദ്രവം) എന്നാണ്. ഇത് ആൺ പെൺ ബീജങ്ങളുടെ മിശ്രിതമാണ് എന്നാണ് പ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവും പ്രവാചകന്റെ പിതൃവ്യ പുത്രനുമായ ഇബ്നുഅബ്ബാസിന്റെ കാലം മുതൽക്ക് തന്നെ വിശദീകരിക്കപ്പെട്ടിട്ടുള്ളത്. ഒരിക്കൽ പ്രവാചകനോട് ഒരു യഹൂദൻ ചോദിച്ചു: "മുഹമ്മദേ, മനുഷ്യൻ എന്തിൽ നിന്ന് സൃഷ്ടിക്കപ്പെടുന്നു? യഹൂദാ, ആണിന്റെയും പെണ്ണിന്റെയും ദ്രവങ്ങളിൽ നിന്നാണ് മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നത്" എന്ന് പ്രവാചകൻ മറുപടി നല്കി. അഹ്മദുബ്നു ഹൻബൽ ഉദ്ധരിച്ച ഒരു പ്രവാചക വചനമാണിത്. ഭ്രൂണവളർച്ചയുമായി ബന്ധപ്പെട്ട് നാം മുമ്പ് ചർച്ചചെയ്ത ഖുർആൻ വചനങ്ങളും പരിശോധിക്കുക. 'ആർത്തവരക്തത്തെ കട്ടപിടിപ്പിക്കുന്ന രണ്ടു ബീജത്തിൽ നിന്ന് ഭ്രൂണം വളരുന്നുവെന്ന' ഗാലന്റെ പ്രസ്താവനയെ ഇവിടെ ഖുർആനും ഹദീസും ആവർത്തിക്കുകയാണോ ചെയ്യുന്നത് എന്ന് ആലോചിക്കുക. (നുത്ഫതുൻ അംശാജിന് വൃഷണങ്ങൾ, സെമിനൽ വെസിക്കിൾ, പ്രോസ്റ്റേറ്റ് ഗ്രന്ഥി, മൂത്രാശയ നാളിയുമായി ബന്ധപ്പെട്ടുകിടക്കുന്ന ചില ഗ്രന്ഥികൾ എന്നിവയിൽ നിന്നെല്ലാമുള്ള ദ്രവങ്ങൾ ഉൾക്കൊള്ളുന്ന മിശ്രദ്രവം എന്നും ചില ആധുനികർ വ്യാഖ്യാനിച്ചിട്ടുണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല)

പതിമൂന്നാം ശതകത്തിൽ ജീവിച്ച ഇബ്നുൽഖയ്യിം, പതിനാലാം ശതകത്തിൽ ജീവിച്ച ഇബ്നുഹജറിൽ അസ്ഖലാനി തുടങ്ങിയവർ അരിസ്റ്റോട്ടിലിന്റെയും ഗാലന്റെയും ഗ്രന്ഥങ്ങളിലൂടെ വ്യാപകമായി പ്രചരിപ്പിക്കപ്പെട്ട തെറ്റിദ്ധാരണകളെ ഖുർആനും ഹദീസും ഉദ്ധരിച്ച് ഖണ്ഡിച്ചിട്ടുണ്ട്. (ഇമാം നവവി, ശറഹു മുസ്ലിം, കിതാബുൽ ബദ്ർ; ഇബ്നുഹജറുൽ അസ്ഖലാനി, ഫത്ഹുൽബാരി, കിതാബുൽ ഖദ്ർ; ഇബ്നുൽഖയ്യിം, അത്തിബ്യാനു ഫീ അഖ്സാമിൽ ഖുർആൻ). ഒരു ജീവിയുടെ പൂർണ മാതൃക അണ്ഡത്തിൽ ഉൾക്കൊള്ളുന്നുവെന്നും പുരുഷബീജം അതിനെ ഉത്തേജിപ്പിക്കുകയാണ് ചെയ്യുന്നത് എന്നുമായിരുന്നു പില്ക്കാലത്ത് പതിനെട്ടാം നൂറ്റാണ്ടുവരെയുള്ള ധാരണ. ശുക്ലാണുക്കൾ നേരത്തെ രൂപപ്പെട്ട ജീവികളാണെന്നും അവ ഗർഭപാത്രത്തിൽ പ്രവേശിക്കുന്നതോടെ വളരാൻ തുടങ്ങുന്നുവെന്നുമുള്ള മറ്റൊരു സിദ്ധാന്തം (Pre-formation theory) ഈ കാലഘട്ടത്തിൽ നിലനിന്നിരുന്നു. വോൾഫ് (1759-69), ഡ്രെയ്ഷ് (1900), പാൻഡെർ (1817), വോൺബെയർ (1829-37) തുടങ്ങിയ പലരുടെയും ആദ്യകാല പഠനങ്ങൾ വഴിയാണ് ഈ ധാരണകൾ തിരുത്തപ്പെട്ടു തുടങ്ങിയത്. ഖുർആനും ഹദീസും വിവരിച്ച രീതിയിൽ ഭ്രൂണരൂപീകരണത്തിൽ ആൺ-പെൺ ബീജങ്ങളുടെ പങ്ക് ആദ്യമായി ശാസ്ത്രീയമായി അനാവരണം ചെയ്യപ്പെട്ടത് 1875ൽ ഹെർട്വിഗിന്റെ പഠനങ്ങൾ വഴിയാണ്. അരിസ്റ്റോട്ടിലോ ഗാലനോ മറ്റാരെങ്കിലുമോ ഖുർആനിന് മുമ്പ് ഇക്കാര്യങ്ങൾ വിശദീകരിച്ചിട്ടില്ല. നേരത്തെ നാം പഠനവിധേയമാക്കിയ ഖുർആൻ വചനങ്ങളുടെ വെളിച്ചത്തിൽ ഭ്രൂണവളർച്ചയുടെ വിവിധ ഘട്ടങ്ങൾ പരിശോധിച്ചാൽ ഇക്കാര്യം മനസ്സിലാകും.

1. നുത്ഫതുൻ അംശാജ് (സ്ത്രീ പുരുഷ മിശ്രദ്രവം, സിക്താണ്ഡം)
2. അലഖ (ഗർഭാശയഭിത്തിയിൽ ബന്ധിക്കപ്പെട്ട ഭ്രൂണം)
3. മുള്ഗ (ശരീരഖണ്ഡങ്ങൾ വളരുന്ന ഘട്ടം)
4. മുള്ഗയിൽ നിന്ന് അസ്ഥികളും അവയെ പൊതിഞ്ഞ് മാംസപേശികളും രൂപപ്പെടുന്ന ഘട്ടം

ഇനി ഹിപ്പോക്രാറ്റസും അരിസ്റ്റോട്ടിലും ചരകനും ഗാലനും പറഞ്ഞ ഘട്ടങ്ങളും പരിശോധിക്കുക. അവരുടെ അബദ്ധങ്ങളൊന്നും ഖുർആൻ ആവർത്തിച്ചില്ല എന്ന് മാത്രമല്ല ആധുനികശാസ്ത്രം ഖുർആനുമായി യോജിക്കുന്നുവെന്നും മനസ്സിലാക്കാം.

ആ കാലഘട്ടത്തിലെ വിശ്വാസത്തിന് വിരുദ്ധമായി ഖുർആൻ സൂചിപ്പിച്ച മറ്റു പല വസ്തുതകളെക്കുറിച്ചും ഡോ. മോറിസ് ബുക്കായ് വിവരിക്കുന്നുണ്ട്. ഉദാഹരണമായി വിശുദ്ധ ഖുർആൻ 16:4ൽ പറയുന്നത് മനുഷ്യനെ ഒരു ശുക്ലകണ(നുത്ഫ)ത്തിൽ നിന്ന് സൃഷ്ടിച്ചുവെന്നാണ്. ശുക്ലദ്രവത്തിന്റെ വളരെ ചെറിയൊരംശം മാത്രമേ ബീജസങ്കലനത്തിനാവശ്യമുള്ളൂവെന്നാണീ വചനത്തിലെ സൂചന. മുള്ഗയെ 'രൂപപ്പെട്ടതെന്നും രൂപപ്പെടാത്തതെ'ന്നും ഖുർആൻ വിവരിക്കുന്നു (വി.ഖു. 22:5). ഇവിടെ വ്യാഖ്യാതാക്കൾ വ്യത്യസ്താഭിപ്രായങ്ങൾ ഉന്നയിച്ചിട്ടുണ്ടെങ്കിലും 3 മുതൽ 8 വരെ ആഴ്ചകളിലായിട്ടാണ് അവയവങ്ങൾ കിളിർക്കുകയും രൂപപ്പെടുകയും ചെയ്യുന്നത് (Langman's Medical Embryology) എന്ന ശാസ്ത്രീയ വസ്തുത ഇവിടെ ഏറെ പ്രസക്തമാണ്. മേൽ വചനത്തിന്റെ വ്യാഖ്യാനം ഹിപ്പോക്രാറ്റസ് വിവരിച്ച 'ഹൃദയം, കരൾ, തലച്ചോർ എന്നിവ രൂപപ്പെടാത്ത ഭ്രൂണം' എന്നതാണെന്നാണ് കാംപെൽ ദുർവ്യാഖ്യാനിക്കുന്നത്.

വിശുദ്ധ ഖുർആൻ 32:9ൽ ശരിയായി രൂപപ്പെടുത്തിയ ശേഷം ആത്മാവും കേൾവിയും കാഴ്ചയും ഹൃദയങ്ങളും സംവിധാനിച്ചതിനെക്കുറിച്ച് പ്രസ്താവിക്കുന്നുണ്ട്. ഗർഭാശയഘടനയുമായി ബന്ധപ്പെട്ട ആവരണങ്ങളെ സൂചിപ്പിച്ചുകൊണ്ട് "....നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ നിങ്ങളെ അവൻ സൃഷ്ടിക്കുന്നു. മൂന്നുതരം അന്ധകാരങ്ങൾക്കുള്ളിൽ സൃഷ്ടിയുടെ ഒരു ഘട്ടത്തിനുശേഷം മറ്റൊരു ഘട്ടമായി...."

(വി.ഖു. 39:6) എന്നും ഖുർആൻ പ്രസ്താവിക്കുന്നു.

ഖുർആനിലെ സൂചനകളനുസരിച്ച്, അവിസന്നയും ഇബ്നുഖയ്യി മുമൊന്നും ഗ്രീക്ക് വൈദ്യശാസ്ത്രത്തെ എന്തുകൊണ്ട് ഖുർആനുപ യോഗിച്ച് തിരുത്തിയില്ല എന്നതാണ് ഡോ. കാംപെൽ ഇവിടെ ഉന്നയി ക്കുന്ന മറ്റൊരു സംശയം. പ്രവാചക പിതൃവ്യപുത്രനും ഖുർആൻ വ്യാഖ്യാതാവുമായ ഇബ്നുഅബ്ബാസ്, പതിനാലാം നൂറ്റാണ്ടിൽ ജീവിച്ച ഇബ്നുഹജറിൽ അസ്ഖലാനി, പതിമൂന്നാം നൂറ്റാണ്ടിൽ ജീവിച്ച ഇബ്നുൽഖയ്യിം തുടങ്ങിയ പണ്ഡിതന്മാരെല്ലാം 'ബീജം ആർത്തവര ക്തത്തെ കട്ടപിടിപ്പിക്കുന്നതാണ് ഭ്രൂണം' എന്ന തെറ്റിദ്ധാരണ നിലനിന്നി രുന്ന ഒരു കാലഘട്ടത്തിൽ ജീവിച്ചവരാണ്. എന്നാൽ ആൺ-പെൺ ബീജമാണ് ഭ്രൂണ സൃഷ്ടിക്ക് നിദാനം എന്നാണീ പണ്ഡിതന്മാർ വ്യക്ത മാക്കിയിട്ടുള്ളതെന്ന് നാം നേരത്തെ കണ്ടുകഴിഞ്ഞു. ഇവരൊന്നും ഭ്രൂ ണശാസ്ത്രപണ്ഡിതന്മാരായിരുന്നില്ല. ഖുർആനും ഹദീസുമായിരുന്നു അവരുടെ അറിവുകൾക്കടിസ്ഥാനം. ഭ്രൂണം ആറുദിവസങ്ങൾക്കു ശേഷം ഗർഭാശയത്തിൽ ഒട്ടിപ്പിടിക്കുന്നതിനെക്കുറിച്ചും ഇബ്നുഹജറിൽ അസ്ഖലാനിയും (ഫത്ഹുൽബാരി) ഇബ്നുൽഖയ്യിമും ചർച്ച ചെയ്തി ട്ടുണ്ട്. എങ്കിലും ചില മധ്യകാല മുസ്‌ലിം തത്വചിന്തകരും ശാസ്ത്ര ജ്ഞരും അരിസ്റ്റോട്ടിലിന്റെയും മറ്റും തെറ്റായ നിഗമനങ്ങളെ അംഗീക രിച്ചിരുന്നു എന്നത് യാഥാർഥ്യമാണ്. ഖുർആനിക വചനങ്ങളെ ശാ സ്ത്രീയമായി അപഗ്രഥിക്കാനുള്ള ശാസ്ത്രജ്ഞാനമില്ലാതെ പോയതും (അരിസ്റ്റോട്ടിലിന്റെയും മറ്റും) പൗരാണിക വിജ്ഞാന പഠനങ്ങൾ സമൂ ഹത്തിൽ ചെലുത്തിയ സ്വാധീനവുമാവാം ഇതിനുകാരണം.

## ഭ്രൂണഘട്ടങ്ങളും പ്രവാചകവചനവും

ഭ്രൂണവളർച്ചയുമായി ബന്ധപ്പെട്ട ഒരു പ്രവാചക വചനമാണ് ഡോ. കാംപെൽ തുടർന്ന് ചർച്ച ചെയ്തിരിക്കുന്നത്. ബുഖാരിയും മുസ ്‌ലിമും ഉദ്ധരിച്ച പ്രസ്തുത പ്രവാചക വചനം കാണുക: "നിങ്ങളിൽ ഓരോരുത്തരുടെയും സൃഷ്ടി തന്റെ മാതാവിന്റെ ഉദരത്തിൽ 40 ദിവ സമായി സംഘടിപ്പിക്കപ്പെടുന്നു. പിന്നീട് അത്ര തന്നെ കാലം രക്തക്ക ട്ടയായും (അലഖ) തുടർന്ന് അത്ര തന്നെ കാലം മാംസക്കഷ്ണമായും (മുദ്ഗ) സ്ഥിതിചെയ്യുന്നു. പിന്നീട് അതിൽ ആത്മാവ് സിന്നിവേശിപ്പി ക്കാൻ മലക്ക് നിയോഗിക്കപ്പെടുന്നു. ഭക്ഷണം, ജീവിതാവധി, പ്രവർ ത്തനം, സൗഭാഗ്യവാനോ നിർഭാഗ്യവാനോ എന്നീ നാലുകാര്യങ്ങൾ രേഖ പ്പെടുത്താനത് ആജ്ഞാപിക്കപ്പെടുകയും ചെയ്യുന്നു...." ഈ ഹദീ സിനെ തുടർന്ന് കാംപെൽ പറയുന്നത് ഖുർആനിലെ തെറ്റുകളാണ് ഈ ഹദീസിൽ ആവർത്തിരിച്ചിരിക്കുന്നത്, അതുകൊണ്ട് ഹദീസുകളുടെ മൊത്തം വിശ്വാസ്യതയെ സംശയിക്കേണ്ടിയിരിക്കുന്നു എന്നാണ്. ശുക്ലാ വസ്ഥയിൽ 40 ദിവസം, അലഖയായി 40 ദിവസം, മുദ്ഗയായി 40 ദിവസം,



ഇങ്ങനെ 120 ദിവസമായിട്ടും എല്ലുകൾ സൃഷ്ടിക്കപ്പെടുന്നില്ലേ എന്ന ദ്ദേഹം പരിഹസിക്കുകയും ചെയ്യുന്നു. ശാസ്ത്രീയ വിശകലനത്തിൽ മേൽ മൂന്ന് ഘട്ടങ്ങളും ആദ്യത്തെ 40 ദിവസത്തിനുള്ളിൽ തന്നെ സംഭ വിക്കുന്നു എന്ന കാര്യമാണ് കാപെൽ സൂചിപ്പിക്കുന്നത്. യഥാർഥത്തിൽ ഈ ഹദീസ് ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്തതിൽ ഒരു തുള്ളി ബീജം (നുത്ഫ) ആയി 40 ദിവസം നിലനിർത്തപ്പെടുമെന്ന് പറഞ്ഞി ട്ടില്ല. അഹ്മദിന്റെ ഒരു റിപ്പോർട്ടിൽ മാത്രമാണ് അങ്ങനെ പറഞ്ഞിട്ടുള്ളത്. പണ്ഡിത വ്യാഖ്യാനങ്ങളും മറ്റു നബിവചനങ്ങളും പരിശോധിച്ചുകൊ ണ്ടാണ് ഒരു ഹദീസിനെ മനസ്സിലാക്കേണ്ടത്. പ്രവാചകൻ ഒരു ജൂത നോട് പറഞ്ഞത് ആൺ നുത്ഫയിൽ നിന്നും പെൺ നുത്ഫയിൽ നിന്നുമാണ് മനുഷ്യനെ സൃഷ്ടിച്ചത് എന്നാണ്. അഥവാ ബീജസങ്കലനം നടന്ന അവസ്ഥയിലുള്ള ബീജത്തെയും നുത്ഫ എന്ന് വിശേഷിപ്പിക്ക പ്പെട്ടിട്ടുണ്ട്. പണ്ഡിതന്മാരിൽ ചിലത് മൂന്നിനും കൂടി 40 ദിവസം (ഇബ് നുൽഖയ്യിം, ഇബ്നുഹജറിൽ അസ്ഖലാനി) എന്നും മറ്റു ചിലർ ആകെ 120 ദിവസം (ഇമാം നവവി) എന്നും മേൽ ഹദീസിന്റെ വെളിച്ചത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഭ്രൂണഘട്ടങ്ങളെക്കുറിച്ച് ചുരുങ്ങിയ വാക്കുകളിൽ ശാസ്ത്രീയ കൃത്യതയോടെ ഖുർആൻ വ്യക്തമാക്കുമ്പോൾ ഇക്കാര്യം ചർച്ച ചെയ്തിരിക്കുന്ന മേൽ ഹദീസ് വിവിധ ഘട്ടങ്ങളിലുള്ള അവ യുടെ ഒരു സാധാരണ ദൃശ്യമാതൃക (Appearance) അവതരിപ്പിക്കുക മാത്രമെ ചെയ്യുന്നുള്ളൂവെന്ന് മനസ്സിലാക്കാം. മറ്റൊരു പ്രവാചക വചനം കാണുക: പ്രവാചകൻ അരുളി: "നിങ്ങളെ സൃഷ്ടിച്ചത് 40 നാളുകളി ലായാണ്. പിന്നീട് അതുപോലെ അലഖയും മുള്ഗയും രൂപപ്പെടുന്നു. പിന്നീട് മാലാഖ പ്രവേശിക്കുന്നു. നാലുകാര്യങ്ങളാണ് മാലാഖ രേഖപ്പെ ടുത്തുന്നത്. അവന്റെ വിഭവം, ആയുസ്, കർമങ്ങൾ, ദൗർഭാഗ്യവാനോ അനുഗ്രഹീതനോ എന്ന്. എന്നിട്ടവനിലേക്ക് ആത്മാവിനെ ഊതുന്നു" (ബുഖാരി, മുസ്‌ലിം). സമാനമായ മറ്റൊരു പ്രവാചകവചനം കൂടി കാണുക: "നുത്ഫ ഗർഭാശയത്തിൽ പ്രവേശിച്ച് 40 രാവുകൾ കഴിയു മ്പോൾ അല്ലാഹു ഒരു മാലാഖയെ നിയോഗിക്കുന്നു. രൂപം, കേൾവി, കാഴ്ച, അസ്ഥി, മാംസം ഇവ നല്കുന്നതിനാണ് മാലാഖ നിയോഗിക്കു ന്നത്. ഇവ നല്കിയ ശേഷം മാലാഖ ചോദിക്കും. ആണോ, പെണ്ണോ? അല്ലാഹു അവനിച്ഛരിക്കുന്നത് തീരുമാനിക്കും. ജീവിത വിഭവത്തെക്കു റിച്ച് ചോദിക്കും. അല്ലാഹു അതും തീരുമാനിക്കും." (മുസ്‌ലിം)

മേൽ രണ്ട് ഹദീസുകളിലുമെന്നപോലെ മുൻഹദീസിലും മുഖ്യ പ്രതിപാദ്യം ഭ്രൂണത്തിൽ ആത്മാവ് സന്നിവേശിപ്പിക്കലും അല്ലാഹു വിന്റെ ഇച്ഛ നടപ്പിലാക്കലുമാണ്, ഭ്രൂണവളർച്ചയുടെ കൃത്യമായ ശാസ്ത്രീയ വിവരണങ്ങളല്ല. എന്നാൽ അതിന്റെ ആദ്യഘട്ടങ്ങളിലെ പ്രത്യക്ഷ രൂപം സാധാരണക്കാർക്ക് മനസ്സിലാവും വിധം ഇവിടെ അവ തരിപ്പിച്ചതായിട്ടാണ് മനസ്സിലാക്കേണ്ടത്.

## മുലയൂട്ടലും ഗർഭകാലവും

അടുത്തതായി ഖുർആനെതിരെ ഉന്നയിക്കപ്പെട്ടിരിക്കുന്നത് മുലയൂട്ടലും ഗർഭകാലവുമായി ബന്ധപ്പെട്ട കാലഗണനാ പ്രശ്നമാണ്. ബന്ധപ്പെട്ട ഖുർആൻ വചനങ്ങൾ കാണുക: "മനുഷ്യന് തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസനം നല്കിയിരിക്കുന്നു. ക്ഷീണത്തിൻമേൽ ക്ഷീണവുമായിട്ടാണ് മാതാവ് അവനെ ഗർഭം ചുമന്ന് നടന്നത്. അവന്റെ മുലകുടി രണ്ടുവർഷമാണ്. എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദി കാണിക്കുക. എന്റെ അടുത്തേക്കാണ് നിന്റെ മടക്കം" (31:14). വിവാഹ മോചനവുമായി ബന്ധപ്പെട്ട വിധികൾ വിവരിക്കവെ ഖുർആൻ സൂറ.അൽബഖറയിൽ പറയുന്നു.

"മാതാക്കൾ തങ്ങളുടെ സന്താനങ്ങൾക്ക് പൂർണമായും രണ്ടു കൊല്ലം മുലകൊടുക്കേണ്ടതാണ്. കുട്ടിയുടെ മുലകുടി പൂർണമാകണമെന്നുദ്ദേശിക്കുന്നവർക്കത്രെ ഇത്.....ഇനി അവരിരുവരും (മാതാപിതാക്കൾ) കൂടിയാലോചിച്ച് തൃപ്തിപ്പെട്ടുകൊണ്ട് മുലകുടി നിർത്താൻ ഉദ്ദേശിക്കുകയാണെങ്കിൽ അവരിരുവകൾക്കും കുറ്റമില്ല." (ബുഖാരി 2:233)

"തന്റെ മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കണമെന്ന് നാം മനുഷ്യനെ അനുശാസിച്ചിരിക്കുന്നു. അവന്റെ മാതാവ് പ്രയാസപ്പെട്ടുകൊണ്ട് അവനെ ഗർഭം ധരിക്കുകയും പ്രയാസപ്പെട്ടുകൊണ്ട് അവനെ പ്രസവിക്കുകയും ചെയ്തിരിക്കുന്നു. അവന്റെ ഗർഭകാലവും മുലകുടി നിർത്തലും കൂടി മുപ്പത് മാസക്കാലമാകുന്നു." (46:15)

മേൽ ഖുർആൻ വചനങ്ങളിൽ പ്രസക്തമായവ ഉദ്ധരിച്ചുകൊണ്ട് ഡോ. കാംപെൽ ഉന്നയിക്കുന്ന ആരോപണം കാണുക: "ഖുർആനിൽ രണ്ടുസ്ഥലങ്ങളിൽ രണ്ടുവർഷമാണ് മുലകുടി എന്നുപറയുകയും മറ്റൊരു വചനത്തിൽ ഗർഭകാലവും മുലകുടിയും കൂടി 30 മാസം എന്ന് പ്രസ്താവിക്കുകയും ചെയ്തത് വൈരുധ്യമല്ലേ." ഖുർആനിനെ സ്വന്തമായി വ്യാഖ്യാനിക്കുമ്പോഴുണ്ടാകുന്ന ഒരബദ്ധമാണിത്. ഖുർആൻ വചനങ്ങളുടെ അർഥവും ആശയവും അതിന്റെ പ്രഥമ ശ്രോതാക്കളുടെയും അവരെ പിന്തുടർന്നവരുടെയും പൗരാണികരായ മറ്റു പ്രാമാണികരുടെയും വ്യാഖ്യാനങ്ങൾ വഴിയാണ് പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടത്. പ്രവാചകാനുചരന്മാർ തന്നെ ഈ വചനത്തെ വ്യാഖ്യാനിച്ചിരിക്കുന്നത് ഏറ്റവും ചുരുങ്ങിയ ഗർഭകാലത്തെ 6 മാസം എന്ന് കണക്കാക്കിയാണ് പ്രസവവും മുലകുടിയും കൂടി 30 മാസം എന്ന് ഖുർആൻ സൂചിപ്പിച്ചിട്ടുള്ളത് എന്നാണ്. അത്തരം സംഭവങ്ങളും ആ കാലത്ത് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. വിവാഹാനന്തരം ആറു മാസത്തോളം കഴിഞ്ഞ് പ്രസവിച്ച ഒരു സ്ത്രീയുടെ ഭർത്താവ് കുട്ടി തന്റേതല്ല എന്ന് ഖലീഫ ഉസ്മാനി (റ)ന്റെ മുമ്പിൽ വാദിച്ചു. ഉസ്മാൻ(റ) ആദ്യം ആ വാദം ശരിവെച്ചുവെങ്കിലും അലി(റ) മേൽ ഖുർആൻ വചനം ഉദ്ധരിച്ചുകൊണ്ട് ഗർഭകാലം 6 മാസവും ആവാം എന്ന് വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ കുട്ടി ഭർത്താവിന്റേത് തന്നെയാണെന്ന് തീർപ്പുകല്പിക്കുകയാണുണ്ടായത്. ഇമാം റാസി(റ)യെപ്പോലുള്ളവരും ഈ അഭിപ്രായമാണ് ശരിവെച്ചത്. ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ ഗർഭകാലത്തിലെ ഏറ്റക്കുറച്ചിലനുസരിച്ച് മുലകുടി കാലത്തിനും ഏറ്റക്കുറച്ചിൽ വരുത്താമെന്നും പണ്ഡിതന്മാരിൽ ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട് (അമാനി മൗലവിയുടെ വ്യാഖ്യാനം കാണുക, 4-ാം ഭാഗം). ഈ വചനം ഏറ്റവും ആധുനിക ശാസ്ത്രസ്ഥിരീകരണമനുസരിച്ചുള്ളതാണ് എന്ന യൂസുഫലിയുടെ വ്യാഖ്യാനം കാംപെൽ പരാമർശിക്കുന്നുണ്ടെങ്കിലും ശാസ്ത്രം കൊണ്ടോ അനുഭവസമ്പത്തുകൊണ്ടോ ഇത് തെറ്റാണെന്ന് അദ്ദേഹം പറയുന്നില്ല.



മേൽ വിവരിച്ച സൂറതു അഹ്ഖാഫിലെ 15ാം വചനത്തിൽ അവന്റെ ഗർഭകാലവും മുലകുടി നിർത്തലും കൂടി മുപ്പത് മാസമാകുന്നുവെന്ന് പറഞ്ഞശേഷം "അങ്ങനെ അവൻ പൂർണശക്തി പ്രാപിക്കുകയും 40 വയസ്സെത്തുകയും ചെയ്താൽ അവൻ ഇപ്രകാരം പറയും: എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തു തന്നെ അനുഗ്രഹത്തിന് നന്ദി ചെയ്യാനും നീ തൃപ്തിപ്പെടുന്ന സൽകർമം പ്രവർത്തിക്കാനും നീ എനിക്ക് പ്രചോദനം നല്കേണമേ...." എന്നുള്ള തുടർഭാഗത്തെക്കുറിച്ച് ഡോ. കാംപെൽ ഇപ്രകാരം പറയുന്നു: "40 വയസ് എല്ലാവർക്കും ബാധകമല്ലേ, അത് അസാധാരണമായി ജനിക്കുന്നവർക്കല്ലല്ലോ. അഥവാ ഇവിടെ ഗർഭകാലം 9 മാസം തന്നെയാണ് ഉദ്ദേശ്യം."

ഖുർആനിന്റെ പ്രതിപാദന ശൈലിയെക്കുറിച്ചുള്ള അജ്ഞതകൊണ്ടാണ് ഇത്തരം തെറ്റിദ്ധാരണ എന്ന് കാണാവുന്നതാണ്. വചനത്തിന്റെ ആദ്യഭാഗം അവനെ വിഷമിച്ച് ഗർഭം ചുമന്ന മാതാക്കൾ നന്ദി ചെയ്യേണ്ടതിനെക്കുറിച്ചും ഗർഭകാലവും മുലയൂട്ടലുമായി അവന്റെ മാതാവ് കഴിച്ചുകൂട്ടുന്ന കാലത്തെക്കുറിച്ചും സാമാന്യമായി വിവരിക്കുന്നു. ശേഷം വചനത്തിന്റെ ബാക്കി ഭാഗം മനുഷ്യൻ പക്വതയും ശക്തിയും ആർജിക്കുമ്പോൾ ഉണ്ടാവേണ്ട ചില സ്വഭാവഗുണങ്ങളെക്കുറിച്ചാണ്. ഒരു ഭാഗത്ത് തന്റെ മാതാപിതാക്കളെയും മറുഭാഗത്ത് തന്റെ മക്കളെയുമാണവനപ്പോൾ കാണുന്നത്. ഇരുവരോടും തനിക്കുള്ള കടമകളും കടപ്പാടുകളും തന്റെ തന്നെ തേട്ടങ്ങളുമാണ് ഈ സമയത്ത് ഒരു സൽകർമകാരിയുടെ മനസ്സിൽ എന്ന് ഖുർആൻ വിവരിക്കുന്നു. അവർക്കുള്ള പ്രതിഫലത്തെക്കുറിച്ചും അവരോടുള്ള അല്ലാഹുവിന്റെ വാഗ്ദാനത്തെക്കുറിച്ചുമാണ് തുടർന്നുള്ള വചനം. മേൽവചനത്തിൽ ഗർഭകാലത്തെക്കുറിച്ച് എന്താണ് സൂചിപ്പിക്കുന്നത് എന്ന് പണ്ഡിത വ്യാഖ്യാനങ്ങളിലൂടെ നാം കണ്ടുകഴിഞ്ഞു. ഇനി ഗർഭകാലം എത്രയാവട്ടെ എല്ലാവരുടെയും പ്രായം കണക്കാക്കുന്നത് ജനനം മുതൽ ഒരേവിധത്തിൽ തന്നെയാണുതാനും.

## പാൽ, തേൻ, പാരമ്പര്യം: ഖുർആനിൽ വൈരുധ്യങ്ങളോ?

വിവാഹബന്ധം നിഷിദ്ധമാക്കിയതുമായി ബന്ധപ്പെട്ട വിധികൾ വിവരിക്കുന്ന ഒരു ഖുർആൻ വചനമാണ് പിന്നീട് ഡോ. കാംപെൽ പഠന വിധേയമാക്കുന്നത്. വിവാഹബന്ധം നിഷിദ്ധമാക്കപ്പെട്ടവർ ആരെല്ലാം എന്നു വിവരിക്കുന്ന ദീർഘമായ ഒരു വചനത്തിന്റെ പ്രസക്ത ഭാഗം കാണുക: "...നിങ്ങളെ മുലകുടിപ്പിച്ച പോറ്റമ്മമാർ, നിങ്ങളുടെ ഭാര്യാമാതാക്കൾ എന്നിവർ (വിവാഹബന്ധത്തിന്റെ കാര്യത്തിൽ) നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു....." (വി.ഖു. 4:23). ബന്ധപ്പെട്ട വിഷയത്തിൽ ഉദ്ധരിക്കപ്പെട്ട ഒരു പ്രവാചക വചനം കൂടി കാണാം: "ജനനം നിഷിദ്ധമാക്കുന്നത് മുലകുടിയും നിഷിദ്ധമാക്കും'' (ബുഖാരി, മുസ്‌ലിം). 'മുസ്‌ലി'മിലെ ഒരു നിവേദനം "കുടുംബബന്ധം മൂലം നിഷിദ്ധമാവുന്നത് മുലകുടി മൂലവും നിഷിദ്ധമാവുന്നു" എന്നാണ്. ഇനിമേൽ ഖുർആൻ വചനവുമായും ഹദീസുകളുമായും ബന്ധപ്പെട്ട് കാംപെൽ ഉന്നയിക്കുന്ന ആരോപണങ്ങൾ ഇതാണ്: "മുലപ്പാൽ തന്ന അമ്മമാരുമായും മുലകുടി ബന്ധത്തിലുള്ള സഹോദരിമാരുമായുമുള്ള വിവാഹം നിരോധിക്കുന്നതിൽ ശാസ്ത്രീയമായ കാരണങ്ങളൊന്നുമില്ല. പാലൂട്ടി വളർത്തുന്നതുകൊണ്ട് മുലപ്പാലിൽ പാരമ്പര്യ സ്വഭാവങ്ങളൊന്നും സന്നിവേശിപ്പിക്കപ്പെടുകയില്ല. അവരോടുള്ള ബഹുമാനമല്ല ഇവിടെ ഉദ്ദേശ്യം. മുലകുടി ബന്ധത്തിലുള്ള സഹോദരിമാരെ പർദ ധരിക്കാതെ കാണാൻ അനുവാദമുണ്ട്, പക്ഷേ വിവാഹം പാടില്ല. ഇത് ഉല്പത്തി ശാസ്ത്രവുമായി പൊരുത്തപ്പെടുന്നില്ല."

നമുക്ക് പരിശോധിക്കാം: വിഷയവുമായി ബന്ധപ്പെട്ട മേൽ ഖുർആൻ, ഹദീസ് വചനങ്ങളിൽ നിന്ന് മനസ്സിലാവുന്നത് ഇസ്‌ലാമിൽ വിവാഹബന്ധം നിഷിദ്ധമാക്കിയത് മൂന്നു വിഭാഗത്തിലാണെന്നാണ്. 1. കുടുംബബന്ധം 2. മുലകുടി ബന്ധം 3. വിവാഹബന്ധം (ഉദാ: ഭാര്യാമാതാക്കൾ, ഭാര്യമാർക്ക് മുൻ വിവാഹത്തിലുള്ള പെൺമക്കൾ). ഇതിൽ പാരമ്പര്യസ്വഭാവങ്ങൾ കൈമാറ്റം ചെയ്യപ്പെടാനുള്ള സാധ്യത ആദ്യ വിഭാഗത്തിൽ മാത്രമാണ്. രണ്ടും മൂന്നും വിഭാഗത്തിൽ പാരമ്പര്യഘടകങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്നില്ല. മൂന്നാമത്തെ വിഭാഗത്തിൽ ഡോ. കാംപെൽ ഖുർആനിനെതിരെ ആരോപിക്കുന്ന 'മുലകുടി ബന്ധം മൂലം പാരമ്പര്യ ഘടകങ്ങളുടെ കൈമാറ്റം' പോലുമില്ല എന്ന് കാണാവുന്നതാണ്. ഇതിൽ നിന്ന് നാം എന്തു മനസ്സിലാക്കണം. പാരമ്പര്യ സ്വഭാവങ്ങളുടെ സന്നിവേശം മാത്രമല്ല ഇസ്‌ലാമിൽ വിവാഹബന്ധം നിഷിദ്ധമാക്കിയ നിയമവിധികൾക്കടിസ്ഥാനം എന്നാണ്. സാമൂഹികവും വൈകാരികവുമായ മറ്റു പല കാരണങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ട്. മുലകുടി ബന്ധ



ത്തെയും കുടുംബബന്ധം പോലെ തന്നെയാണ് ഇസ്‌ലാം കാണുന്നത് എന്ന കാര്യത്തിൽ സംശയമില്ല. ഇത്തരം സദാചാര നിയമങ്ങൾ വ്യാഖ്യാനിക്കേണ്ടത് കേവല ഉല്പത്തി ശാസ്ത്ര സങ്കല്പങ്ങളുടെ വെളിച്ചത്തിലല്ല. കാരണം വിവാഹബന്ധം നിഷിദ്ധമാക്കപ്പെട്ടതിന് പിന്നിൽ ജനിതക കാരണങ്ങൾ മാത്രമല്ല ഉള്ളത്, മറിച്ച് സ്രഷ്ടാവ് നിശ്ചയിച്ച ചില സാമൂഹിക നൈതിക നിമിത്തങ്ങൾ കൂടിയുണ്ട്.

## രക്തത്തിനും കാഷ്ഠത്തിനും ഇടയ്ക്ക് പാൽ

സൂറതുന്നഹ്‌ലിലെ ഒരു വചനം കാണുക: "കാലികളുടെ കാര്യത്തിൽ തീർച്ചയായും നിങ്ങൾക്കൊരു പാഠമുണ്ട്. അവയുടെ ഉദരത്തിലുള്ളതിൽ നിന്ന്– കാഷ്ഠത്തിനും രക്തത്തിനുമിടയിൽ നിന്ന്– ശുദ്ധവും കുടിക്കുന്നവർക്ക് വേഗം ഇറങ്ങിപ്പോവുന്നതുമായ പാൽ നിങ്ങൾക്ക് നാം കുടിക്കാൻ തരുന്നു." (വി.ഖു. 16:66)

മേൽ വചനത്തെ കാംപെൽ വിലയിരുത്തുന്നത് ഇങ്ങനെയാണ്: "കാഷ്ഠത്തിനും രക്തത്തിനും ഇടയ്ക്ക് നിന്ന് പാൽ ഉണ്ടാവുകയോ? പാൽഗ്രന്ഥികൾ പുറം തൊലിക്കടിയിലാണ് സ്ഥിതിചെയ്യുന്നത്. കാഷ്ഠമാകട്ടെ ഉദരത്തിൽ കുടലുകൾക്കുള്ളിലും. ശരീരശാസ്ത്രപരമായി കാഷ്ഠം ശരീരത്തിന് പുറത്താണ്. പാൽ ഗ്രന്ഥിയുമായി യോജിപ്പിക്കാൻ അതിലേക്ക് ഞരമ്പുകളൊന്നുമില്ലതാനും." മേൽ വചനത്തെ തെറ്റായി മനസ്സിലാക്കുകയോ ദുർവ്യാഖ്യാനിക്കുകയോ ചെയ്യുമ്പോൾ മാത്രമേ ഒരാൾക്ക് ഇത്തരമൊരു നിഗമനത്തിലെത്താൻ കഴിയൂ. അവയുടെ ഉദരങ്ങളിൽ നിന്ന് അഥവാ കാഷ്ഠത്തിനും രക്തത്തിനും ഇടയിൽ നിന്ന് പാലുണ്ടാവുന്നു എന്നാണ് ഖുർആൻ പ്രസ്താവിച്ചിട്ടുള്ളത്. ആഹരിക്കുന്ന ഭക്ഷണവും വെള്ളവും ഒരു ഭാഗം കാഷ്ഠമായി പുറന്തള്ളപ്പെടുന്നു. മറ്റൊരു ഭാഗം ശരീരം ആഗിരണം ചെയ്യുന്നു. ഇതിൽ നിന്നൊരു ഭാഗം രക്തത്തിന്റെയും മറ്റൊരു ഭാഗം പാലിന്റെയും നിർമിതിക്ക് സഹായകമാകുന്നു. ഒരേതരം ഭക്ഷണത്തിൽ നിന്ന് കാഷ്ഠവും രക്തവും അതിന്റെ രണ്ടിന്റെയും കലർപ്പില്ലാത്ത ശുദ്ധമായ പാലും ഉല്പാദിപ്പിക്കപ്പെടുന്നു എന്ന ദൃഷ്ടാന്തമാണ് ഖുർആൻ ഇവിടെ വ്യക്തമാക്കിയിരിക്കുന്നത്. അല്ലാതെ കാഷ്ഠത്തിനും രക്തത്തിനുമിടയ്ക്കാണ് പാൽ ഗ്രന്ഥികൾ സ്ഥിതിചെയ്യുന്നത് എന്നല്ല.

## ഖുർആനിലെ തേൻ

തേനിനെക്കുറിച്ച് പരാമർശിച്ചുകൊണ്ടുള്ള വിശുദ്ധഖുർആനിലെ ഒരു വചനം കാണുക: "അവയുടെ (തേനീച്ച) ഉദരങ്ങളിൽ നിന്ന് വിവിധ വർണത്തിലുള്ള പാനീയം പുറത്തുവരുന്നു. അതിൽ മനുഷ്യർക്ക് രോഗശമനമുണ്ട്. ചിന്തിക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്" (വി.ഖു. 16:69). ഈ വചനം ഉദ്ധരിച്ച ശേഷം ഡോ. കാംപെൽ ചോദിക്കുന്നത് കാണുക: "എന്താണിതിനർത്ഥം? തേനീച്ചയുടെ വയറ്റിൽ

നിന്ന് തേൻ ഉണ്ടാവുകയോ? ഏത് രോഗത്തെയാണ് തേൻ ശമിപ്പിക്കുന്നത്?''

ഈ ചോദ്യങ്ങൾക്ക് ശാസ്ത്രത്തിന് വ്യക്തമായ ഉത്തരമുണ്ട്. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരിച്ച ഒരു സുപ്രധാന കൃതിയാണ് 'എന്തുകൊണ്ട് എന്തുകൊണ്ട് എന്തുകൊണ്ട്.' ഇതിൽ തേനിനെക്കുറിച്ച് പരാമർശിക്കുന്ന ചില ഭാഗങ്ങൾ ഇവിടെ പകർത്തുകയാണ്: "പൂവിലുള്ള തേനും തേനീച്ചകളുടെ കൂട്ടിലുള്ള തേനും വ്യത്യസ്തമാണ്. തേനീച്ച പൂവിൽ നിന്ന് തേനുണ്ടുകഴിഞ്ഞാൽ ആ തേൻ നേരെ ചെല്ലുന്നത് അതിന്റെ വയറ്റിലെ രണ്ട് അറകളിൽ ആദ്യത്തേതിലേക്കാണ്. ഒരു ചെറിയ വാൽവിന്റെ പ്രവർത്തനം മൂലം ഈ തേൻ രണ്ടാമത്തെ അറയിലേക്ക് കടക്കുന്നില്ല. തേനീച്ച ഈ തേൻ സമ്പാദ്യം കൂട്ടിലുള്ള ചില പ്രത്യേക തേനീച്ചകൾക്ക് നല്കുന്നു. അവ അന്യോന്യം ഇത് കൈമാറുന്നു. ഈ പ്രക്രിയക്കിടയിൽ അതിൽ ചില ജൈവസ്രവങ്ങൾ (എൻസൈമുകൾ) അലിഞ്ഞുചേരും. അതിനുശേഷം ഈ തേൻ കൂടിന്റെ പ്രത്യേക അറകളിൽ സൂക്ഷിക്കുന്നു. ചില പ്രത്യേക തേനീച്ചകൾ അവയുടെ ചിറകുകൾ വീശി അതിലുള്ള വെള്ളത്തിന്റെ അംശം കുറയ്ക്കുന്നതോടുകൂടി 'തേനീച്ചകൂട്ടിലെ തേൻ' തയ്യാറാവുന്നു" (page 144, 2nd revised edition, Dec 97). തേനീച്ചകളുടെ വയറ്റിൽ നിന്ന് തേനുണ്ടാകുന്നതിനെക്കുറിച്ച് ഖുർആൻ പറഞ്ഞതിൽ ഇനിയും സംശയിക്കേണ്ടതുണ്ടോ?

തേനിന്റെ ഖുർആൻ പറയുന്ന ഔഷധഗുണങ്ങളെക്കുറിച്ചാണ് പിന്നീടുള്ള അദ്ദേഹത്തിന്റെ സംശയം. തേനിന്റെ ഔഷധഗുണങ്ങളെക്കുറിച്ച് നമ്മുടെ നാട്ടിൽ ആർക്കെങ്കിലും സംശയമുണ്ടാവുമെന്ന് തോന്നുന്നില്ല. ആയുർവേദ ഔഷധഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ടതും നിരവധി ആയുർവേദ ഔഷധച്ചേരുവകളിൽ ഉപയോഗിക്കുന്നതുമായ ഔഷധമാണ് തേൻ. അതിന്റെ പ്രത്യേകതകൾ നിരവധിയാണ്. ചുമ, മലബന്ധം, തൊണ്ടവേദന, പൊള്ളൽ, നേത്യരോഗങ്ങൾ, ആമാശയ രോഗങ്ങൾ എന്നിങ്ങനെ പല സാധാരണ രോഗങ്ങൾക്കുമുള്ള ഔഷധമായോ ഔഷധച്ചേരുവകളിലോ നാം തേനുപയോഗിക്കുന്നു. ഇന്ന് ആധുനിക വൈദ്യശാസ്ത്രവും തേനിന്റെ ഔഷധ പ്രാധാന്യം തിരിച്ചറിഞ്ഞുകഴിഞ്ഞു. വിവിധയിനം ഷുഗർ, ഓർഗാനിക് അമ്ലങ്ങൾ, എൻസൈമുകൾ, വൈറ്റമിൻസ്, യീസ്റ്റ് തുടങ്ങി നിരവധി രാസവസ്തുക്കളുടെ മിശ്രിതമാണ് തേൻ. ഹിപ്പോക്രാറ്റസിന്റെ കാലം മുതൽ തന്നെ തേനിന്റെ ഔഷധഗുണങ്ങൾ വിവരിക്കപ്പെട്ടിട്ടുണ്ട്. ശരീര ചർമ ചികിത്സയ്ക്കും വളർച്ചയും പ്രതിരോധവും ഓർമശക്തിയും ത്വരിതപ്പെടുത്തുന്നതിനും ആവശ്യമായ ചേരുവകൾ തേനിലടങ്ങിയിട്ടുണ്ട്. കോസ്മെറ്റിക്സ് നിർമാണരംഗത്ത് ചർമകാന്തി നിലനിർത്തുന്ന ലേപന വ്യവസായത്തിൽ തേനുപയോഗിക്കുന്നുണ്ട്. സാധാരണ ആമാശയ രോഗങ്ങൾക്ക് മാത്രമല്ല Helicobacter Pylroli എന്നയിനം ബാക്ടീരിയകളുടെനിരന്തര ശല്യം മൂലമുണ്ടാവുന്ന അൾസറും തുടർന്നുണ്ടായേക്കാവുന്ന ആമാശയ കാൻസറും തടയുന്നതിന് തേൻ ഉപയോഗിച്ച് നടത്തിയ വിജയകരമായ പരീക്ഷണഫലങ്ങൾ ഈയിടെ പുറത്തുവരികയുണ്ടായി. (Honey against gastric cancer- NICHOLAS NAMLAS, *അത്തൗഹീദ്* 2005 ഏപ്രിൽ-മെയ്). 'മാനുക' തേൻ (Manuka Honey-ന്യൂസിലാന്റ്) 5% വീര്യമുള്ള ലായനി H. Pylori ബാക്ടീരിയയുടെ വളർച്ച പൂർണമായും തടയുന്നതായിട്ടാണ് അവരുടെ പഠനങ്ങളിൽ നിന്ന് തെളിയുന്നത്. അഥവാ വയറിലെ ചിലയിനം കാൻസറി (Gastric lymphoma)നെതിരെ തേൻ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമെന്നർഥം. (Ref. AIIAT, Choudhary HN and Huranayed MS- Inhibitory effect of natural honey-Tropical gastroentorology 1991)



## ഖുർആനും പക്ഷിമൃഗാദി സമൂഹങ്ങളും

ഖുർആൻ പറയുന്നു: "ഭൂമിയിലുള്ള ഏതൊരു ജന്തുവും രണ്ട് ചിറകുകൾ കൊണ്ട് പറക്കുന്ന ഏതൊരു പക്ഷിയും നിങ്ങളെപ്പോലുള്ള ചില സമൂഹങ്ങൾ മാത്രമാകുന്നു" (വി.ഖു. 6:38). മേൽ വചനത്തെക്കുറിച്ചും ഡോ. കാംപെലിന് ചില പരാതികളുണ്ട്. അവ കാണുക: "മോറിസ് ബുക്കായ് പറഞ്ഞ തേനീച്ച സമൂഹജീവികൾ തന്നെ. ചിലന്തികളോ? ഇണ ചേർന്ന ആൺ ചിലന്തി പെൺ ചിലന്തിയെ തിന്നുകളയുന്നു. അവ സമൂഹമാണോ? പ്രബലനായ സിംഹം വൃദ്ധനായ ആൺ സിംഹത്തെ തുരത്തിയോടിക്കുന്നു. മനുഷ്യൻ അങ്ങനെ ചെയ്യുന്നുണ്ടോ? തേനീച്ചകളെ തന്നെ എടുത്താൽ ഒരു ആൺ ഈച്ച റാണിയുമായി ഇണ ചേരുന്നു. മടിയന്മാരായ മറ്റു ആൺ ഈച്ചകളെല്ലാം കൂട്ടിൽ നിന്ന് പുറത്താക്കപ്പെടുന്നു. അപ്പോൾ അവയും നമ്മുടേത് പോലുള്ള സമൂഹമാണോ?"- എന്നിങ്ങനെ പോകുന്നു അദ്ദേഹത്തിന്റെ ചോദ്യങ്ങൾ.

മനുഷ്യനെപ്പോലെ തന്നെ മൃഗങ്ങൾക്കും പക്ഷികൾക്കും സ്വന്തമെന്നപോലെ സാമൂഹികമായ ഒരു ജീവിതമുണ്ട്, മനുഷ്യനെപ്പോലെ മാർഗങ്ങളും വ്യവസ്ഥകളും അവയ്ക്കുമുണ്ട് എന്നത് ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ട ഒരു യാഥാർഥ്യമാണ്. മനുഷ്യർ തന്നെ അവയെ പല സവിശേഷതകളുടെയും അടിസ്ഥാനത്തിൽ വർഗീകരിച്ചിട്ടുണ്ട്. ആനകളും കുരങ്ങുകളും മാൻകൂട്ടങ്ങളും ഒരു സാമൂഹിക ക്രമം പിന്തുടരുന്നില്ലേ? തത്തകളും പ്രാവുകളും പലതരം കൊക്കുകളും കാക്കകളും അവരുടേതായ ഒരു സാമൂഹികക്രമം പിന്തുടരുന്നില്ലേ? ഡോൾഫിനുകളും സ്രാവുകളും തിമിംഗലങ്ങളുമെല്ലാം അവരവരുടെ ചിലയിനം സാമൂഹിക വ്യവസ്ഥകൾ പാലിക്കുന്നില്ലേ? കൊക്കുകൾ പറക്കുന്നതുപോലും കൂട്ടമായി വായുവിൽ സഞ്ചാരപാതയിലെ ഘർഷണം ലഘൂകരിക്കുന്നതിനായി ഒരു 'V' മാതൃകയിലാണെന്ന് നാം നിരീക്ഷിച്ചിട്ടുണ്ട്. അവയി

ലൊന്ന് മുറിവേല്ക്കുകയോ ക്ഷീണിച്ച് ഗതിമാറി താഴെ വീഴുകയോ ചെയ്യുമ്പോൾ മറ്റുള്ളവയും അവയെ അനുഗമിക്കുന്നു. ഇതു ഒരു സാമൂഹിക വ്യവസ്ഥയുടെ ഭാഗമാണ്. ആക്രമണകാരിയായ ഒരു സ്രാവിൽ നിന്നും വെള്ളത്തിൽ വീണ ഒരു മനുഷ്യനെ സംരക്ഷിക്കുന്നതിനായി ഡോൾഫിനുകൾ അയാൾക്കു ചുറ്റും വലയം സൃഷ്ടിച്ചതായുള്ള വാർത്ത ഈയിടെ 'ദ ഹിന്ദു' പത്രം റിപ്പോർട്ട് ചെയ്തിരുന്നു. ഒരു മാംസഭോജിയുടെ സാന്നിധ്യം മനസ്സിലാക്കിയ ഡോൾഫിനുകളുടെ സ്വാഭാവിക പ്രതികരണമായിട്ടാണ് ഇതിനെ ശാസ്ത്രജ്ഞർ വിശേഷിപ്പിച്ചത്. ഒരു സാമൂഹികക്രമത്തിന്റെ ഭാഗമായി വരുന്ന സ്വാഭാവിക പ്രതികരണമല്ലാതെ മറ്റെന്താണിത്? ഉറുമ്പുകളെയും തേനീച്ചകളെയും നിരീക്ഷിക്കുക. അത്ഭുതകരമായ ഒരു സാമൂഹിക വ്യവസ്ഥ നമുക്കിവിടെയും കാണാനാവും. കൂട് നിർമാണം, തേൻ ശേഖരണം, സംഭരണം, പ്രത്യുല്പാദനം, തൊഴിൽ വിഭജനം തുടങ്ങിയ സമഗ്രമായ ഒരു സാമൂഹിക ക്രമമാണ് നാം തേനീച്ച സമൂഹത്തിൽ ദർശിക്കുന്നത്. മനുഷ്യനെപ്പോലെ അല്ലാഹുവാണ് അവയ്ക്കും ക്രമവും വ്യവസ്ഥയും നിശ്ചയിച്ചിട്ടുള്ളത് എന്ന് ഓർമിപ്പിക്കുക മാത്രമാണ് ഖുർആൻ വചനം. മനുഷ്യൻ അക്രമത്തിലും അരാജകത്വത്തിലും ഏർപ്പെടുന്നതുകൊണ്ട് അവന് സാമൂഹികക്രമമില്ല എന്ന് നാം പറയാറില്ലല്ലോ. മനുഷ്യൻ മനുഷ്യനെ കോൺസൻട്രേഷൻ ക്യാമ്പുകളിൽ ശ്വാസംമുട്ടിച്ചു കൊന്നപ്പോഴും നാം നമ്മുടെ സാമൂഹിക വ്യവസ്ഥയെക്കുറിച്ച് പരിതപിച്ചില്ല. ചിലയിനം ജീവികളിൽ അപൂർവമായി കാണപ്പെടുന്ന സവിശേഷ സ്വഭാവങ്ങളെ മുൻനിർത്തി അവയ്ക്കൊന്നും യാതൊരു ചിട്ടയും ക്രമവുമില്ല, അവ സമൂഹമല്ല എന്ന് വ്യാഖ്യാനിക്കുന്നത് ഖുർആനിനെ തിരുത്തുകയല്ല ശാസ്ത്രത്തെ തന്നെ വെല്ലുവിളിക്കുകയാണ്.

## ഖുർആനും സൂര്യന്റെ സഞ്ചാരവും

ഖുർആൻ പറയുന്നു: "നിന്റെ രക്ഷിതാവിനെക്കുറിച്ച് നീ ചിന്തിച്ചു നോക്കിയിട്ടില്ലേ? എങ്ങനെയാണ് അവൻ നിഴലിനെ നീട്ടിയത് എന്ന്. അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ അതിനെ അവൻ നിശ്ചലമാക്കുമായിരുന്നു. പിന്നെ നാം സൂര്യനെ അതിന് അടയാളമാക്കിയിരിക്കുന്നു"(വി.ഖു. 25:45). ഈ വചനത്തെ കാംപെൽ വിലയിരുത്തുന്നത് കാണുക: "നിഴലിനെ നിയന്ത്രിക്കും വിധം സൂര്യൻ ചലിക്കുന്നുണ്ടോ? ഭൂമിയാണ് ചലിക്കുന്നത്. അതുകൊണ്ട് ഖുർആനിൽ മേൽവചനത്തിൽ പറഞ്ഞിരിക്കുന്നത് തെറ്റാണ്."

നമുക്ക് പരിശോധിക്കാം: നിഴലും വെളിച്ചവും രാത്രിയും പകലും കാറ്റും മഴയുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങളാണ് ഈ വചനത്തിലും തുടർന്നുള്ള ചില വചനങ്ങളിലും അല്ലാഹു പറയുന്നത്. സൂര്യന്റെയോ ഭൂമിയുടെയോ ചലനവുമായി നേരിട്ട് ബന്ധപ്പെട്ട ഒരു വചനമല്ല ഇത്.



നിഴലും തണലും നീളുകയും ചുരുങ്ങുകയും വീണ്ടും നീളുകയും ചെയ്യുന്ന ദൈവികദൃഷ്ടാന്തമാണ് മുഖ്യപ്രതിപാദ്യം. ശാസ്ത്രീയ വിശകലനത്തിൽ ഇതിന്റെ അടിസ്ഥാനം ഭൂമിയുടെ ചലനമാണ് എന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ ഭൂഭ്രമണം മൂലമുള്ള നമ്മുടെ സ്ഥാനം നാം മനസ്സിലാക്കുന്നത് ഭൂമിയെ അപേക്ഷിച്ചുള്ള സൂര്യന്റെ സ്ഥാനം നിരീക്ഷിച്ചാണ്, അല്ലെങ്കിൽ അത് കണക്കുകൂട്ടിയാണ്. അഥവാ സൂര്യനാണ് ഇതിനുള്ള നമ്മുടെ അടയാളം. അത്രമാത്രമേ ഖുർആനും പറയുന്നുള്ളൂ. സൂര്യനെ അതിനൊരു തെളിവ്, അടയാളം (ദലീൽ) ആക്കി എന്നാണ് ഖുർആൻ വ്യക്തമാക്കിയത്. ഇതിനർഥം ഭൂമി ചലിക്കുന്നില്ല എന്നാണോ?

## ഉത്തരധ്രുവത്തിനടുത്തുള്ള മുസ്‌ലിംകൾ പ്രാർഥിക്കുന്നതെങ്ങനെ?

"ധ്രുവ പ്രദേശത്ത് നോമ്പനുഷ്ഠിക്കുന്നവൻ ആഴ്ചകൾ നീണ്ട പകൽ മൂലം പട്ടിണി കിടന്നു മരിച്ചുപോകും. ഖുർആൻ എന്തേ അതൊന്നും വ്യക്തമാക്കിയില്ല. ഒരു ലാപ്ലാണ്ടുകാരൻ (ഉത്തരധ്രുവപ്രദേശത്തിനപ്പുറം) പ്രാർഥനാ സമയം കണക്കാക്കുന്നതെങ്ങനെ? ബഹിരാകാശയാത്രികൻ ദിവസം മൂന്നുതവണ പ്രാർഥിച്ചാൽ മതി എന്ന സുഊദി ഫത്‌വ ഖുർആനിൽ പ്രവചിക്കാത്തതെന്തുകൊണ്ട്? ഖുർആനിൽ മനുഷ്യൻ ശൂന്യാകാശം കീഴ്പ്പെടുത്താനുള്ള സാധ്യത (വി.ഖു. 53:33)യെക്കുറിച്ച് പറയുന്നത് പ്രവചനമാണെങ്കിൽ ഇതെല്ലാം പറയേണ്ടതല്ലേ?" എന്നിങ്ങനെ പോകുന്നു ഡോ. കാംപെലിന്റെ സംശയങ്ങൾ.

ഖുർആൻ ഒരു പ്രവചനഗ്രന്ഥമാണ് എന്ന് തെറ്റിദ്ധരിച്ചതോ തെറ്റിദ്ധരിപ്പിക്കപ്പെട്ടതോ ആവാം ഇത്തരം വിമർശനങ്ങൾക്കടിസ്ഥാനം. ഖുർആനിന്റെ ഭാഷയിൽ അതൊരു മാർഗദർശനഗ്രന്ഥമാണ്. അത് ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കുന്നു. അതിൽ മുന്നറിയിപ്പുകളും സന്തോഷവാർത്തകളുമുണ്ട്. അത് വിജ്ഞാനത്തിന്റെയും ഗ്രന്ഥമാണ്. മുസ്‌ലിംകൾക്ക് കാലാകാലങ്ങളിൽ ജീവിതരീതിയിലും അനുഷ്ഠാന രംഗത്തും നേരിടേണ്ടിവരുന്ന ഓരോ പ്രശ്നവും ഖുർആൻ ചർച്ചചെയ്യുന്നില്ല. ഉദാഹരണത്തിന് ഏറ്റവും പ്രധാനപ്പെട്ട ആരാധനാകർമമായ നമസ്കാരമെടുക്കുക. അതിന്റെ പൂർണരൂപമോ സമയക്രമങ്ങളോ എണ്ണം പോലുമോ ഖുർആൻ വ്യക്തമാക്കുന്നില്ല. എന്നാൽ അടിസ്ഥാന വസ്തുതകൾ ഖുർആൻ വിവരിക്കുന്നു. അതിന്റെ വിശദീകരണങ്ങളും വിശദാംശങ്ങളുമായ പ്രവാചകന്റെ വാക്കുകളും മാതൃകാ പ്രവർത്തനങ്ങളുമുണ്ട്. കൂടാതെ പ്രവാചകനെ സഹവസിച്ചവരുടെ നടപടികളും മാതൃകകളും നമ്മുടെ മുമ്പിലുണ്ട്. ഇതെല്ലാം ശരിയായി വിലയിരുത്തുമ്പോൾ ഇസ്‌ലാം എന്താണെന്ന് തികച്ചും വ്യക്തമാകും. മാത്രമല്ല. അടിസ്ഥാന

വസ്തുതകളിലൂന്നിയ പഠനഗവേഷണങ്ങളുടെ വാതിലുകൾ തുറന്നിട്ടു കൊണ്ടാണ് പ്രവാചകൻ കടന്നുപോയത്. അഥവാ മതത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ വ്യക്തമായ മാർഗരേഖകൾ വിവരിച്ചിട്ടില്ലാത്ത ഏതൊരു പ്രശ്നത്തിലും പണ്ഡിത ചർച്ചയിലൂടെയും ഗവേഷണത്തിലൂടെയും എത്തിച്ചേരുന്ന മതവിധികളെയാണ് മുസ്‌ലിംകൾ അവലംബിക്കേണ്ടത്. ഇങ്ങനെ ഇസ്‌ലാംമതവും മതതത്വങ്ങളും അനുഷ്ഠാനങ്ങളും എന്നും സജീവ ചർച്ചയ്ക്കും പഠനങ്ങൾക്കും വിഷയീഭവിക്കുന്നത് മൂലം അതെന്നും ജീവസുറ്റതായി നിലനില്ക്കുന്നു.

ലാപ്‌ലാണ്ടുകാരൻ എങ്ങനെ നമസ്കരിക്കും, ശൂന്യാകാശയാത്രികൻ എങ്ങനെ നമസ്കരിക്കും എന്നൊക്കെ മനസ്സിലാക്കാൻ ആവശ്യമായ അടിസ്ഥാന വിവരങ്ങൾ ഖുർആനിലും ഹദീസിലുമുണ്ട്. ഖുർആൻ പറയുന്നത് കാണുക: "സൂര്യനെ ജ്വലിക്കുന്ന വെളിച്ചമായും ചന്ദ്രനെ പ്രകാശമായും ഉണ്ടാക്കിയവൻ അവനാണ്. വർഷങ്ങളുടെ എണ്ണവും കണക്കും നിങ്ങൾ അറിയുന്നതിനായി അതിന് ചില രാശികൾ (നിർണിത ഘട്ടങ്ങൾ) അവൻ കണക്കാക്കുകയും ചെയ്തു" (വി.ഖു. 10:5). മറ്റൊരു വചനം കാണുക: "നിശ്ചയമായും അല്ലാഹുവിന്റെ അടുക്കൽ മാസങ്ങളുടെ എണ്ണം 12 മാസമാകുന്നു. ആകാശ ഭൂമികളെ സൃഷ്ടിച്ച ദിവസം അല്ലാഹു രേഖപ്പെടുത്തിയതനുസരിച്ച്" (വി.ഖു. 9:36). മറ്റൊരു വചനത്തിൽ അല്ലാഹു ഇങ്ങനെ പറയുന്നു: "അവൻ നിന്നോട് മാസപ്പിറവികളെ പറ്റി ചോദിക്കുന്നു. പറയുക: അവ മനുഷ്യർക്കും ഹജ്ജിനുമുള്ള സമയ നിർണയങ്ങളാകുന്നു" (വി.ഖു. 2:189). ബന്ധപ്പെട്ട ഒരു പ്രവാചകവചനം കൂടി കാണുക: "ഇബ്നുഉമർ(റ) നിവേദനം: നബി(സ) അരുളി: തീർച്ചയായും നാം അക്ഷരജ്ഞാനമില്ലാത്ത ഒരു ജനതയാണ്. നമുക്ക് എഴുതാനും കണക്കുകൂട്ടാനും അറിയില്ല. മാസം ഇങ്ങനെയും അങ്ങനെയുമുണ്ടാവാം. അതായത് ചിലപ്പോൾ 29ഉം മറ്റു ചിലപ്പോൾ 30ഉം" (ബുഖാരി). ഇപ്രകാരം എല്ലാ കാലത്തേക്കും പ്രദേശത്തേക്കും കാലനിർണയത്തിനാവശ്യമായ അടിസ്ഥാന തത്വങ്ങൾ ഖുർആനിലും ഹദീസിലും വിവരിച്ചിട്ടുണ്ട്. ഇങ്ങനെ പ്രമാണങ്ങളും ദർശനവും നിരീക്ഷണവും മാത്രമല്ല, സ്വീകാര്യമായ കണക്കും അവലംബിച്ചുകൊണ്ട് പണ്ഡിതപടുക്കൾ നല്കുന്ന മതവിധികൾ പിന്തുടരുകയെന്നതാണ് ധ്രുവ വാസിയുടെയും ഗഗനചാരികളുടെയും കർത്തവ്യം. അവയിൽ തെറ്റ് വന്നുപോയാൽ പോലും അവന് പ്രതിഫലമുണ്ട് എന്നാണ് പ്രവാചകൻ പ്രസ്താവിച്ചിട്ടുള്ളത്. ദൈവദൂതൻ വരാനിരിക്കുന്നതൊക്കെ പ്രവചിക്കുന്ന വ്യക്തിയോ ഖുർആൻ അത്തരമൊരു പ്രവചന ഗ്രന്ഥമോ അല്ല എന്നും ഇതോട് ചേർത്ത് നാം മനസ്സിലാക്കുക.

## സുലൈമാൻ നബി(അ)യും സാബാരാജ്ഞിയും

സുലൈമാൻ നബി(അ)ക്ക് ചില അസാധാരണ കഴിവുകളും ജ്ഞാനവും നല്കിയതിനെപ്പറ്റി ഖുർആൻ അധ്യായം 27:15 മുതൽ 44 വരെ വചനങ്ങളിൽ പറയുന്നു. അതിപ്രകാരം സംഗ്രഹിക്കാം: "ദാവൂദിനും സുലൈമാനും നാം വിജ്ഞാനം നല്കുകയുണ്ടായി. മറ്റുള്ളവരെക്കാളും ശ്രേഷ്ഠത നല്കിയതിന് അവർ അല്ലാഹുവിനെ സ്തുതിച്ചു. സുലൈമാൻ നബി ദാവൂദിന്റെ അനന്തരാവകാശിയായി, അദ്ദേഹം പറഞ്ഞു: ജനങ്ങളേ, പക്ഷികളുടെ ഭാഷ നമുക്ക് പഠിപ്പിക്കപ്പെട്ടിരിക്കുന്നു. എല്ലാ കാര്യങ്ങളിൽ നിന്നും നമുക്ക് നല്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇതൊരു പ്രത്യക്ഷമായ അനുഗ്രഹമാകുന്നു. സുലൈമാനുവേണ്ടി ജിന്നിലും മനുഷ്യരിലും പക്ഷികളിലും പെട്ട തന്റെ സൈന്യങ്ങൾ ശേഖരിക്കപ്പെട്ടു. അങ്ങനെ അവർ ക്രമപ്രകാരം നിർത്തപ്പെട്ടു. അവർ ഉറുമ്പ് താഴ്‌വരയിലൂടെ ചെന്നപ്പോൾ ഒരു ഉറുമ്പ് പറഞ്ഞു: ഹേ, ഉറുമ്പുകളേ നിങ്ങൾ നിങ്ങളുടെ പാർപ്പിടങ്ങളിൽ പ്രവേശിച്ചുകൊള്ളുക. സുലൈമാനും സൈന്യങ്ങളും അവർ ഓർക്കാത്ത വിധത്തിൽ നിങ്ങളെ ചവിട്ടിത്തേച്ച് കളയാതിരിക്കട്ടെ. അപ്പോൾ അദ്ദേഹം പുഞ്ചിരിച്ചു. അല്ലാഹുവേ, എനിക്കും മാതാപിതാക്കൾക്കും നീ ചെയ്തുതന്ന അനുഗ്രഹത്തിന് നന്ദികാണിക്കാനും നീ തൃപ്തിപ്പെടുന്ന സൽകർമം ചെയ്യാനും എനിക്ക് നീ പ്രചോദനം നല്കണമേ എന്നും എന്നെ സദ്‌വൃത്തരിൽ പെടുത്തണമേ എന്നും പറഞ്ഞു. അദ്ദേഹം പക്ഷികളെ പരിശോധിച്ചു. എന്നിട്ടദ്ദേഹം പറഞ്ഞു: എന്തുപറ്റി? മരം കൊത്തിയെ കാണുന്നില്ലല്ലോ. അഥവാ അത് സ്ഥലം വിട്ടുപോയോ? വ്യക്തമായ കാരണം ബോധിപ്പിച്ചിട്ടില്ലെങ്കിൽ ഞാനതിനെ കഠിനമായി ശിക്ഷിക്കുകയോ അറുക്കുകയോ ചെയ്യും. എന്നാൽ അത് താമസിയാതെ എത്തിച്ചേർന്നു. എന്നിട്ട് പറഞ്ഞു: താങ്കൾ സൂക്ഷ്മമായി മനസ്സിലാക്കിയിട്ടില്ലാത്ത ഒരു കാര്യവുമായിട്ടാണ് ഞാൻ സബഇൽ നിന്ന് വരുന്നത്. ഒരു സ്ത്രീ അവിടെ ഭരിക്കുന്നതായി ഞാൻ കണ്ടു. അവൾക്ക് വൻ സൗകര്യങ്ങളും ഗംഭീര സിംഹാസനവുമുണ്ട്. അവരും അവരുടെ ജനതയും അല്ലാഹുവിന് പുറമെ സൂര്യന് പ്രണാമം ചെയ്യുന്നതായി ഞാൻ കണ്ടു. സൽപ്രവർത്തനങ്ങളിൽ നിന്നും പിശാച് അവരെ വഴിതെറ്റിക്കുന്നു. നീ സത്യം പറയുകയാണോ എന്ന് ഞാൻ പരിശോധിക്കാം. സുലൈമാൻ നബി പറഞ്ഞു. നീ എന്റെ എഴുത്തുകൊണ്ടുപോയി അവർക്ക് ഇട്ടുകൊടുത്ത ശേഷം മാറി നിന്ന് അവരുടെ മറുപടി കേൾക്കുക. സുലൈമാൻ നബിയുടെ എഴുത്ത് അവർ ചർച്ച ചെയ്യുന്നു. അഹങ്കാരം കാണിക്കാതെ കീഴടങ്ങി നിങ്ങൾ എന്റെയടുത്ത് വരിക എന്നായിരുന്നു അതിന്റെ ഉള്ളടക്കം. അവർ സുലൈമാൻ നബിക്ക് ഒരു പാരിതോഷികം കൊടുത്തയച്ചു പ്രതികരണം ആരായാൻ തീരുമാനിക്കുന്നു. ഇതുകണ്ട് സുലൈമാൻ നബി പറഞ്ഞു: നിങ്ങൾ എന്നെ സമ്പത്ത് തന്ന് സഹായിക്കുകയാണോ? നിങ്ങളുടേതിനെക്കാൾ ഏറ്റവും ഉത്തമമായത് എനിക്കല്ലാഹു നല്കിയിട്ടുണ്ട് എന്നും പറഞ്ഞു. നീ അവരുടെ അടുത്തേക്ക് മടങ്ങിച്ചെന്ന് അവർക്ക് നേരിടാൻ കഴിയാത്ത

സൈന്യങ്ങളെയും കൊണ്ട് നാം അങ്ങോട്ട് ചെല്ലുന്നതിനെക്കുറിച്ച് താക്കീത് നല്കുക. അവർ കീഴടങ്ങി എന്റെ മുമ്പിൽ വരുന്നതിന് മുമ്പായി നിങ്ങളിൽ ആരാണ് അവളുടെ സിംഹാസനം എനിക്കെത്തിക്കുക എന്ന് സുലൈമാൻ നബി(അ) ആരാഞ്ഞു: ജിന്നുകളിൽ ഒരു ശക്തൻ പറഞ്ഞു. അങ്ങ് സദസ്സിൽ നിന്നെഴുന്നേല്ക്കുന്നതിന് മുമ്പായി ഞാനത് എത്തിച്ചുതരാം. വേദത്തിൽ ജ്ഞാനമുള്ള ഒരാൾ പറഞ്ഞു: താങ്കളുടെ ദൃഷ്ടി താങ്കളിലേക്ക് മടങ്ങുന്നതിന് മുമ്പായി ഞാനത് എത്തിച്ചുതരാം. അങ്ങനെ അത് അദ്ദേഹത്തിന്റെ അടുക്കൽ എത്തിക്കപ്പെട്ടു. അതിന്റെ രൂപം മാറ്റാൻ സുലൈമാൻ നബി ആവശ്യപ്പെട്ടു. അവർ യാഥാർഥ്യം മനസ്സിലാക്കുമോ എന്നറിയാനായിരുന്നു ഇത്. അങ്ങനെ അവൾ വന്നപ്പോൾ ഇതെന്റെ സിംഹാസനം തന്നെയാണെന്ന് തോന്നുന്നു എന്ന് പ്രതികരിച്ചു. അല്ലാഹുവിന് പുറമെ അവർ ആരാധിച്ചിരുന്നതിൽ നിന്നു അദ്ദേഹം അവളെ തടയുകയും ചെയ്തു. സുലൈമാൻ നബിയുടെ സ്ഫടികക്കൊട്ടാരം കണ്ട് അതൊരു ജലാശയമാണെന്ന് അവർ തെറ്റിദ്ധരിച്ചു. തുടർന്ന് ഞാനിതാ സുലൈമാനോടൊപ്പം ലോകരക്ഷിതാവായ അല്ലാഹുവിന് കീഴ്പ്പെട്ടിരിക്കുന്നു എന്നവർ പ്രഖ്യാപിക്കുകയും ചെയ്തു." ഈ വചനങ്ങളിൽ ചിലത് ഉദ്ധരിച്ചശേഷം ഡോ. കാംപെൽ പറയുന്നു: "സംസാരിക്കുന്ന ഉറുമ്പുകളും പക്ഷികളും മല്ലൻമാരായ ജിന്നുകൾ കണ്ണടച്ചു തുറക്കുന്നതിന് മുമ്പ് സിംഹാസനം കൊണ്ടുവരുന്നതുമെല്ലാമുള്ള വിവരണത്തെ എന്താണ് നാം പറയുക. അവ ശരിയായ ചരിത്രമെന്ന നിലയിലാണല്ലോ ഖുർആൻ വിവരിച്ചത് എന്നാണല്ലോ. ഇവയെല്ലാം യഹൂദന്മാർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്നു." ഇവയെല്ലാം കല്പിത കഥകൾ എന്ന ഇനത്തിലാണദ്ദേഹം ഉൾപ്പെടുത്തുന്നത്. സുലൈമാൻ നബി(അ)യുടെ ചരിത്രം ഖുർആൻ വിവരിച്ചത് അല്ലാഹു അദ്ദേഹത്തിന് നല്കിയ അനുഗ്രഹങ്ങളും അമാനുഷിക സിദ്ധികളും അവയുടെ ഗുണപാഠങ്ങളും പഠിപ്പിക്കാൻ വേണ്ടിയാണ്. എല്ലാ പ്രവാചകന്മാർക്കും ചില അമാനുഷിക സിദ്ധികൾ (മുഅ്ജിസത്ത്) നല്കപ്പെട്ടതായി മുസ്ലിംകൾ എന്ന പോലെ മറ്റു മതക്കാരും വിശ്വസിച്ചുവരുന്നു. ജീസസ് ക്രൈസ്റ്റ് (ഇസാ നബി(അ)) മരിച്ചവരെ ജീവിപ്പിക്കുകയും പാണ്ഡുരോഗം സുഖപ്പെടുത്തുകയും ചെയ്തതായി ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതിനെ 'കല്പിതകഥകൾ' എന്ന് വിശേഷിപ്പിക്കാമോ? അവയും പ്രവാചകന്മാർ വഴി ദൈവം വെളിപ്പെടുത്തുന്ന അമാനുഷിക ദൃഷ്ടാന്തങ്ങളാണെന്നാണ് മുസ്ലിംകൾ വിശ്വസിക്കുന്നത്. അമാനുഷിക സിദ്ധികളൊന്നും അവരുടെ സ്വാഭാവിക കഴിവുകളിൽ പെട്ടതല്ല. മറിച്ച്, ദൈവം അവനുദ്ദേശിക്കുമ്പോൾ അവനിച്ഛിക്കുന്നവർക്കു നല്കുന്ന അപൂർവ സിദ്ധികൾ മാത്രമാണ്. ഇതിലും അത്ഭുതകരവും വിചിത്രവുമായ പല കാര്യങ്ങളും ബൈബിളിൽ വിവരിക്കപ്പെട്ടത് (Dialogue2000, ചിക്കാഗോ കാണുക) തികച്ചും യുക്തിരഹിതവും അശാസ്ത്രീയവുമായിട്ടും ക്രിസ്ത്യാനികൾ വിശ്വസിച്ചുവരുന്നുണ്ട്.



സുലൈമാൻ നബിയിലൂടെ ദൈവം വെളിപ്പെടുത്തിയ ചില അസാധാരണ സംഭവങ്ങളെ മറ്റൊരു തരത്തിൽ വ്യാഖ്യാനിക്കേണ്ടതില്ല. എന്നാൽ മേൽവചനങ്ങളിൽ വിവരിക്കപ്പെട്ട സബഅ് നഗരവും സബഇലെ സമൃദ്ധിയുമെല്ലാം ഡോ. ഹാൻസ് ഹെൽഫ്രിഡ്സ് എന്ന ജർമൻ പര്യവേക്ഷകൻ ഇന്നത്തെ യമൻ ഭാഗത്ത് കണ്ടെത്തിയിട്ടുള്ളതാണ്. സബഇന്റെ കഥകൾ മറ്റു വായ്മൊഴികളിൽ നിലനിന്നിട്ടുണ്ടാവാം. അവ ബൈബിളിൽ (Sheeba) വിവരിക്കപ്പെട്ടിട്ടുള്ളതുമാണല്ലോ. മറ്റ് ഐതിഹ്യങ്ങളിൽ നിന്ന് വ്യത്യസ്തമായി ഏകദൈവവിശ്വാസവുമായി ബന്ധപ്പെട്ടാണ് ഖുർആൻ ഇതിന്റെ യഥാർഥ രൂപം ചുരുങ്ങിയ വചനങ്ങളിൽ വിവരിച്ചിട്ടുള്ളത്. കേവല ചരിത്ര വിവരണമായിട്ടല്ല.

## സോളമന്റെ (സുലൈമാൻ നബി) മരണം

സുലൈമാൻ നബി(അ)യുടെ മരണവുമായി ബന്ധപ്പെട്ട് ഖുർആൻ പ്രസ്താവിക്കുന്നു: "അങ്ങനെ അദ്ദേഹത്തിന്റെ മേൽ നാം മരണം വിധിച്ചപ്പോൾ അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച് അദ്ദേഹത്തിന്റെ വടി തിന്നുകൊണ്ടിരുന്ന ചിതൽ ജീവിയല്ലാതെ അവർക്കറിവു നല്കുകയുണ്ടായില്ല. എന്നിട്ടദ്ദേഹം നിലം പതിച്ചപ്പോൾ ജിന്നുകൾക്ക് വ്യക്തമായി, തങ്ങൾ അദൃശ്യകാര്യം അറിയുമായിരുന്നുവെങ്കിൽ നിന്ദ്യമായ ഈ ദുരിതത്തിൽ കഴിഞ്ഞുകൂടേണ്ടി വരുമായിരുന്നില്ല" (വി.ഖു. 34:14). ഇവിടെ ഡോ. കാംപെൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾ കാണുക: "എന്തുകൊണ്ട് തന്റെ താങ്ങുവടിയിൽ ഊന്നി നിന്ന് മേൽനോട്ടക്കാരനെപ്പോലെ ജിന്നുകളെ കൊണ്ട് പണിയെടുപ്പിക്കുന്ന സർവാദരണീയനായ രാജാവ് മരിച്ച വിവരം ഭൃത്യരോ പട്ടാളക്കാരോ ഹുദ്ഹുദ് പക്ഷിയോ അറിഞ്ഞില്ല, താങ്ങുവടി പുഴു കരണ്ടുതിന്നു അദ്ദേഹത്തിന്റെ മൃതദേഹം തറയിൽ മെല്ലെ വീഴുന്നവതുവരെ?" അമാനി മൗലവി തന്റെ ഖുർആൻ വ്യാഖ്യാനഗ്രന്ഥത്തിൽ ഇത്തരം എല്ലാ ആരോപണങ്ങളെയും സമഗ്രമായി ഖണ്ഡിച്ചിട്ടുണ്ട്. "ഒന്നാമതായി ഒരു പ്രവാചകനും രാജാവും എന്ന നിലയ്ക്കുള്ള സുലൈമാൻ നബി(അ)യുടെ ദൈനംദിന ജീവിതചര്യകൾ വ്യക്തമാക്കപ്പെട്ടിട്ടില്ല. അദ്ദേഹം പ്രജകളിൽ നിന്നോ കൊട്ടാരത്തിൽ നിന്നോ മാറി ജിന്നുകളുമായി സമയം ചെലവഴിച്ചതെവിടെയെന്നോ എത്ര കാലമെന്നോ ഖുർആൻ വ്യക്തമാക്കിയിട്ടില്ല. അദ്ദേഹത്തിന്റെ കൊട്ടാരഘടനയോ രീതികളോ നമുക്കറിയില്ല. മരണശേഷം എത്രകാലം അദ്ദേഹം തന്റെ ഊന്നുവടിയിൽ താങ്ങി നിന്നു എന്നോ എപ്പോഴാണ് നിലം പതിച്ചത് എന്നോ ഖണ്ഡിതമായി വിശദീകരിക്കാവുന്ന തെളിവുകളുമില്ല. അതുകൊണ്ട് ഇക്കാര്യങ്ങളിലെന്തെങ്കിലും ഊഹിച്ചുപറയാവുന്നതല്ല.

ഭരണാധികാരിയെന്നതിലുപരി പ്രവാചകനും മഹാഭക്തനും ജ്ഞാ

നിയുമായ സുലൈമാൻ നബിയുടെ ഏതെങ്കിലും ദൗത്യങ്ങളോ യാത്രകളോ കൊട്ടാര വാസികൾക്കും പ്രജകൾക്കും അജ്ഞാതമാവുന്നതും അത്തരം സാഹചര്യത്തിൽ മരണം വന്നുചേരുന്നതും സംഭവ്യമാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ മരണവും ശേഷമുള്ള അസാധാരണ സംഭവങ്ങളും ഖുർആനിൽ വിവരിക്കപ്പെട്ടതിനെക്കുറിച്ച് യാതൊരു സന്ദേഹത്തിനും സ്ഥാനമില്ല. രണ്ടാമതായി മനുഷ്യർക്കറിയാത്ത പല അദൃശ്യകാര്യങ്ങളും (ഗൈബ്) തങ്ങൾക്കറിയാമെന്ന് നടിക്കുന്ന ജിന്നുകളെയാണ് അല്ലാഹു സുലൈമാൻ നബിക്ക് കീഴ്പ്പെടുത്തിക്കൊടുത്തത്. ജിന്നുകൾക്ക് സുലൈമാൻ നബി മരിച്ച വിവരം അറിയാതിരുന്നതും അവർക്കുള്ള വിഷമാവസ്ഥകളും ഖുർആൻ വിവരിച്ചതിൽ നിന്നും അവർക്ക് അദൃശ്യകാര്യങ്ങൾ അറിയാൻ കഴിയില്ല എന്ന് മാത്രമല്ല ജിന്നുകൾ നിരന്തരം ചെയ്തുകൊണ്ടിരിക്കുന്ന നിർമാണ ജോലികൾ സുലൈമാൻ നബിയുടെ മരണശേഷവും ഒരു നിശ്ചിത സമയം വരെ തുടർന്നുകൊണ്ടിരുന്നുവെന്നതും ശ്രദ്ധേയമാണ്" (അമാനി മൗലവിയുടെ ഖുർആൻ വ്യാഖ്യാനം 3-ാം ഭാഗം കാണുക)

## സൂര്യാസ്തമയവും ഇരുണ്ട ജലാശയവും

ഖുർആൻ പറയുന്നു: "അങ്ങനെ അദ്ദേഹം സൂര്യാസ്തമന സ്ഥലത്തെത്തിയപ്പോൾ അത് ഇരുണ്ട ചളിവെള്ളമുള്ള ഒരു ജലാശയത്തിൽ അസ്തമിക്കുന്നതായി കണ്ടു. അതിന്റെ അടുക്കൽ ഒരു ജനതയെയും അദ്ദേഹം കണ്ടു. ഒന്നുകിൽ നിനക്കവരെ ശിക്ഷിക്കാം, അല്ലെങ്കിൽ നിനക്കവരിൽ നന്മയുണ്ടാക്കും" (വി.ഖു. 18:85). ഈ വചനത്തെക്കുറിച്ചുള്ള ഡോ. കാംപെലിന്റെ ഒരു കമന്റ് കാണുക: "കറുത്ത ജലാശയത്തിൽ സൂര്യൻ അസ്തമിക്കുകയാണെങ്കിൽ അതോടെ ഭൂമി മുഴുവൻ ആവിയായിപ്പോകും."

ഖുർആൻ വ്യാഖ്യാനങ്ങളിൽ നിന്ന് മേൽ വചനത്തിന്റെ ആശയം മനസ്സിലാക്കാൻ നമുക്ക് ശ്രമിക്കാം. പ്രസ്തുത വചനത്തിൽ പരാമർശിക്കപ്പെട്ട ദുൽഖർനൈനി എന്ന വ്യക്തി അലക്സാണ്ടറാണെന്നും സൈറസ് ആണെന്നും വ്യത്യസ്താഭിപ്രായമുണ്ട്. അദ്ദേഹം ഖുർആനിൽ വിവരിക്കപ്പെട്ട ഒരു യാത്രയിൽ ഒരു പ്രദേശത്ത് എത്തിച്ചേരുന്നു. സമീപമുള്ള കടലിൽ സൂര്യൻ മറഞ്ഞുപോവുന്ന (അസ്തമയം) കാഴ്ചയാണിവിടെ ഖുർആൻ സൂചിപ്പിക്കുന്നത്. മധ്യധരണ്യാഴിയുടെയോ അറ്റ്ലാന്റിക്കിന്റെയോ കിഴക്കൻ തീരമാണീ സ്ഥലമെന്ന് വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. സ്ഥലത്തിന്റെയും പ്രദേശത്തെ കടലിന്റെയും പ്രത്യേകതകളും ഈ വാക്യത്തിൽ ഉൾക്കൊള്ളുന്നു. ദുൽഖർനൈനി അലക്സാണ്ടർ ചക്രവർത്തിയാണെന്ന് വ്യാഖ്യാനിച്ചവർ ഈ സ്ഥലം പടിഞ്ഞാറെ മാസിഡോണിയയിലെ Lychnitis (ഇന്നത്തെ Ochrida) ആണെന്ന് പ്രസ്താവിക്കുന്നുണ്ട്. ഇവിടെ പൂർണമായും ചുണ്ണാമ്പുകല്ല് പ്രദേശങ്ങളിലെ ഉറവ വഴി എത്തിച്ചേരുന്ന ജലപ്രവാഹം മൂലം കടൽ ജലം ഇരുണ്ടതായി കാണപ്പെടുന്നു എന്നും വിവരിക്കപ്പെട്ടിട്ടുണ്ട്. ഇനി ഈ പ്രദേശത്ത് കാണപ്പെട്ട മറ്റു വല്ല പ്രതിഭാസവുമാണോ ഇവിടെ വിവരിക്കപ്പെട്ടത് എന്നും വ്യക്തമല്ല. ചില കാലങ്ങളിൽ കടൽജലം ശുദ്ധനീലിമ നഷ്ടപ്പെട്ട് ചളി കലങ്ങിയതായി കാണപ്പെടുന്നതും സ്വാഭാവികമാണ്. ഏതായാലും ഇത്തരമൊരു കടൽ സാഹചര്യത്തിൽ ദർശിച്ച സൂര്യാസ്തമയത്തെക്കുറിച്ചാണ് ഖുർആൻ ഈ വചനത്തിൽ പ്രസ്താവിച്ചിട്ടുള്ളത്. അല്ലാതെ സൂര്യൻ അപ്പാടെ കടലിൽ വീഴുന്നേയെന്ന് ദുർവ്യാഖ്യാനിച്ചുകൊണ്ട് ഖുർആനിന്റെ അശാസ്ത്രീയത തെളിയിക്കാൻ ശ്രമിക്കുന്നത് സത്യസന്ധമാണോ?



## ഈസാനബിയുടെ മരണവും ഖുർആനും

ഈസാ നബി(അ)യുടെ മരണവുമായി ബന്ധപ്പെട്ടാണ് അദ്ദേഹത്തിന്റെ വിമർശനങ്ങൾ നോക്കൂ: "എന്തിനാണ് ദൈവം യേശുവിനെ രഹസ്യമായി ഉയർത്തി എടുത്തുകൊണ്ട് യഹൂദന്മാർ ജയിച്ചു എന്ന തോന്നൽ അവർക്കുണ്ടാക്കിക്കൊടുത്തതും സ്വയം കുതന്ത്രക്കാരൻ എന്ന് വിളിച്ചതും. അത് കാരണം യേശുവിന്റെ അടുത്ത അനുയായികൾ വഞ്ചിക്കപ്പെട്ടില്ലേ? സത്യസ്വരൂപനും മഹാനുമായ ദൈവം ഇങ്ങനെ ചെയ്യുമെന്ന് വിചാരിക്കാൻ പോലും കഴിയുമോ?" വിമർശന വിധേയമായ ഖുർആൻ വചനങ്ങൾ പരിശോധിക്കാം: "അവർ (സത്യനിഷേധികൾ) തന്ത്രം പ്രയോഗിച്ചു. അല്ലാഹുവും തന്ത്രം പ്രയോഗിച്ചു. അല്ലാഹു നന്നായി തന്ത്രം പ്രയോഗിക്കുന്നവനാകുന്നു." (വി.ഖു. 3:54)

"അല്ലാഹു പറഞ്ഞ സന്ദർഭം. ഹേ, ഈസാ, തീർച്ചയായും നിന്നെ ഞാൻ പൂർണമായും ഏറ്റെടുക്കുകയും എന്റെ അടുക്കലേക്ക് നിന്നെ ഉയർത്തുകയും സത്യനിഷേധികളിൽ നിന്ന് നിന്നെ നാം ശുദ്ധമാക്കുകയും നിന്നെ പിന്തുടരുന്നവരെ ഉയിർത്തെഴുന്നേല്പിന്റെ നാൾവരേക്കും സത്യനിഷേധികളെക്കാൾ ഉന്നതരാക്കുകയും ചെയ്യുന്നതാണ്. പിന്നെ എന്റെ അടുത്തേക്കാണ് നിങ്ങളുടെ മടക്കം. നിങ്ങൾ ഭിന്നിച്ചുകൊണ്ടിരിക്കുന്ന കാര്യത്തിൽ അപ്പോൾ ഞാൻ നിങ്ങൾക്കിടയിൽ തീർപ്പാക്കുന്നതാണ്" (വി.ഖു. 3:55). "അല്ലാഹുവിന്റെ ദൂതനായ മർയമിന്റെ മകൻ മസീഹ് ഈസായെ ഞങ്ങൾ കൊന്നിരിക്കുന്നുവെന്നവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു). വാസ്തവത്തിൽ അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല, ക്രൂശിച്ചിട്ടുമില്ല. പക്ഷേ യാഥാർഥ്യം അവർക്ക് തിരിച്ചറിയാതാവുകയാണുണ്ടായത്. തീർച്ചയായും അദ്ദേഹത്തിന്റെ കാര്യത്തിൽ ഭിന്നിച്ചവർ അതിനെപ്പറ്റി സംശയത്തിൽ തന്നെയാകുന്നു. ഊഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക് കാര്യത്തെപ്പറ്റി യാതൊരറിവുമില്ല. ഉറപ്പായും അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല." (വി.ഖു. 4:157)

ഖുർആന്റെ മേൽ വിവരണങ്ങളിൽ നിന്നപ്പുറമായി ഊഹാപോഹങ്ങൾ പിന്തുടരേണ്ട യാതൊരു കാര്യവും മുസ്ലിംകൾക്കില്ല. യഹൂ

ദന്മാർ തന്ത്രം പ്രയോഗിച്ചു എന്നും അല്ലാഹുവും തന്ത്രം പ്രയോഗിച്ചുവെന്നും ഖുർആൻ പറയുന്നു. 'മക്ർ' എന്ന അറബി പദത്തിന് തന്ത്രം, കുതന്ത്രം എന്നിങ്ങനെ അർഥങ്ങളുണ്ട്. അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം അവന്റെ പ്രവർത്തി ഉന്നതവും ഉദാത്തവുമായിരിക്കും. അവന്റെ തന്ത്രങ്ങളും അങ്ങനെ തന്നെ. അതുകൊണ്ട് ഇവിടെ കുതന്ത്രം എന്ന് പ്രതിലോമപരമായി വ്യാഖ്യാനിക്കാവതല്ല.

അടുത്തവചനത്തിൽ ഖുർആൻ ആ തന്ത്രത്തെക്കുറിച്ചാണ് പറയുന്നത്. നിന്നെ നാം പൂർണമായി പിടിച്ചെടുക്കുകയും എന്റെ അടുക്കലേക്ക് ഉയർത്തുകയും ചെയ്യുന്നതാണ് എന്നതാണിത്. വചനം 4:157ൽ അവർക്കദ്ദേഹത്തെ കൊല്ലാനോ ക്രൂശിക്കാനോ കഴിഞ്ഞില്ല എന്നും വ്യക്തമാക്കുന്നു. എന്തുകൊണ്ട് അദ്ദേഹത്തെ ശത്രുക്കളറിയാതെ ഉയർത്തിക്കളഞ്ഞു എന്നും അത് ഈസാനബിയുടെ അനുയായികളെ ബോധ്യപ്പെടുത്തിയിരുന്നൊ എന്നും ഖുർആനിൽ വ്യക്തമാക്കിയിട്ടില്ല. എന്നാൽ തങ്ങൾ തൂക്കിലേറ്റിയത് ഈസാ(അ) തന്നെയായിരുന്നോ എന്ന കാര്യത്തിൽ ശത്രുക്കളിൽ പിന്നീട് ഭിന്നിപ്പും സംശയവും ഉണ്ടായിരുന്നതായി ഖുർആൻ വ്യക്തമാക്കുന്നുണ്ട്. തീർച്ചയായും അദ്ദേഹത്തിന്റെ കാര്യത്തിൽ ഭിന്നിച്ചവർ അതിനെപ്പറ്റി സംശയത്തിലാണ്. അവർ ഊഹാപോഹത്തെയാണ് പിന്തുടരുന്നത് എന്നാണ് ഖുർആൻ വചനം 4:157ൽ വ്യക്തമാക്കിയിരിക്കുന്നത്.

ഇവിടെ ഈസാ നബിയുടെ അനുയായികൾ വഞ്ചിക്കപ്പെടുകയാണെന്നും ആരോപിക്കപ്പെട്ടിരിക്കുന്നു. "അദ്ദേഹത്തിൽ വിശ്വസിച്ച വിശ്വാസികൾക്ക് അന്ത്യനാൾ വരെ അവിശ്വാസികളെക്കാൾ ഉയർന്ന സ്ഥാനം നല്കും" എന്നാണ് അല്ലാഹു 3:55ൽ വിവരിച്ചിട്ടുള്ളത്. ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം ഇതാണവന്റെ വിജയവും സൗഭാഗ്യവും. ഈസാനബിയുടെ അനുയായികൾക്ക് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നത് ആത്യന്തിക വിജയമാണ്. കൂടാതെ ഈസാ (അ)യെ അല്ലാഹു ഉയർത്തിയതിന് അദ്ദേഹത്തിന്റെ അനുയായികളെ അറിയിക്കാതെ മറച്ചുവെച്ചു എന്ന് ഖുർആൻ പറയുന്നില്ല. അതിന്റെ വിശദാംശങ്ങളൊന്നും ഖുർആൻ വിവരിക്കുന്നില്ല എന്നുമാത്രം. ഈസാ നബിയെ ശത്രുക്കളറിയാതെ ഉയർത്തിയത് യഹൂദികൾ വിജയിച്ചതായുള്ളൊരു ധാരണ സൃഷ്ടിച്ചില്ലേ എന്നതാണ് മറ്റൊരു ചർച്ചാ വിശയം. ബൈബിൾ വിവരണങ്ങൾ പ്രകാരം ഈസാ നബിയെ പിടിച്ചു കൊണ്ടുവന്നവർ അദ്ദേഹത്തെ നേരിട്ടറിയുന്നവരായിരുന്നില്ല. രാത്രിയിൽ പന്തവുമായിട്ടാണദ്ദേഹത്തെ തെരഞ്ഞ് നടന്നത്. വിചാരണ സമയത്ത് യഹൂദികൾ മാത്രമാണുണ്ടായിരുന്നത്. അദ്ദേഹത്തോട് രൂപസാദൃശ്യമുള്ളവർ വേറെ ചിലരുണ്ടായിരുന്നു. അദ്ദേഹത്തെ ഒറ്റിക്കൊടുത്ത യൂദാ എന്ന ശിഷ്യനെക്കുറിച്ച് വ്യത്യസ്തമായ പമാർശങ്ങളാണുള്ളത്. ഇതിൽ നിന്നെല്ലാം മനസ്സിലാവുന്നത് യഹൂദികൾ വിജയിച്ചതായുള്ള ഉറപ്പൊന്നും അവർക്കും ഉണ്ടാവാൻ വഴിയില്ല എന്നാണ്. (അവർ ഭിന്നാഭിപ്രായക്കാരായ കാ[redacted] ഖുർആനും വിവരിക്കുന്നു). എന്നാൽ ഏറെ കാലത്തിനുശേഷം [redacted] ക്രൈസ്തവർ ഇതിന്റെ അടിസ്ഥാനത്തിൽ മെനഞ്ഞെടുത്ത ഒരു കഥയാണ് കുരിശുമരണം എന്ന കാര്യം ഇന്ന് ഏറെക്കുറെ വ്യക്തമാണ്.